# Farook Training College Innovative Academia (FTCIA)

# Online Collaborative Learning Project (OCLP)

## Pre-Edited Version of Study Materials.

(Chance for minor errors)

# Farook Training College Innovative Academia (FTCIA)

# **Online Collaborative Learning Project (OCLP)**

## **Project Team:**

**Project Head: Dr. T. Mohamed Saleem. Principal**
**Project Director: Dr. K. Vijayakumari. Associate Professor**

**Associate Directors:**
1. **Dr. G. Manoj Praveen. Associate Professor.**
2. **Dr. Niranjana. KP. Assistant Professor**

**Student Directors:**
1. **Sayooja. B.Ed Physical Science**
2. **Vibin. B.Ed Social Science**
3. **Basith. B.Ed SocialScience.**
4. **Mohammed Sadique. B.Ed Social Science.**
5. **Sreehari. B.Ed Malayalam**
6. **Rohit. B.Ed Natural Science.**
7. **Sreelakhsmi. B.Ed Malayalam**
8. **Athira. B Ed. English.**

# Unit 1

# Pedagogic analysis

## GROUP MEMBERS

Hafsina. T

Maneesha. P

Meghna K

Mohseena.CP

Mrudhula MM

Shamna. KP

Shemi.k

Sreehari. R

Ajay Lal M

## ബോധനോന്മുഖാപഗ്രഥനം

കുട്ടി എന്നർത്ഥം വരുന്ന pais,paides. വഴികാട്ടി എന്നർത്ഥം വരുന്ന agos എന്നീ വാക്കുകളിൽ നിന്നാണ് pedagogue എന്ന പദം ഉരുത്തിരിഞ്ഞത്. പെഡഗോഗി എന്ന വാക്കിന് അധ്യാപന ശാസ്ത്രം/ബോധന ശാസ്ത്രം എന്നാണർത്ഥം. പാഠ്യവസ്തുവിന്റെ അപഗ്രഥനം(content analysis) ബോധനോന്മുഖാപഗ്രഥനം(pedagogic analysis) ഇവ തമ്മിൽ വ്യത്യാസമുണ്ട്.ബോധനോന്മുഖാപഗ്രഥനം എന്നാൽ

പാഠ്യപദ്ധതിയുടെ സൂഷ്മാംശങ്ങളെ
അതിന്റെ സമഗ്രതയിലും
ആഴത്തിലുംപരപ്പിലും മനസിലാക്കി
അധ്യാപകന്റെ ഉൽക്കാഴ്ച്ചയോടെ
പുനർവ്യാഖ്യാനിക്കലാണ്. ഇത് ഫലപ്രദമായും,
കാര്യക്ഷമമമായും കുട്ടികളിലേക്ക് പ്രദാനം
ചെയ്യുന്നതാകുന്ന തന്ത്രങ്ങൾ കൂടി
ആവിഷ്കരിക്കുമ്പോഴാണ് പെഡഗോഗിക്ക്
അനലിസ് സാർത്ഥമാവുന്നത്.

# ബോധനോന്മുഖാപഗ്രഥനത്തിന്റെ ഉദ്ദേശ്യങ്ങൾ

1പാഠ്യവസ്തുവിനെ അർത്ഥപൂർണമായ ഘടകങ്ങളാക്കി വിഭജിക്കുക
2ഇവയിൽ ഓരോന്നിനേയും ഒരു ബോധനശാസ്ത്രജ്ഞന്റെ കണ്ണിലൂടെ യഥാർഥ പഠനത്തിന്റെ നിലയ്ക്ക് വ്യാഖ്യാനിക്കുക.
3 ഓരോ പഠനാംശത്തിന്റേയും ബോധനത്തിനും അനുയോജ്യമായ ഉദ്ദേശ്യങ്ങൾ നിർണയിക്കുക
4പഠിതാക്കളുടെ വികസന നിലവാരം നിർണയിച്ച് അതിനൊത്തു ഉദ്ദേശങ്ങളുടെ അർത്ഥവും നിർണയിക്കുക
5പാഠ്യവസ്തുവും അതിനനുസൃതമായ പഠനാനുഭവങ്ങളും യഥാവിധി സ്വീകരിക്കണമെന്നും ഉണ്ടായിരിക്കേണ്ട കഴിവുകളും

6 ഈ പൂർവ്വാവശ്യങ്ങൾ നിലവിലുണ്ടോ എന്നു കണ്ടെത്താൻ പറ്റിയ നിദാനനിർണയോപാധികൾക് രൂപം കൊടുക്കുക.

7 കാര്യക്ഷമമായ ബോധനം നിർവഹിക്കുന്നതിന് ആവശ്യമായി വരുന്ന പഠന വിഭവങ്ങൾ ഏവയെന്നും അവ എവിടെ നിന്നും എത്രത്തോളം ലഭിക്കാമെന്നും കണ്ടെത്തുക.

8 ഈ വിഭവങ്ങളെ ഏതതു പഠനപ്രക്രിയയിലൂടെ ഉദ്ദേശസാക്ഷാത്കാരത്തിനായി പ്രയോജനപ്പെടുത്താം എന്നും നിർണ്ണയിച്ച് പഠനപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.

9 പഠന പ്രക്രിയയിൽ അഭിമുഖീകരിക്കാൻ പ്രയാസങ്ങൾ മുൻകൂട്ടി കണ്ടറിഞ്ഞ് ആവശ്യാനുസരണം പരിഹാരതന്ത്രങ്ങൾ ആവിഷ്കരിക്കുക

10 നിപുണപഠനത്തിലേക്ക് (mastery learning)നയിക്കുന്ന വിധ അനുസ്യൂതവും സമഗ്രവുമായ മൂല്യനിർണ്ണയ തന്ത്രങ്ങൾ മുൻകൂട്ടി നിർണയിക്കുക

# ബോധനോന്മുഖാപഗ്രഥനത്തിന് പ്രയോജനങ്ങൾ

1 ഇത് അധ്യാപക വിദ്യാഭ്യാസ പരിപാടിയുടെ പാഠ്യപദ്ധതിയിലെ അവിഭാജ്യഘടകമാണ്
2 പാഠ്യവസ്തുക്കളിൽ ആഴത്തിലുള്ള ഉൾക്കാഴ്ച ലഭിക്കാൻ അത് അധ്യാപകനെ സഹായിക്കുന്നു
3 കുട്ടികളുടെ ആവശ്യങ്ങളും കഴിവുകളും കണ്ടറിഞ്ഞ് പാഠ്യ വസ്തുവിന്റെ പ്രത്യേകതകൾക്കനുസരിച്ച് ബോധനോദ്ദേശ്യങ്ങൾക്ക് രൂപം കൊടുക്കാൻ സഹായിക്കുന്നു
4 കാര്യക്ഷമമായ ബോധനത്തിന് ആവശ്യമായ മുഴുവൻ വിഭവസ്രോതസ്സുകൾ കണ്ടെത്തി ആ വിഭവങ്ങൾ സമാഹരിക്കാൻ അധ്യാപകൻ കഴിയുന്നു.

5 സാഹചര്യങ്ങൾ നേരത്തേ കണ്ടെത്തുക വഴി അനുസരണമായ പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്നു.

6 ബോധനപ്രധാന പ്രക്രിയയിൽ ഉണ്ടായേക്കാവുന്ന വൈഷമ്യങ്ങൾ മുൻകൂട്ടികണ്ട് അറിയാനും അത് തരണം ചെയ്യാൻ ആവശ്യമായ തയ്യാറെടുപ്പു നടത്താനും സഹായിക്കുന്നു.

7 അനുസ്യൂതമായ മൂല്യനിർണയത്തിന് ഫലപ്രദമായ ഉപാധികളും തന്ത്രങ്ങളും കണ്ടെത്താനും അതുവഴി നിദാനം നിർവഹിച്ചു പരിഹാരബോധനം നിർവഹിച്ചും ഉറപ്പുത്താൻ കഴിയുന്നു

# ബോധനോന്മുഖാപഗ്രഥനം എങ്ങിനെ

1പാഠ്യവസ്തുവിന്റെ  ശാസ്ത്രീയവും സമഗ്രവുമായ അപഗ്രഥനം

2 പ്രതികരണങ്ങളെ അടിസ്ഥാനമാക്കി പരിഹാര നിർണയം
3 ബോധന ഉദ്ദേശങ്ങളും അവയുടെ സ്പഷ്ടീകരണങ്ങളും മുൻകൂറായി തന്നെ തീരുമാനിച്ചിരിക്കണം
4 പുതിയ പാഠ്യവസ്തുതകൾ സ്വായത്തമാക്കാൻ ആവശ്യം വേണ്ട മുന്നറിവുകളും പഠനശേഷികളും എന്തൊക്കെയാണെന്ന് നിർണ്ണയിക്കണം
5 പഠനസഹായികൾ വിഭവങ്ങളുടെ ഒരു ലിസ്റ്റ്
6 പ്രവർത്തന പദ്ധതി തയ്യാറാക്കൽ ഉദാ: ഒരു പുതിയ ശൈലി പാഠഭാഗത്തു വന്നു എന്നിരിക്കട്ടെ കൊണ്ടുവന്നിട്ടുള്ള പത്രവാർത്തയിൽ ഈ ശൈലി പ്രയോഗിച്ചിട്ടുള്ള വാർത്താശകലം വായിച്ചു കേൾപ്പിക്കുക
7  ഗൃഹപാഠങ്ങൾ യോഗങ്ങൾ(assignment)എന്നിവ മുൻകൂട്ടി നിശ്ചയിക്കണം യൂണിറ്റ് പ്ലാൻ യൂണിറ്റ് ടെസ്റ്റ് എന്നിവയും രൂപപ്പെടുത്തണം

# പഠനനേട്ടങ്ങൾ

പാഠ്യപദ്ധതി രൂപീകരിക്കുമ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങൾ കൂടി കൈവരിക്കേണ്ട ലക്ഷണങ്ങളായി കണക്കാക്കുന്നവയാണ് പഠനനേട്ടങ്ങൾ. ഏതാനും പഠനപ്രവർത്തനങ്ങളുടെ ശ്രേണിയിലൂടെ ഓരോ യൂണിറ്റിലും നേടുന്ന പഠനനേട്ടങ്ങൾ വികസിച്ച് ഒരു ക്ലസ്സിന്റെ ഒടുവിൽ നേടുന്ന പഠനനേട്ടങ്ങളായി മാറുന്നു.

പഠനനേട്ടങ്ങളുടെ പ്രത്യേക അവ നിരീക്ഷണ വിധേയവും അളക്കാൻ കഴിയുന്നതുമാണ്

പഠനനേട്ടങ്ങളുടെ വിശകലനത്തിലൂടെ ഓരോ യൂണിറ്റിനും ക്ലാസ്സിനും ഘട്ടത്തിനും ഒടുവിൽ കൂടിനേടേണ്ട അറിവ്, ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ നേടിയിട്ടുണ്ടോ എന്ന് വിലയിരുത്താൻ സാധിക്കും

# പാഠ്യവസ്തുവിന്റെ അപഗ്രഥനം

ഒരു ഏകകത്തിൽ അനേകം ഉപവിഭാഗങ്ങൾ ഉണ്ടാകും. ഓരോ ഉപവിഭാഗത്തിലും അനേകം പാഠ്യവസ്തുക്കൾ ഉണ്ടാകും. സംജ്ഞകൾ(terms), വസ്തുതകൾ(facts), ആശയങ്ങൾ(concept), തത്വങ്ങൾ(principles), പ്രക്രിയകൾ (process) തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെട്ടതാണ് ഒരു പാഠ്യവസ്തു. ഏകകത്തെ നല്ലപോലെ വിശകലനം ചെയ്ത് പാഠ്യവസ്തുക്കളെ കണ്ടുപിടിക്കുകയാണ്

# 2 Mark Questions & Answer key words

മനശാസ്ത്രം പെഡഗോഗിയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

# 4 Mark Short Essays & Value Points

ബോധനോന്മുഖ അപഗ്രഥനം എന്നാലെന്ത്. അതിന്റെ പ്രാധാന്യമെന്ത്?

# 10 Mark Essays & Value Points

# Unit 2

# Modern  Theories of teaching

# GROUP MEMBERS

Hafsina. T

Maneesha. P

Meghna K

Mohseena.CP

Mrudhula MM

Shamna. KP

Shemi.k

Sreehari. R

Ajay Lal M

# ജ്ഞാന നിർമ്മിതി വാദം

മനുഷ്യൻ തന്റെ അനുഭവങ്ങളിലൂടെയും, ആശയങ്ങളിലൂടെയും സ്വാഭാവികമായി അറിവ് നിർമ്മിക്കുമെന്ന ഒരു മനശ്ശാസ്ത്രതത്ത്വമാണ് ജ്ഞാന നിർമ്മിതി വാദം. മനശാസ്ത്രം ,സാമൂഹ്യ ശാസ്ത്രം, വിദ്യാഭ്യാസം, ശാസ്ത്രത്തിന്റെ ചരിത്രം തുടങ്ങിയ വ്യവസ്ഥിതികൾ ഇതിനെ സ്വാധീനിച്ചിട്ടുണ്ട്. സ്വിറ്റ്സർലാന്റുകാരനാജീൻപിയാഷെ ജ്ഞാന നിർമ്മിതി വാദത്തിന്റെ പിതാവായി അറിയപ്പെടുന്നു .ചേഷ്ടാവാദത്തിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തിൽ നിന്നും ജ്ഞാനസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയ വിദ്യാഭ്യാസത്തിലേക്കുള്ള ഒരു ചുവടുമാറ്റമാണ് ജ്ഞാന നിർമ്മിതി വാദം’

’

ചേഷ്ടാ വാദം ബുദ്ധി, ഉദ്ദേശ്യങ്ങളുടെ വ്യത്യസ്തതലങ്ങൾ, അറിവിന്റെ തലങ്ങൾ, പ്രബലനം എന്നിവയ്ക്ക് പ്രാധാന്യം നൽകുമ്പോൾ ചുറ്റുപാടു കളുമായുള്ള ഇടപഴകലിലൂടെ പഠിതാക്കൾ സ്വയം അറിവ് നിർമ്മിക്കുക യാണ് എന്ന അഭിപ്രായമാണ് ജ്ഞാന നിർമ്മിതി വാദത്തിനുള്ളത് . അറിവ് എന്നത് നിർമ്മിത സത്തയാണെന്നും പഠനത്തിലൂടെ ഒരോരുത്തരും അറിവ് സൃഷ്ടിക്കുകയാണെന്നും ഈ സിദ്ധാന്തം വാദിക്കുന്നു.

ജ്ഞാനപരമായ 4 പ്രധാന സങ്കല്പങ്ങളാണ് ജ്ഞാന നിർമ്മിതി വാദത്തിന്റെ അടിസ്ഥാനം

1) പഠിതാക്കൾ സജീവമായ പഠന പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടാണ് ഭൗതികമായി അറിവ് നിർമ്മിക്കുന്നത്.

2) പഠിതാക്കൾ, പ്രവർത്തിയെക്കുറിച്ചുള്ള അവരുടേതായ ചിത്രീകരണങ്ങൾ നടത്തുക വഴിയാണ് ബിംബാത്മകമായി അറിവ് നിർമ്മിക്കുന്നത്.

3) പഠിതാക്കൾ തങ്ങളുടെ അർത്ഥതലം, മറ്റുള്ളവരിലേക്ക് പകരുമ്പോഴാണ് അറിവിന്റെ സാമൂഹിക മായ നിർമ്മാണം നടക്കുന്നത്.

4) പഠിതാക്കൾ അവർക്ക് പൂർണ്ണമായി അറിയാത്ത കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുമ്പോഴാണ് അറിവ് സൈദ്ധാന്തികമായി നിർമ്മിക്കപ്പെടുന്നത്.

## **സവിശേഷതകൾ**

1) പഠിതാവിനെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം.
2) പ്രക്രിയാധിഷ്ഠിത പാഠ്യ പദ്ധതി.
3) ഉൾപ്രേരണ പഠനത്തിലേക്ക് നയിക്കുന്നു.
4) പഠനം എന്നത് അനുരൂപികരണ പ്രക്രിയയാണ്.
5) പഠനം അറിവിന്റെ നിർമ്മാണമാണ്

# സാമൂഹ്യ ജ്ഞാന നിർമ്മിതി വാദം - വൈഗോട്സ്കി

വൈഗോട്സ്കിയുടെ ജ്ഞാന നിർമ്മിതി വാദം വിദ്യാഭ്യാസ മനശാസ്ത്രത്തിന്റെ വളർച്ചയിലെ പ്രധാന നാഴികക്കല്ലാണ്. അദ്ദേഹത്തിൻറെ അഭിപ്രായത്തിൽ മനുഷ്യരുടെ എല്ലാ ബുദ്ധിപര പ്രവർത്തനങ്ങളും രൂപപ്പെട്ടുവരുന്നതും വികസിക്കുന്നതും അവരുടെ സാമൂഹ്യ ചരിത്ര വികാസത്തിന് അടിസ്ഥാന ത്തിലാണ്. ബുദ്ധിപരമായ നൈപുണികളും, ചിന്താതലങ്ങളും മനുഷ്യരിൽ ആദ്യമേ സ്വയം ഉണ്ടാകുന്നതല്ല, മറിച്ച് സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും സംസ്കാരത്തിൽ നിന്നും ഉടലെടുക്കുന്ന ഉൽപ്പന്നങ്ങളാണ് . കുട്ടിയുടെ ചിന്തയ്ക്ക് ഉപോൽബലക  മായിത്തീരുന്നത് അവൻ ജീവിക്കുന്ന സമൂഹത്തി ന്റെ ചരിത്രം മാത്രമല്ല അവന്റെ വ്യക്തിപരമായ ചരിത്രം കൂടിയാണ്.

# ഭാഷ

വൈജ്ഞാനിക വികാസത്തിന്റെ ഈ ഘട്ടത്തിൽ സംസാരിക്കാനും ചിന്തിക്കാനും കുട്ടിയെ പ്രേരിപ്പിക്കുന്ന ഒരു നിർണായക ഉപകരണ മാണ് ഭാഷ.ഭാഷയുടേയും ചിന്തയുടേയും പരസ്പര ബന്ധം മനസ്സിലാക്കിയാൽ മാത്രമേ ബുദ്ധിവികാസത്തെ മനസ്സിലാക്കാൻ കഴിയൂ. കുട്ടി നേടിയ അറിവിന്റെ വെറും പ്രകടനമല്ല ഭാഷ മറിച്ച് ചിന്തയും ഭാഷണവും തമ്മിലുള്ള അടിസ്ഥാനപരമായ വിനിമയത്തിന്റെ സൃഷ്ടികൂടിയാണ് . ജനിച്ചതു മുതൽ അവൻ ഇടപഴകുന്ന സാമൂഹിക സാഹചര്യങ്ങൾ ഭാഷാവികസനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു.

# സമീപസ്ഥവികസനമണ്ഡലം

വൈഗോട്സ്കിയുടെ സിദ്ധാന്തത്തിന്റെ അടിസ്ഥാന പ്രമാണമാണ് സമീപസ്ഥ വികസന മണ്ഡലം(zone of Proximal Development - ZPD). കുട്ടിയ്ക്ക് സ്വന്തം കഴിവുപയോഗിച്ച് എത്താവുന്ന യഥാർത്ഥവികസന തലവും മറ്റുള്ളവരുടെ സഹായത്തോടെ എത്താവുന്ന തലമായ വികസനശേഷിതലവും തമ്മിലുള്ള വ്യത്യാസമാണ് സമീപസ്ഥ വികസന മണ്ഡലം. മറ്റുള്ളവരുടെ സഹായത്തോടെ കുട്ടി ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഫലം തന്നെയാണ് സമീപസ്ഥവികസന മണ്ഡലം എന്നത്. കുട്ടിയെ അവന് എത്തിച്ചേരാവുന്ന ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുന്നതുവരെ അധ്യാപകൻ്റെ സഹായം ആവശ്യമായി വരും. തനിയെ നിന്ന് പ്രവർത്തിക്കാൻ സജ്ജമാകുന്നതുവരെ അധ്യാപകൻ്റെ കൈത്താങ്ങ് കുട്ടിയ്ക്ക് ആവശ്യമാണ്.കുട്ടിയെ സഹായിക്കുന്ന ഈ പ്രവർത്തിക്ക് വൈഗോട്സ്കി സ്കാഫോൾഡിങ് അല്ലെങ്കിൽ കൈത്താങ്ങ് എന്ന് പറയുന്നത്.

വിദ്യാഭ്യാസരംഗത്ത് ധാരാളം സാധ്യതകളുള്ളതാണ് വൈഗോട്സ്കിയുടെ സമീപസ്ഥ വികസന മണ്ഡലം. പ്രത്യേക സാമൂഹ്യസ്ഥിതിയിലൂടെയുള്ള പ്രവർത്തനത്തിന്റെയും ഇടപെടലുകളുടേയും ഫലമാണ് പഠനം എന്നതാണ് ഈ സിദ്ധാന്തത്തിന്റെ ഒരു സവിശേഷത.ചുറ്റുപാടുമുള്ള ജനങ്ങളുമായും, പ്രകൃതിയുമായും സമസമൂഹവുമായുള്ള ഇടപെടലിന്റെ പ്രവർത്തന ഫലമായുണ്ടാകുന്ന വ്യത്യസ്തതരത്തിലുള്ള ആന്തരിക വികാസമാണ് പഠനമെന്നതാണ് വൈഗോട്സ്കിയുടെ അഭിപ്രായം.

# ജ്ഞാനവികസിത സിദ്ധാന്തം     ജീൻ പിയാഷെ

കുട്ടികളുടെ വികാസ കാലഘട്ടങ്ങളെക്കുറിച്ച് പഠിച്ചതുകൊണ്ടും, സിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയതുകൊണ്ടും ഒരു വികാസ കാലഘട്ട മനഃശാസ്ത്രജ്ഞനായി അറിയപ്പെട്ട വ്യക്തിയാണ് പിയാഷെ. അദ്ദേഹം ബുദ്ധിവികാസത്തിന്റെ ഘട്ടങ്ങളെത്തിരിച്ചറിയുകയും, വേർതിരിക്കു കയും ചെയ്തു.കുട്ടിയിൽ മുൻപ് ഇല്ലാത്ത തരം കഴിവുകൾ നേടുക എന്നതാണ് മാനസിക വികസനം എന്നതാണ് പിയാ ഷെയുടെ അഭിപ്രായം.ബുദ്ധിവികാസം സംഭവിക്കുന്നത് അളവിന്റെ അടിസ്ഥാനത്തിലല്ല എന്നും അതിന്റെ ഗുണത്തിന്റെ അടിസ്ഥാനത്തിൽ ആണെന്നും അദ്ദേഹം പറയുന്നു .

# അടിസ്ഥാനസങ്കല്പങ്ങൾ

## സ്കീമ

വിജ്ഞാനഘടനയുടെ അടിസ്ഥാന ആശയത്തെയാണ് പിയാഷെ സകീമ എന്ന് പറയുന്നത്. അറിവിൻറെ സൂക്ഷ്മരൂപമാണത്. ആവർത്തിക്കപ്പെടാവുന്ന ആവർത്തിക്കുന്ന സൂക്ഷ്മമായ ചേഷ്ടകളാണിവ. അനുഭവങ്ങളിൽ നിന്നുണ്ടാകുന്ന മാനസികബിംബമോ, ബൌദ്ധികാനുഭൂതിയോ ആണ് സ്കീമ. ഒരു പുതിയ സ്കീമ കുട്ടിയിൽ ഉണ്ടായി എന്നാൽ ബുദ്ധിപരമായ വികസനം നടക്കുന്നു എന്നാണർത്ഥം. കുട്ടി വളരുമ്പോൾ ഭൗതികവും സാമൂഹികവുമായ പരിസ്ഥിതികളുമായി പ്രതിപ്രവർത്തിക്കുമ്പോൾ പുതിയ അറിവിൻറെ കണികകൾ ഉണ്ടാവും.

## ധർമ്മപരസ്ഥിരത

ബുദ്ധിപരമായി വ്യക്തി വികാസം പ്രാപിക്കുമ്പോൾ ഈ വികസന പ്രക്രിയയെ സഹായിക്കുന്ന സുപ്രധാനമായ ചില വികാസ പ്രവർത്തങ്ങളുണ്ട്.വ്യക്തിയുടെ വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലുംഈ വികാസ പ്രവർത്തികൾ യാതൊരു മാറ്റവും കൂടാതെ നിൽക്കും.

സമായോജനം- (Adaptation)

പുതിയ അനുഭവങ്ങളെ പരിചിത സ്കീമകളുടെ വെളിച്ചത്തിൽ പരിചയപ്പെട്ട് അത് വൈജ്ഞാനികഘടനയുടെ ഭാഗമാക്കിമാറ്റാൻ കുട്ടി ശ്രമിക്കുന്നു. ഒരു ബൌദ്ധികഘടന രൂപപ്പെടുന്നതിലേക്ക് നയിക്കുന്ന മനോവ്യാപാരമാണ് ഇവിടെ സംഭവിക്കുന്നത്.

## സ്വാംശീകരണം. (Assimilation)

ഒരു വ്യക്തിതന്നിൽനിലവിലുള്ള സ്കീമകളുടെ സഹായത്തോടെ പുതിയ സ്കീമകൾ നേടുന്നതാണ് സ്വാംശീകരണം

സംസ്ഥാപനം - (**Accomodation)**

നിലവിലുള്ള സ്കീമകളുടെ സഹായത്തോടെ സ്വാംശീകരിക്കുന്ന പുതിയ അനുഭവങ്ങൾ പുതിയ സ്കീമകൾ ആവുകയും നിലവിലുള്ള വൈജ്ഞാനിക ഘടനയിൽ യഥാസ്ഥാനം പ്രതിഷ്ഠിതമാവുകയും ചെയ്യുന്നു

സന്തുലനം- **(Equilibration)**

പുതിയ സ്കീമകൾ വൈജ്ഞാനിക ഘടനയുടെ ഭാഗമാകുമ്പോൾ ബൌദ്ധികമായ അസ്വാസ്ഥ്യം മാനസികഘടനയിൽ ഉണ്ടാകും. ഈ അസ്വാസ്ഥ്യം മാറി സന്തുലനാവസ്ഥ വീണ്ടെടുക്കാൻ വ്യക്തിശ്രമിക്കും.

അദ്ദേഹത്തിന്റെ വികസന സിദ്ധാന്തം ഘട്ട സിദ്ധാന്തം എന്നറിയപ്പെടുന്നു. വ്യക്തി പല ഘട്ടങ്ങളിലൂടെ കടന്നു പോവുന്നതിനെ സ്വാധീനിക്കന്ന നാല് ഘടകങ്ങളെ കുറിച്ച് അദ്ദേഹം പറയുന്നു.

* പരിപക്വനം-  കേന്ദ്ര നാഡീവ്യൂഹം, മസ്തിഷ്കം, ചലനനിയന്ത്രണം എന്നിവയിൽ വരുന്ന പരിപക്വനം വൈജ്ഞാനിക വികസനത്ത സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

* ഭൗതിക അനുഭവങ്ങൾ- കുട്ടിയും ഭൗതികപരിസരവുമായുള്ള പാരസ്പര്യ ഇടപെടലുകൾ വൈജ്ഞാനികവികസനത്തെ ത്വരിതപ്പെടുത്തുന്നു

*സാമൂഹ്യ പ്രേക്ഷണം.- ഭാഷയുടെ സ്വാധീനം, അദ്ധ്യയനം വായന മറ്റു വ്യക്തികളുമായുള്ള ഇടപെടൽ ഒക്കെ കുട്ടിയുടെ വൈജ്ഞാനിക വികസനത്തെ സ്വാധീനിക്കുന്നു.

* സ്വയംനിയന്ത്രണം- അസന്തുലിതാവസ്ഥകളിൽ ബുദ്ധിപരമായ സന്തുലിതാവസ്ഥയിലെത്താനുള്ള കുട്ടിയുടെ കഴിവിനെയാണ് സ്വയം നിയന്ത്രണം എന്നു പറയുന്നത്.

## ഘട്ടങ്ങൾ

*** ഇന്ദ്രിയശ്ചാലക ഘട്ടം- 0-2**

വസ്തുക്കളുടെ സ്ഥിരതയെക്കുറിച്ച് കുട്ടിക്ക് ഒന്നുമറിയില്ല. ജനനം. മരണം, സമയം, സ്ഥലം, എന്നീ ആശയങ്ങളൊന്നും കുട്ടിക്ക് മനസ്സിലാവില്ല എല്ലാം തന്നെ ചുറ്റിപറ്റിയാണെന്ന അഹംകേന്ദ്രീകൃത ചിന്തയിലാണ് കുട്ടി ഈ ഘട്ടത്തിൽ.

*** മനോ വ്യാപാര ഘട്ടം-2-7**

പ്രതീകങ്ങൾ ഉപയോഗിച്ച് കുട്ടി പരിസരത്തെ മനസിലാക്കാൻ ശ്രമിക്കുന്നു. പന്ത് എന്ന വാക്കു കൊണ്ട് ശരിയായ പന്ത് എന്നവസ്തുവിനെ കുട്ടി മനസിലാക്കാൻ തുടങ്ങും. വർഗ്ഗീകരണബുദ്ധിയും, ആശയരൂപീകരണ സിദ്ധധിയും ഇല്ല. പൂർവ്വാശയങ്ങളാണ് കുട്ടിയിൽ രൂപീകൃതമാകുന്നത്. ഇതിനെ 2 ഉപഘട്ടങ്ങളായി തിരിച്ചിരിക്കുന്നു

പൂർവ്വാശയഘട്ടം - (2 - 4) -കുട്ടി പേരുപയോഗിച്ച് വസ്തുക്കളുടെ വർഗീകരണത്തിന് ശ്രമിക്കുന്നു. ഭാവനാസമൃദ്ധമാണ് ചിന്ത. യാഥാർത്ഥ്യബന്ധം ഇല്ല. അഹംകേന്ദ്രീകൃത മാണ്. പാവയ്ക്ക് പാലു കൊടുക്കുന്നതും പാട്ടു പാടി ഉറക്കുന്നതും. ഉദാഹരണം.

ബോധോദയ ഘട്ടം- (4-7) - ഇവിടെ ആണ് ആശയരൂപീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നത്. യുക്തിക്കു പകരം ബോധത്തിലാണ് ചിന്ത നടക്കുന്നത്.

**രൂപാത്മക മനോവ്യാപാര ഘട്ടം( മൂർത്തമനോവ്യാപാരഘട്ടം) 7-11**

യുക്തിചിന്തയ്ക്ക് സിദ്ധിലഭിക്കുന്നു. മനോവ്യാപാരങ്ങളുടെ പ്രകടനം ഈ ഘട്ടത്തിലാണ്. അമൂർത്തവസ്തുക്കളെക്കുറിച്ചുള്ള ചിന്ത സാധ്യമല്ല. മൂർത്തമായ ഇന്ദ്രിയബോധത്തിൽ നിന്നും ആശയരൂപീകരണത്തിലേക്ക് കൂടുതൽ അടുക്കുന്നു. അളവുതൂക്കങ്ങളെക്കുറിച്ചുള്ള ധാരണ ഉടലെടുക്കുന്നു.

*.

## ഔപചാരിക മനോവ്യാപാര ഘട്ടം - 11 വയസിനു ശേഷം

**അമൂർത്ത ചിന്തനം-** അമൂർത്ത ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള ചിന്തകുട്ടിയിൽ ഉണ്ടാവുന്നു

**പരികല്പനാനുമാനാത്മകത -** ഒരു പ്രശ്നപരിഹരണവുമായി ബന്ധപ്പെട്ട് അനേകം അനുമാനങ്ങൾ കുട്ടിയുണ്ടാക്കുന്നു .

**പ്രസ്താവനാത്മക ചിന്ത -** ഒരു പ്രസ്താവനയിൽ വസ്തുക്കളെ തിരിച്ചറിയാൻ സാധിക്കുന്നു.

**ഏകോപനാത്മക ചിന്ത** - പ്രശ്ന പരിഹരണത്തിനായി പ്രത്യേക ഘടകങ്ങളെ വേർതിരിക്കുവാൻ മത്രമല്ല സാദ്ധ്യമായ എല്ലാ ഘടക സംയുക്തങ്ങളും പരീക്ഷിക്കുവാൻ തയ്യാറാവുന്നു

# പിയാ ഷെ യുടെ സിദ്ധാന്തം: പ്രയോഗ സൂചനകൾ

പാഠ്യപദ്ധതിയുടെ രൂപീകരണത്തിലും പാഠ്യവസ്തുക്കളുടെ ക്രമപ്പെടുത്തലിലുമാണ് ഈ സിദ്ധാന്തത്തിന്റെ പ്രയോഗം. ഭാഷാ പംനവുമായി ബന്ധപ്പെട്ട് കുട്ടിയുടെ വികാസം പ്രാപിക്കുന്ന ചിന്തകൾക്കാണ് അദ്ധ്യാപകർ ഊന്നൽ നൽകേണ്ടത്. ഓരോ കുട്ടിയുടെയും പഠനവും വികസനവുമായി ബന്ധപ്പെട്ട ഏറ്റവും ഉച്ഛ്സ്ഥായിയായ സാഹചര്യങ്ങളുടെ അപഗ്രഥനവും പഠന പ്രവർത്തങ്ങളുടെ സൂചനകളുമാണ് ക്ലാസ് മുറികളിൽ ഈ സിദ്ധാന്തത്തിന്റെ കാതൽ.കുട്ടിയുടെ വൈജ്ഞാനിക വികസനത്തിൽ ഭൗതികവും സാമൂഹികവു മാ യ അനുഭവങ്ങളുടെ സ്വാധീനം മൂലം പിയാ ഷെ അധ്യാപകരുടെയും, മാതാപിതാക്കളുടെയും, പങ്കിനെ ഉയർത്തി പിടിക്കുന്നു. ഭാഷാ ബോധനത്തിൽ കുട്ടിക്ക് അറിവ് പറഞ്ഞു കൊടുക്കുന്നതിനു പകരം കുട്ടി തന്നെ അറിവുകൾ കണ്ടെത്തണം എന്നാണ് പിയാ ഷെപറയുന്നത്. ഓരോ വികസന ഘട്ടത്തിലെയും മാനസിക പ്രത്യേകതകൾക്കനുസരിച്ചുള്ള ഒരു പാഠ്യപദ്ധതിയാണ് ഭാഷാ പഠനത്തിൽ ഈ സിദ്ധാന്തം ആവശ്യപ്പെടുന്നത്.

## പോരായ്മകൾ

* അന്വേഷണങ്ങൾക്ക് ഒരു ശാസ്ത്രീയ സമീപനം ഉപയോഗിക്കുന്നതിനു പകരം നിരീക്ഷണ രീതിയാണ് അവലംബിച്ചത്.

* നിരീക്ഷണത്തിന് ഉപയോഗിച്ച വിദ്യാർത്ഥികൾ ബന്ധുക്കളോ അയൽവാസികളോ ആയിരുന്നു. ഇവരുടെ ശരിയായ പ്രായം, എണ്ണം, സ്വഭാവം ഒന്നും അദ്ദേഹം പറയുന്നില്ല.

നാലു വികസന ഘട്ടങ്ങളും വൈജ്ഞാനിക തുടർച്ച കാണിക്കുന്നില്ല. പകരം ഈ സിദ്ധാന്തപ്രകാരംവൈജ്ഞാനിക വികസനം ഓരോ ഘട്ടങ്ങളായുള്ള പ്രവർത്തനമാണ്.

* ഔപചാരിക മനോവ്യാപാര ഘട്ടത്തിനു ശേഷം ഈ സിദ്ധാന്തം വൈജ്ഞാനിക വികസനത്തെക്കുറിച്ച് പറയുന്നില്ല. കുട്ടിയുടെ വൈകാരികാവസ്ഥകളെ ബുദ്ധിവികാസവുമായി ബന്ധപ്പെടുത്തുന്നുമില്ല.

***ബ്രൂണർ- 1977**

പഠനംആശയപരമായിരിക്കണം. ക്ലാസ് മുറികളിൽ ആശയ സമ്പാദന പ്രക്രീയയ്ക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്.. ബുദ്ധിയുടെ വികാസ ഘട്ടങ്ങളെ ക്കുറിച്ച് വിശദീകരിക്കുന്നതിനു പകരം കുട്ടി എങ്ങനെ ചുറ്റുപാടുകളെയും അറിവിനെയും സ്വാധീനിക്കുന്നു എന്നതിലായിരുന്ന കൂടുതൽ ശ്രദ്ധ. കുട്ടിയുടെ ചിന്താ നൈപുണികളും അന്വേഷണ നൈപുണി കളുമാണ് അദ്ദേഹത്തെ സ്വാധീനിച്ചത്.

ആർജ്ജിതജ്ഞാനത്തിൻറെ അടിത്തറയിൽ പുതിയ ആശയങ്ങളും, ധാരണ കളും പഠിതാവ് സ്വയം രൂപപ്പെടുത്തുന്നു. വിവരങ്ങൾ ശേഖരിക്കുന്നതിനും, പരികല്പനകൾ രൂപീകരിക്കുന്നതിനും, തൻറെ പൂർവധാരണകളുമായി ബന്ധപ്പടുത്തി പുതിയ നിഗമനങ്ങളിലെത്തുന്നതിനും കുട്ടിക്ക് കഴിവുണ്ട്. വിവരങ്ങൾ വർഗ്ഗീകരിച്ച് മനസ്സിലാക്കാനുള്ള ശ്രമമാണ് ഒരോരുത്തരിലും നടക്കുന്നത്.

പഠനം സജീവമായ ഒരു സാമൂഹിക പ്രക്രിയയാണെന്ന വിഗോട്സ്കി യൻ നിലപാടു തന്നെയാണ് ബ്രൂണർക്കും ഉള്ളത്. വസ്തുക്കളായാലും സംഭവങ്ങളായാലും സമാനതകളും വ്യത്യാസങ്ങളും പരിഗണിച്ചാണ് അവയെതാരതമ്യം ചെയ്യുന്നത്. ബ്രൂണറുടെ സിദ്ധാന്തം ഈ coding System ത്തിന്റെ രൂപീകരണത്തിന് പ്രാധാന്യം നൽകുന്നു. ആളുകൾ ലോകത്തെ വ്യാഖ്യാനിക്കുന്നത് സാജാത്യവൈജാത്യങ്ങൾ ഉപയോഗിച്ചാണ്. ഇങ്ങനെ തരം തിരിക്കുന്ന coding system ഓരോരുത്തരിലും ഉണ്ട്. ഓർമ്മിക്കലിനെയും (retention) അഭിപ്രേരണയെയും (Motivation) പഠനാന്തരണത്തെയും (Transfer ) പ്രശ്ന പരിഹരണത്തെയും സഹായിക്കുന്നത് കണ്ടെത്തൽ പഠനമാണ്.ഇതിന് മൂന്ന് തലങ്ങളുണ്ട്.

* പ്രവർത്തനോന്മുഖരാക്കൽ

* പ്രവർത്തനതൽപ്പരത നിലനിർത്തൽ

* മാർഗനിർദ്ദേശ നം - ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ തിരിച്ചറിവോടെ പ്രവർത്തിക്കാൻ ദിശാബോധം നൽകൽ:

## വൈജ്ഞാനിക വികസനം

**പ്രവർത്തന ഘട്ടം (Enanctive Stage)-** അനുയോജ്യമായ ശാരീരിക പ്രവർത്തനങ്ങളിലൂടെ വസ്തുക്കളെയും സംഭവങ്ങളെയും പ്രതിനിധാനം ചെയ്യുന്നു എന്നതാണ് ഈ ഘട്ടത്തിന്റെ പ്രത്യേകത. ഇവിടെ കുട്ടിക്ക് ചിന്തകളെ പ്രതിനിധാനം ചെയ്യാൻ ഭാഷയോ മറ്റ് പ്രതീകങ്ങളോ ഉപയോഗിക്കാൻ സാധിക്കില്ല

**മനോ ചിത്ര ഘട്ടം (IConic Stage)-**ഇവിടെ വസ്തുക്കളെയും സംഭവങ്ങളെയും കുട്ടി പ്രതിനിധാനം ചെയ്യുന്നത് മാനസിക ചിത്രങ്ങൾ വഴിയാണ് .

**പ്രതീകാത്മക ഘട്ടം (symbolic stage)-** ഏറ്റവും ഉയർന്ന അവസ്ഥയാണിത്. ഇവിട കുട്ടി അമൂർത്തമായ ചിന്താശേഷി കൈവരിച്ചിരിക്കും. അനുഭവങ്ങളെ ഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ സാധിക്കുന്നു. ഉദാ: കുട്ടി ആനയെ വിവരിക്കുന്നു.

## കണ്ടെത്തൽ പഠനം (Discovery learning)

ഏറ്റവും പ്രസിദ്ധമായ ആശയമാണിത്. കുട്ടിയെ ഒരു ശാസ്ത്രകാരൻ ആയിട്ടോ, ചരിത്രകാരൻ ആയിട്ടോ പ്രശ്ന കർത്താവായി കാണുക.അറിവിന്റെ അർത്ഥം കണ്ടെത്താൻ അനുവദിക്കുക .പഠനം ഒരു കണ്ടെത്തൽ പ്രക്രിയയാണ്. സ്വയം അറിവ് കണ്ടെത്തുന്നതിനായി കുട്ടിക്ക് പ്രശ്ന സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുകയാണ് ടീച്ചർ ചെയ്യേണ്ടത്.

**കണ്ടെത്തൽപ്പഠനത്തിന്റെ ഘട്ടങ്ങൾ**

1) കുട്ടിക്ക് ഒരു പ്രശ്നമായി പഠന വസ്തു കൊടുക്കുന്നു .

2) പ്രധാനപ്പെട്ട സാമാന്യവൽക്കരണങ്ങൾ തടഞ്ഞുവെക്കുന്നു.

3) പ്രശ്നത്തിന്റെ സംഘാടനതത്വം കുട്ടികൾ മനസിലാക്കുന്നു.

4) കുട്ടികൾ പ്രശ്നത്തെ ഗ്രഹിക്കുന്നു

5) സാമാന്യവൽക്കരണം അടിസ്ഥാനമായ ആശയങ്ങളെ കുട്ടികൾ വാചിക രൂപത്തിൽ അവതരിപ്പിക്കുന്നു.

**കണ്ടെത്തൽപഠനത്തെ പരിപോഷിപ്പിക്കാൻ**

*പഠന വസ്തുവിന്റെ അടിസ്ഥാന ഘടനയ്ക്ക് ഊന്നൽ കൊടുക്കുക.

* ആശയത്തിന് അനേകം ഉദാഹരണങ്ങൾ കൊടുക്കുക

* പ്രശ്നം അവതരിപ്പിക്കുക :കുട്ടികൾ തന്നെപരിഹാരം കണ്ടെത്തട്ടെ.

* കുട്ടിയുടെ ഭൂതോദയ (Intuitive) ചിന്തയെ പ്രോത്സാഹിപ്പിക്കുക

**കണ്ടെത്തൽ പഠനത്തിലെ ചിന്താ തന്ത്രങ്ങൾ**

1) തിരഞ്ഞെടുക്കൽ തന്ത്രങ്ങൾ- നാലുതരത്തിലുള്ള തിരഞ്ഞെടുക്കൽ തന്ത്രങ്ങൾ അവതരിപ്പിക്കുന്നു. ഒരുമിച്ചുള്ള പരിശോധന, തുടരെ തുടരെയുള്ള പരിശോധന, കൺസർവേറ്റീവ് ഫോക്കസിംങ്ങ്, ഫോക്കസ് ഗാംബ്ലിങ്ങ് (ആശയത്തെ സ്വീകരിക്കണമോ നിരാകരിക്കണോ എന്നു തീരുമാനിക്കുന്നതിന് ആശയത്തിന്റെ ഒരു സവിശേഷത മാത്രം പരിശോധിക്കുന്നു.)

2. **സ്വീകരണ തന്ത്രങ്ങൾ-** രണ്ടു തരം തന്ത്രങ്ങളുണ്ട്

ഭാഗിക തന്ത്രം ( അനേകം ഉദാഹരണങ്ങൾ ശരിക്കും തെറ്റുമെന്ന നിലയിൽ കൊടുത്തതിൽ നിന്ന് കുട്ടി ചില വസ്തുതകളിൽ മാത്രം ശ്രദ്ധിക്കുന്നു.) .

പൂർണ തന്ത്രങ്ങൾ ( ഓരോ അവസരത്തിലും കൊടുക്കുന്ന ഉദാഹരണങ്ങൾ മൊത്തമായി താരതമ്യം ചെയ്യുന്നു.)

**കണ്ടെത്തൽ പഠനം മേന്മകൾ**

* സ്വയാഭിപ്രേരണ - സ്വയം ഉത്തര ഠ കണ്ടെത്തുമ്പോൾ കുട്ടിക്ക് സ്വയം അഭിപ്രേരണയാണ് സഹായകമാവുക.

* പഠിക്കാൻ പഠിക്കുക,  * പഠനത്തെ സ്വയം ബോധ്യപ്പെടുന്നു .

*ഓർമ്മയെ സഹായിക്കുന്നു. * നിഗമന - യുക്തി ചിന്തയെ പ്രോത്സാഹിപ്പി ക്കുന്നു , * ആന്തരികമായ സംതൃപ്തി.

## ദോഷങ്ങൾ

* വലിയ സംഘങ്ങളിൽ ബുദ്ധിമുട്ട്

* മന്ദപഠിതാക്കൾക്ക് ബുദ്ധിമുട്ട്

* ചില അധ്യാപകർക്കും കുട്ടികൾക്കും പ്രശ്നം.

ബ്രൂണറാണ് **ആശയസമ്പാദന മാതൃക (concept attainment model )** മുമ്പോട്ടു വെക്കുന്നത്. മികച്ച രീതിയിൽ ആശയങ്ങൾ ഉൾകൊള്ളുന്നതിനും അതോടൊപ്പം വിഷയ വിശാലതയിൽ നിന്ന് വിവരങ്ങൾ സുഘടിതമാക്കി ഓരോ വികാസ ഘട്ടത്തിനും അനുയോജ്യമായ വിധത്തിൽ വിധാതാക്കൾക്ക് ഫലപ്രദമായി നൽകുന്നതിനും ഈ രീതി ഉപയോഗിക്കാം.

## നോം ചോംസ്കി - ഭാഷാ വികസന സിദ്ധാന്തം

കുട്ടിയുടെ ഭാഷാ വികസനത്തെ വിശദീകരിക്കുന്ന അസംഖ്യം സിദ്ധാന്തങ്ങൾ നിലവിലുണ്ടെങ്കിലും നോം ചോംസ്കി യുടെ (1965) കാഴ്ചപ്പാട് ഇവയിൽ നിന്നൊക്കെ വേർതിരിഞ്ഞ് നിൽക്കുന്നു .ഭാഷാ വികസനത്തിന്റെ സാർവ്വലൗകികമായ ക്രമാനുഗതമായ ഘട്ടങ്ങളെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്. ചോംസ്കി യുടെ സിദ്ധാന്തത്തിന്റെ കാതലായ അംശം കുട്ടി ഭാഷയുടെ ആദിസ്ഫുരണങ്ങളുമായി ജനിക്കുന്നു  എന്നതാണ്. ഇതിന് ചോംസ്കി കൊടുത്തിരിക്കുന്ന വിശദീകരണമാണ് ഭാഷ സ്വാംശീകരണ ഉപകരണം ( language acquisition device)

ജന്മസിദ്ധമായിത്തന്നെ ഓരോ കുട്ടിക്കും മാതൃഭാഷരൂപപ്പെടുത്താനും, മനസിലാക്കാനും ,പര്യാപ്തമായ രൂപത്തിലാണ് മസ്തിഷ്കം രൂപപ്പെടുത്തിയി ട്ടുള്ളത്. പരിചയമില്ലാത്ത ഭാഷ പോലും കുട്ടി സ്വായത്തമാക്കുന്ന ഭാഷാപരമായ സിദ്ധിയെ അദ്ദേഹം ഈ സിദ്ധാന്തം ഉപയോഗിച്ചാണ് വിശദീകരിച്ചിട്ടുള്ളത്.

## അടിസ്ഥാന സങ്കല്പങ്ങൾ.

### * പരിണാമോന്മുഖ വ്യാകരണം ( Transfermational Grammer)

ഒരു ഭാഷ കേൾക്കുമ്പോൾ കുട്ടി അതിലെ വ്യാകരണഘടനയെ അപഗ്രഥിക്കുകയോ ഓർമ്മയിൽ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. അതിലെ വാക്കുകളോ ശൈലികളോ ഒന്നും തന്നെ അപഗ്രഥിച്ച് സൂക്ഷിക്കുന്നില്ല. പകരം ഭാഷയിൽ കേട്ട വാചകത്തിന്റെ അർത്ഥത്തെ ആ വാചകം രൂപപ്പെടുത്തിവെയ്ക്കുന്ന പ്രത്യേക വാക്കുകളിലേക്ക് മാറ്റുന്ന പ്രക്രിയയെയാണ് പരിണാമോന്മുഖ വ്യാകരണം എന്നു പറയുന്നത്. ഇത് ജന്മസിദ്ധമാണ്.

**ഭാഷയുടെ ഉപരിതല ഘടന (Sur face structure)**

പ്രതീകങ്ങളായ അക്ഷരങ്ങളും, അക്ഷരങ്ങൾ ചേർന്ന് വാക്കുകളും ,വാക്കുകൾ ചേർന്ന് വാചകങ്ങളും ഉണ്ടാവുന്നതാണ് ഭാഷയുടെ പൊതുഘടന

**ഭാഷയുടെ അഗാധ ഘടന (Deep structure)**

വാചകത്തിലുപയോഗിച്ചിരിക്കുന്ന വാക്കുകൾക്കും ശൈലികൾക്കും അപ്പുറം ആഴമേറിയ ഒരു അർത്ഥ തലം വാചകത്തിനുണ്ട്. ഭാഷയുടെ ഈ ആന്തരിക അർത്ഥതലത്തെയാണ് ചോംസ്കി അഗാധ ഘടന എന്നു വിളിക്കുന്നത്-

# ഗാർഡ്നർ( Gardner) ബഹുമുഖബുദ്ധി

ആഴത്തിലുള്ള പഠങ്ങൾക്കൊടുവിൽ ശക്തമായ തെളിവുകൾ നിരത്തി മനുഷ്യന് ഒന്നിലേറെ ബുദ്ധിശക്തിയുടെസാധ്യതകൾ ഗാർഡ്നർ അവതരിപ്പിച്ചു. ഇന്റലിജൻസ് ഒരൊറ്റ പൊതുവായ കഴിവിൽ ആധിപത്യം പുലർത്തുന്നതിനേക്കാൾ ഒന്നിലധികം ഇന്റലിജൻസ് സിദ്ധാന്തം മനുഷ്യന്റെ ബുദ്ധിയെ നിർദ്ദിഷ്ട 'രീതികളായി' വേർതിരിക്കുന്നു. ഹോവാർഡ് ഗാർഡ്നർ 1983-ൽ എഴുതിയ ഫ്രെയിംസ് ഓഫ് മൈൻഡ്: ദി തിയറി ഓഫ് മൾട്ടിപ്പിൾ ഇന്റലിജൻസ് എന്ന പുസ്തകത്തിൽ ഈ മാതൃക നിർദ്ദേശിച്ചു. പാരമ്പര്യഘടകങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതല്ല ബുദ്ധിയെന്നദ്ദേഹം വാദിച്ചു.മനുഷ്യബുദ്ധിക്ക് ബഹുമുഖങ്ങൾ (multiple intelligence) ഉണ്ടെന്ന് അദ്ദേഹം പറയുന്നു.

- ഭാഷാപരബുദ്ധി- നന്നായി എഴുതാനും, വായിക്കാനും, ഫലപ്രദമായി പ്രഭാഷണം നടത്താനുമുള്ള കഴിവ്
- യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി - യുക്തിപൂർവ്വം ചിന്തിക്കുന്നതിനും, ഗണിതപരമായ കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള ബുദ്ധി
- ദൃശ്യ സ്ഥല പര ബുദ്ധി - വിവധ രൂപങ്ങൾ നിർമ്മിക്കുന്നതിനും, ത്രിമാന രൂപങ്ങളും, ബിംബങ്ങളും ഉൾക്കൊള്ളുന്നതിനുള്ള കഴിവ്
- സംഗീത പരമായ ബുദ്ധി- സംഗീതത്തിൻറെ സൂക്ഷാമാംശങ്ങൾ ശ്രദ്ധിക്കാനുള്ള കഴിവ്
- ശാരീരിക-ചലനപരമായ ബുദ്ധി - കായികം, നൃത്തം, നാടകീകരണം, പാത്രനാട്യം എന്നീ രംഗങ്ങളിലുള്ള ബുദ്ധി
- വ്യക്ത്യാന്തര ബുദ്ധി - മറ്റുള്ളവരുമായി ഇടപഴകുന്നതിനും, അവരെ മനസ്സിലാക്കുന്നതിനുമുള്ള ബുദ്ധി
- ആന്തരിക വൈയക്തികബുദ്ധി- സ്വന്തം ശക്തി ദൌർബല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുള്ള ബുദ്ധി
- പ്രകൃതി പരമായ ബുദ്ധി - പ്രകൃതിയെ നിരീക്ഷിക്കുന്നതിനും, സ്നേഹിക്കുന്നതിനുമുള്ള ബുദ്ധി

# ഈ പഠന സമ്പ്രദായത്തിന്റെ മെച്ചങ്ങൾ

- പരമ്പരാഗത രീതി പ്രകാരം എല്ലാ വിഷയങ്ങളും വർഷം മുഴുവൻ ഒരു രീതിയിൽ മാത്രം പഠിക്കാനും പ്രകടിപ്പിക്കാനും മാത്രമേ കഴിയുന്നുള്ളൂ. ഈ കാരണം കൊണ്ട് പിന്നാക്കമായി പോയ കുട്ടികൾക്ക് ഈ ബഹുമുഖ ബുദ്ധി പരിഗണിക്കുന്ന വിദ്യാഭ്യാസം ആത്മവിശ്വാസവും പഠന സാധ്യതയും നൽകുന്നു '
- കുട്ടികളുടെ താൽപ്പര്യം ആവശ്യം കഴിവ് ഇവ പരിഗണിച്ച് നടക്കുന്ന ആധികാരിക പഠനം കുട്ടികൾക്ക് പഠന നേട്ടം ഉണ്ടാക്കും
- സജീവമായ പങ്കാളിത്തം പൂർണമായ സ്വയം മുഴുകിയ പഠനത്തിന് ഇടനൽകും
- കുട്ടികൾ അവരുടെ പ്രവർത്തന ഫലങ്ങൾ സമൂഹവുമായി പങ്കുവെക്കാൻ കഴിയുന്നു
- .

## പ്രധാന വിമർശനങ്ങൾ

- ഇത് നവീനാശയമല്ല.
- ഇത് പൂർണമല്ല. കാരണം ബുദ്ധിയുടെ ഘടകങ്ങൾ ഇനിയും ഉണ്ടായേക്കാം. അപൂർണമായ കാര്യത്തെ അടിസ്ഥാനമാക്കി പഠന സമ്പ്രദായം തെരഞ്ഞെടുക്കുന്നത് ഉചിതമല്ല'
- ദേശീയനിലവാരത്തെ തകർക്കും.  കാരണം ക്ലാസിന് അകത്ത് കുട്ടികളുടെ കഴിവുകളെ താരതമ്യപെടുത്താനോ വർഗീകരിക്കാനോ കഴിയില്ല.
- പൊതു നിലവാര ം ഇല്ലാതാവും

# 2 Mark Questions & Answer key words

1) ജ്ഞാന നിർമ്മിതിവാദം എന്നാൽ എന്ത്?

2) സാമൂഹ്യജ്ഞാന നിർമ്മിതി വാദത്തിന്റെ പൊരുളെന്ത്?

3) എന്താണ് മനോ ചിത്രഘട്ടം?

4) ചേഷ്ടാവാദം അവതരിപ്പിച്ച പ്രധാനപ്പെട്ട 2 സൈദ്ധാന്തികർ ആരൊക്കെ?

5) ദൃശ്യ സ്ഥലപര ബുദ്ധി എന്നാലെന്ത്?

# 4 Mark Short Essays & Value Points

1) പിയാഷെയുടെ പ്രധാന വിദ്യാഭ്യാസ സംഭാവനകൾ വിവരിക്കുക?

2) കുറിപ്പ് തയ്യാറാക്കുക: ജ്ഞാന നിർമ്മിതി വാദം ക്ലാസ്സ് മുറിയിൽ

3) ചോംസ്കി യൻ സിദ്ധാന്തങ്ങളുടെ അടിസ്ഥാന സങ്കൽപ്പങ്ങൾ ഏവ?

4) ബഹുമുഖ ബുദ്ധി സിദ്ധാന്തം എന്നാലെന്ത്?

# 10 Mark Essays & Value Points

1) ജ്ഞാന നിർമ്മിതിവാദം അവതരിപ്പിക്കുന്ന പ്രധാന ആശയങ്ങൾ എന്തെല്ലാം ?- വിദ്യാർത്ഥിയുടെയും അദ്ധ്യാപകന്റെയും പദവിയെക്കുറിച്ച് ഈ സിദ്ധാന്തത്തിലെ വ്യത്യസ്ത ധാരകൾ പുലർത്തുന്ന വ്യത്യാസങ്ങൾ ചൂണ്ടികാണിക്കുക.

2) ബഹുമുഖ ബുദ്ധി സിദ്ധാന്തം എന്നാലെന്ത് ?പ്രധാന ബുദ്ധിമാനങ്ങൾ ഉദാഹരണ സഹിതം വ്യക്തമാകകക.? ക്ലാസ് മുറിയിൽ എങ്ങനെ ഇത് പ്രയുക്കതമാക്കാം?

# Unit 3

# Methods, Techniques and Strategies of teaching Malayalam

## GROUP MEMBERS

Hafsina. T

Maneesha. P

Meghna K

Mohseena.CP

Mrudhula MM

Shamna. KP

Shemi.k

Sreehari. R

Ajay Lal M

# ഭാഷ അദ്ധ്യാപനരീതികൾ

വിദ്യാർത്ഥികൾക്ക്  പഠനം പ്രാപ്തമാക്കുന്നതിന് അധ്യാപകർ അധ്യാപനത്തിൽ ഉപയോഗിക്കുന്ന തത്വങ്ങളും, രീതികളുമാണ് അദ്ധ്യാപന രീതി . ഈ തന്ത്രങ്ങൾ ഭാഗികമായി പഠിപ്പിക്കേണ്ട വിഷയത്തിലും ഭാഗികമായി പഠിതാവിന്റെ സ്വഭാവത്തിലും നിർണ്ണയിക്കപ്പെടുന്നു. ഒരു പ്രത്യേക അദ്ധ്യാപന രീതി ഉചിതവും കാര്യക്ഷമവുമാകണമെങ്കിൽ അത് പഠിതാവിന്റെ സ്വഭാവവും അത് കൊണ്ടുവരേണ്ട പഠന തരവുമായി ബന്ധപ്പെട്ടിരിക്കണം

# <u>വ്യത്യസ്ത തരം അധ്യാപനരീതികൾ</u>

- Lecture method
- discussion method
- Project method
- Problem solving method
- Assignment method
- Inductive method
- Deductive method.

# Discussion method. (ചർച്ച രീതി)

ഏറ്റവും ഉപയോഗപ്രദമായ ഒരു രീതിയാണ് ചർച്ച രീതി .വ്യത്യസ്ത അഭിപ്രായം ഉള്ള ഒരു പ്രശ്നമോ സാഹചര്യമോ ചർച്ച രീതി ഏറെ അനുയോജ്യമാണ് ഇവിടെ ആശയവിനിമയം സ്വാതന്ത്ര്യം ഉത്തരവാദിത്വബോധത്തോടെ ഉള്ളതായിരിക്കും അതോടൊപ്പം മത്സരാധിഷ്ഠിതമായ സഹകരണത്തിൽ ആണ് കുട്ടികൾ ഇവിടെ ഏർപ്പെടുന്നത് ചർച്ചയുടെ പ്രഖ്യാപിത ലക്ഷ്യം തന്നെ യോജിപ്പാണ്.

- മറ്റുള്ളവരുടെ മുന്നിൽ സ്വാഭിപ്രായംപ്രകടിപ്പിക്കാനുള്ള കഴി കുട്ടികളിൽ ഉണ്ടാക്കുന്നു
- ചിന്താശേഷി വളരുന്നു
- കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രാധാന്യംലഭിക്കുന്നു.
- കൂടുതൽ സമയം ആവശ്യമായി വരുന്നു
- വിഷയത്തെ പറ്റിയുള്ള ധാരണ അധ്യാപകർക്കും കുട്ടികൾക്കും ഉണ്ടായിരിക്കണം.

# Lecture method (പ്രഭാഷണ രീതി)

പറഞ്ഞു കൊടുക്കൽ ഇൻറെ വികസിത രൂപമാണ് പ്രസംഗ രീതി ഇന്നും അധ്യാപനത്തിൽ വളരെ ശക്തമായി നിലനിൽക്കുന്ന ഒരു സമ്പ്രദായമാണിത.അധ്യാപകരുടെ ഭാഗത്തുനിന്നുള്ള ആശയങ്ങളുടെ കുത്തൊഴുക്കാണ് ഇവിടെ സംഭവിക്കുന്നത് അതുകൊണ്ടുതന്നെ ഗ്രഹിക്കുവാൻ ബുദ്ധിമുട്ടായിരിക്കും .ഈ വിഷയത്തെ സംബന്ധിച്ച് പൊതുവായ ഒരു അവലോകനം നൽകുന്നതിനും പഠന പശ്ചാത്തലം ഒരുക്കുന്നതിനും ഈ രീതി സഹായകമാണ്.

- അദ്ധ്യാപകന്റെ ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ സാധിക്കും.
- പൂർണ്ണമായും അധ്യാപക കേന്ദ്രീകൃതമാണ്
- ഈ രീതി വ്യക്തി വ്യത്യാസങ്ങൾ പരിഗണിക്കുന്നില്ല
- വസ്തുതാ പരമായ കാര്യങ്ങൾ വിശദീകരിക്കുന്നതിന് ഈ രീതി പ്രയോഗപ്രദമാണ്

# Project method (പദ്ധതി നിർദ്ധാരണ രീതി)

പ്രായോഗിക വാദത്തിന് ഫലമായി ഉടലെടുത്ത ഒരു അധ്യാപന രീതിയാണിത്. ജോൺ ഡ്യൂയിയുടെ പുരോഗമനാത്മക വിദ്യാഭ്യാസ വന്ന് പ്രായോഗിക സമീപനത്തെ ആണ് കിൽ പാട്രിക് പ്രൊജക്റ്റ് എന്ന രീതിയിൽ വികസിപ്പിച്ചെടുത്തത് .ഒരു പ്രശ്നത്തെ അതിൻറെ സ്വാഭാവികമായ പശ്ചാത്തലത്തിൽ പൂർണമായി പരിഹരിക്കുന്നതിനുള്ള പ്രവർത്തനമാണ് പ്രോജക്ട് എന്ന സ്റ്റീവൻസൺ പറയുന്നു.

ഓരോ ഉപജ്ഞാതാക്കൾ ഉം വ്യത്യസ്ത തരം പ്രൊജക്ടുകൾ പറ്റി വിശദീകരിക്കുന്നു .ഒരു പ്രൊജക്ട് തയ്യാറാക്കുന്നതിനും പ്രധാനമായും നാല് ഘട്ടങ്ങളാണ് ഉള്ളത് ഒന്ന് തിരഞ്ഞെടുപ്പ് രണ്ട് ആസൂത്രണം മൂന്ന് നിർവഹണം നാല് വിലയിരുത്തൽ.

**<u>ഭാഷാ പഠനം പ്രൊജക്റ്റ് ലൂടെ</u>**

ഏതു വിഷയത്തെ അടിസ്ഥാനമാക്കിയുള്ള പ്രൊജക്റ്റ് ആണെങ്കിലും അതിൽ ഭാഷയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട് ഉണ്ട്. ഭാഷാ പഠനത്തിനു മാത്രമായി സ്വീകരിക്കാവുന്ന പ്രൊജക്ടുകളും ഉണ്ട്.യാത്രാവിവരണം നാടകാവതരണം എഴുത്തുകാരെ കുറിച്ചും കലകളെ കുറിച്ചുള്ള അന്വേഷണം തുടങ്ങിയവ ഭാഷാ അഭ്യാസത്തിൽ സ്വീകരിക്കാവുന്ന പ്രൊജക്ടുകളാണ്.

# ആഗമന രീതി (inductive method)

പ്രത്യേകമായ നിന്നും സാമാന്യം ആയതിലേക്ക് എന്ന അധ്യാപന പ്രമാണത്തിൽ അധിഷ്ഠിതമാണ് ഈ രീതി. ഇതുവഴി കുട്ടികൾ പുതിയ അറിവുകൾ സ്വയം കണ്ടെത്തുകയാണ് ചെയ്യുന്നത് ഈ രീതി യുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ പ്രക്രിയകൾ താഴെപ്പറയുന്നു .

- തന്നിരിക്കുന്ന വസ്തുവിനെ നിരീക്ഷണം
- സാമ്യങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കുന്നതിനുള്ള അപഗ്രഥനം
- വർഗ്ഗീകരണം
- അടർത്തി മാറ്റലും സാമാന്യവൽക്കരെണം
- പരിശോധന അഥവാ പ്രയോഗം

## നിഗമന രീതി (deductive method)

ഈ രീതി സാമാന്യമായ നിന്നും പ്രത്യേകം ആയതിലേക്ക് എന്ന അധ്യാപന പ്രമാണത്തിൽ അധിഷ്ഠിതമാണ്.നിഗമന ആത്മ കരിയിൽ വിദ്യാർത്ഥികൾക്ക് തത്വങ്ങൾ സാമാന്യവൽക്കരണം ഞങ്ങൾ എന്നിവ നൽകുകയും പ്രത്യേകമായ ഉദാഹരണങ്ങളുടെ സഹായത്തോടെ പരിശോധിക്കാൻ വിദ്യാർത്ഥിയോട് ആവശ്യപ്പെടുകയുമാണ് ചെയ്യുന്നത്.

## അഭ്യാസ രീതി (assignment method)

ഒരു പ്രധാന പാഠ്യപദ്ധതിയെ പാഠങ്ങളായി യൂണിറ്റുകളായി
വിഭജിക്കുകയും അവയെ വീണ്ടും അഭ്യാസങ്ങൾ ആയി
വിഭജിക്കുകയും ചെയ്യുന്നു .കുട്ടികൾ അഭ്യാസങ്ങൾ എഴുതി
തയ്യാറാക്കുകയാണ് ചെയ്യുന്നത് സംഘാടനത്തിലും
വസ്തുതകളുടെ സ്വീകരണത്തിനും പരീക്ഷക്ക് വേണ്ട നല്ല

# <u>പ്രശ്നപരിഹരണ രീതി (problem solving method)</u>

ഒരു പരിഹാരം കണ്ടെത്തുന്നതിന് വേണ്ടി വിഷമകരമായ ഒരു പ്രശ്നത്തിന് മേൽ നടത്തുന്ന ആസൂത്രിതമായ ആക്രമണമെന്ന് പ്രശ്നപരിഹാരത്തെ നിർവഹിക്കാവുന്നതാണ.പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് കുട്ടിയെ പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് കുട്ടിയെ പരിശീലിപ്പിക്കുന്ന ഒരു രീതിയാണ് പ്രശ്നപരിഹരണ സമീപനം .ഒരു വിശദീകരണത്തിൽ എത്തുന്നതിനു സങ്കീർണ്ണമായ ഒരു വിഷമം അത് പരിഹരിക്കുന്നതിനുള്ള ബോധപൂർവവും ആസൂത്രിതവുമായ ലക്ഷ്യ പൂർണവുമായ ഒരു ഉദ്യമമാണ് പ്രശ്നപരിഹരണ രീതി.

# ഓരോ രീതിയുടെയും ഗുണദോഷങ്ങൾ

## പ്രോജക്ട് മെത്തേട് ഗുണങ്ങൾ

- സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവ് നേടുന്നു.
- സാമൂഹിക വികസനം.
- സഹകരണമനോഭാവം.
- കലാപരമായ കഴിവുകളുടെ വികസനം
- തൊഴിൽ പരിശീലനം .

## ദോഷങ്ങൾ

- പഠന പ്രവർത്തനങ്ങൾക്ക് കൂടുതൽ സമയമെടുക്കുന്നു.
- സാമ്പത്തിക ചെലവ് കൂടുതൽ .
- എല്ലാ വിദ്യാർത്ഥികൾക്കും പറ്റുന്നതല്ലനേടുന്ന.
- അറിവുകൾക്ക് പരസ്പരബന്ധം കുറവ്

## അധ്യാപകന്റെ പങ്ക്.

- കുട്ടികളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുക
- സഹകരണ മനോഭാവം വളർത്തുന്ന പ്രവർത്തനം കൊടുക്കുക
- എല്ലാ കുട്ടികൾക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനം കൊടുക്കുക

# ചർച്ചാരീതിയുടെ ഗുണങ്ങൾ

- ചെറിയ വിദ്യാർത്ഥികൾക്കും മുതിർന്ന വിദ്യാർഥികളും ഇത് ഉപകാരപ്രദമല്ല
- ആശയങ്ങളുടെ വ്യക്തതയ്ക്ക് ഈ രീതി സഹായകമാണ്
- തങ്ങളുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനും ആശയങ്ങൾ കണ്ടെത്തുന്നതിനും വിദ്യാർഥികളെ സഹായിക്കുന്നു
- ഇത് സഹിഷ്ണുതയും സംഘബോധവും വളർത്തുന്നു
- അറിയാത്തത് കണ്ടുപിടിക്കാൻ ഇത് വിദ്യാർത്ഥികളെ സഹായിക്കുന്നു
- ബൗദ്ധി കമായ ഒരു സംഘപ്രവർത്തനമെന്ന രീതിയിൽ ഇത് മൂല്യവത്താണ് വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് ചർച്ചാരീതി അധ്യാപകനെ സഹായിക്കുന്നു

# ദോഷങ്ങൾ

- ഇത് എല്ലാ പാഠഭാഗങ്ങളും യോജിച്ച രീതിയല്ല
- ഈ രീതിയിൽ ഒരു ന്യൂനപക്ഷത്തിന്റെ മേൽക്കോയ്മയ്ക്ക് സാധ്യതയുണ്ട്
- ഈ രീതി യഥാർത്ഥവഴിയിൽനിന്നു മാറിപ്പോകാൻ സാധ്യതയുണ്ട്
- സന്തോഷകരമല്ലാത്ത അനുഭവങ്ങളിലേക്ക് മാറി പോയേക്കാം
- ഇത് വൈകാരികമായ ടെൻഷനുണ്ടാക്കിയേക്കും
- അനാവശ്യമായ ആരോപണങ്ങൾ ഇവിടെ ഉണ്ടാകും
- ഈ രീതി വളരെ നന്നായി ഉപയോഗിക്കാൻ ബുദ്ധിമുട്ടാണ്
- വിഷയത്തിൽ നിന്നും വിട്ടുമാറി സംസാരിക്കുന്നതിലേക്ക്ചർച്ച വന്നേക്കാം

## അധ്യാപകന്റെ പങ്ക്

- കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്ന വിഷയങ്ങൾ നല്കുക
- എല്ലാ കുട്ടികളെയും ചർച്ചയിൽ പങ്കെടുപ്പിക്കുക
- ചർച്ചയിൽ നിന്നും വിട്ടുപോകാതെ ശ്രദ്ധിക്കുക
- ക്ലാസ്സ് അന്തരീക്ഷം അലസമാവാതെ ശ്രദ്ധിക്കണം

## അഭ്യാസരീതിയുടെ ഗുണങ്ങൾ

- വിഷയത്തെ കുറിച്ചുള്ള ആഴത്തിലുള്ള ഗ്രഹണം സാധ്യമാക്കുന്നു
- വ്യത്യസ്തമായ രീതികളിൽ വിഷയത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനു് സഹായിക്കുന്നു
- മറ്റ് പുസ്തകങ്ങളുമായി ബന്ധപ്പെട്ട് പഠിക്കാനും അറിവ് നേടാനും കഴിയുന്നു

## ദോഷങ്ങൾ

- കുട്ടികൾ കോപ്പിയടിക്കാൻ സാധ്യതയുണ്ട്
- റഫറൻസ് ബുക്സ് കുട്ടികൾക്ക് ലഭ്യമാണെങ്കിൽ മാത്രമേ അഭ്യാസരീതി ഉപയോഗപ്രദം ആവുകയുള്ളൂ
- കുട്ടികൾ പ്രാധാന്യം മനസ്സിലാക്കാതെ എഴുതിയെടുക്കാൻ സാധ്യതയുണ്ട്
- താല്പര്യം ഉണർത്തുന്നില്ല

## അധ്യാപകന്റെ പങ്ക്

- കുട്ടികൾക്ക് കൃത്യമായി പാഠഭാഗം ഭാഗിച്ചു നൽകണം
- എല്ലാ കുട്ടികളും പ്രവർത്തനം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം
- കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ അധ്യാപകൻ നൽകണം
- ശരിയായ ഉത്തരത്തിലേക്ക് കുട്ടികൾ എത്തുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം

# പ്രശ്നപരിഹരണരീതിയുടെ ഗുണങ്ങൾ

- നിത്യ ജീവിതത്തിലെ അനുഭവങ്ങൾ അവതരിപ്പിക്കുന്നതിന് ഉതകുന്ന യഥാർത്ഥ്യപൂർണമായ ഒരു രീതിയാണിത്
- വിവരങ്ങൾ എളുപ്പത്തിൽ ഫലപ്രദമായി സ്വായത്തമാക്കുന്നതിനും വിലയിരുത്തുന്നതിനും കുട്ടി പഠിക്കുന്നു
- ഉത്തരവാദിത്വം, മുൻകൈയെടുക്കുക,എന്നിവ വളർത്തുന്നതിന് ഉപകരിക്കുന്നു
- വ്യത്യസ്തമായ കാഴ്ചപ്പാടുകൾ കേൾക്കുകയും ഒരു പ്രശ്നത്തിന്റെ വ്യത്യസ്ത വശങ്ങൾ കാണുകയും ചെയ്യുന്നതിനാൽ ഇത് സഹിഷ്ണുത തുറന്ന മനസ്ഥിതി എന്നിവ വളർത്തുന്നു
- അധ്യാപകവിദ്യാർത്ഥികൾക്കിടയിൽ നല്ല ബന്ധം

- കുട്ടികളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രശ്നത്തെ ക്രമീകരിക്കാൻ കഴിയുന്നു

## ദോഷങ്ങൾ

- ഒരു ചെറിയ പ്രശ്നത്തിന്റെ പരിഹാരം ചിലപ്പോൾ സങ്കീർണമായ സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സങ്കേതം താൻ നേടി എന്ന തെറ്റിദ്ധാരണ വിദ്യാർത്ഥിയിൽ ഉണ്ടാകും
- കാര്യമാത്രപ്രസക്തമല്ലാത്തതും അസമയത്തുള്ളതുമായ പ്രശ്നങ്ങൾ തിരഞ്ഞെടുക്കുന്നതിനും ചിന്തയേക്കാൾ വികാരത്തിന് പ്രാധാന്യം നൽകുന്നതും ഇത് കാരണമാകും

- ഈ രീതിയുടെ കൃത്യമായി ഉപയോഗം പ്രവർത്തനങ്ങൾക്ക് അപ്രധാനമായ സ്ഥാനം നൽകുന്ന രീതിയിലേക്കായിരിക്കും വളരുക

## അധ്യാപകന്റെ പങ്ക്

- പുതിയ താത്പര്യങ്ങളിലേക്ക് കുട്ടിയെ നയിക്കുന്ന തരത്തിലുള്ള പ്രശ്നമാണോ എന്ന് അധ്യാപകൻ ശ്രദ്ധിക്കണം
- ഭൂരിപക്ഷം കുട്ടികൾക്ക് ജീവിതത്തെ സ്പർശിക്കുന്ന പ്രശ്നമാണോ എന്ന് അധ്യാപകൻ ശ്രദ്ധിക്കണം
- കുട്ടികൾ പരിഹരിക്കാൻ കഴിയാത്തവയുണ്ടെങ്കിൽ അതിനു വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കണം

# പ്രഭാഷണരീതിയുടെ പ്രയോജനങ്ങൾ

- ഒരു വിഷയത്തിന്റെ ആന്തരിക താല്പര്യം ആശയവിനിമയം നടത്താൻ കഴിയും
- വലിയ അളവിലുള്ള വിവരങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു
- അധ്യാപകന് ആശയം വിവരിച്ചു കൊടുക്കാൻ സാധിക്കുന്നു ശ്രദ്ധിച്ച് പഠിക്കുന്ന കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്നു
- അദ്ധ്യാപകന്റെ ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ സാധിക്കും.
- വസ്തുതാ പരമായ കാര്യങ്ങൾ വിശദീകരിക്കുന്നതിന് ഈ

## ദോഷങ്ങൾ

- പൂർണ്ണമായും അധ്യാപക കേന്ദ്രീകൃതമാണ്
- കുട്ടികൾ നിഷ്ക്രിയരാവൻ സാധ്യതയുണ്ട്
- വിദ്യാർത്ഥികളുടെ ശ്രദ്ധ കുറയുന്നതിനാൽ വിവരങ്ങൾ വേഗത്തിൽ മറക്കാൻ സാധ്യതയുണ്ട്
- സങ്കീർണ്ണവും അമൂർത്തവുമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിന് പ്രഭാഷണ രീതി ഉചിതമല്ല
- അപ്ലിക്കേഷൻ,വിശകലനം, വിലയിരുത്തൽ പോലുള്ള ചിന്താഗതികൾ പഠിപ്പിക്കുന്നതിന് പ്രഭാഷണരീതി ഉചിതമല്ല.

## അധ്യാപകന്റെ പങ്ക്.

- കുട്ടിയുടെ ശ്രദ്ധ കൈവിടാതെ ശ്രദ്ധിക്കണം
- കുട്ടികൾക്ക് താൽപ്പര്യമുള്ളതും അറിയുന്നതുമായ കാര്യങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കാൻ ശ്രദ്ധിക്കണം

- കുട്ടികൾക്ക് താൽപ്പര്യമുള്ളതും അറിയുന്നതുമായ കാര്യങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കാൻ ശ്രദ്ധിക്കണം
- കുട്ടികൾക്ക് വിഷയം മനസിലായോ എന്ന് ഇടക്കിടെ പരിശോധിക്കണം
- കുട്ടികൾ പോയിന്റുകൾ എഴുതിയെടുക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം
- കുട്ടികൾക്ക് എളുപ്പം മനസ്സിലാവും വിധം വിശദീകരിച്ചു കൊടുക്കണം

## നിഗമനരീതിയുടെ ഗുണങ്ങൾ

- കുട്ടിയെ പുതിയ അറിവിലേക്ക് നയിക്കുന്നു
- കുട്ടിക്ക് റെഡിമെയ്ഡ് അറിവ് ലഭിക്കുന്നു
- വളരെ വേഗത കൂടിയ രീതിയാണിത്
- കുട്ടിക്ക് ബുദ്ധിമുട്ടുകളൊന്നും അനുഭവപ്പെടുന്നില്ല ◌്

## ദോഷങ്ങൾ

- സ്വന്തമായി ഒന്നും കണ്ടെത്തുന്നില്ല
- ചിന്താ ശേഷി കുറയുകയുന്നു
- മറ്റുള്ളവരെ കൂടുതൽ ആശ്രയിക്കുന്നു
- തത്വത്തിന്റെയോ സാമാന്യവൽക്കരണത്തിന്റെയോ പൂർണ്ണമായ ഗ്രഹണത്തിലേക്ക് നയിക്കുന്ന രീതിയുള്ള ചിന്തയുടെ താഴോട്ടുള്ള പ്രായണമാണിത്

## ആധ്യാപകന്റെ പങ്ക്

- പദങ്ങളുടെ ശരിയായ വിവരണം നൽകണം
- നിയമങ്ങൾ കൃത്യമായ രീതിയിൽ പ്രസ്താവിക്കാൻ ശ്രദ്ധിക്കണം
- കൃത്യമായ ഉദാഹരണങ്ങൾ കണ്ടെത്തണം
- കൃത്യമായ ഉദാഹരണം കണ്ടെത്തുന്നതിൽ കുട്ടികളെ പ്രേരിപ്പിക്കണം

# ആഗമനരീതിയുടെ ഗുണങ്ങൾ

- പുതിയ അറിവ് സ്വയം കണ്ടെത്തുന്നു
- കണ്ടുപിടുത്തത്തിന്റെ രീതിയാണിത്
- ധാരാളം വസ്തുക്കളുടെ യഥാർത്ഥ നിരീക്ഷണത്തിലൂടെ വിവരങ്ങൾ സ്വായത്തമാക്കുന്നു
- ആത്മവിശ്വാസം വളർത്തുന്നു
- സ്വാശ്രയശീലം വളർത്തുന്നു
- നിയമങ്ങൾ നിർവചനങ്ങൾ തത്വങ്ങൾ എന്നിങ്ങനെ ചിന്തയുടെ മേലോട്ടുള്ള പ്രയാണ രീതിയാണിത്

## ദോഷങ്ങൾ

- വേഗത കുറഞ്ഞ രീതിയാണിത്
- എല്ലാ കുട്ടികൾക്കും ഒരുപോലെ മുന്നേറാൻ കഴിയില്ല

## അധ്യാപകന്റെ പങ്ക്

- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ഉദാഹരണങ്ങൾ കണ്ടെത്താൻ അധ്യാപകന് കഴിയണം
- കുട്ടികളെ ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ ശ്രദ്ധിക്കണം
- ഉദാഹരണങ്ങളിൽ അപഗ്രഥനം,വർഗ്ഗീകരണം എന്നിവയിൽ കുട്ടികളെ സഹായിക്കണം
- നിയമങ്ങളും നിർവചനങ്ങളും ഉണ്ടാക്കുന്നതിൽ കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കണം
- കുട്ടികളിൽ നിരീക്ഷണപാടവം വർധിപ്പിക്കണം

# അധ്യാപക സങ്കേതം

അധ്യാപക നേടിയെടുത്ത അനുഭവങ്ങളിലൂടെ അധ്യാപകന്റെ നൈപുണികൾ ക്ലാസ്സ്റൂമിന്റെ ആവശ്യത്തിനനുസരിച്ചും സാഹചര്യത്തിനനുസരിച്ചും പ്രയോഗിക്കുന്നതിനെ അധ്യാപക സങ്കേതം എന്ന് പറയുന്നു. ഇവിടെ അധ്യാപകന്റെ നൈപുണികൾക്കാണ് ഇവിടെ പ്രാധാന്യം അർഹിക്കുന്നത്

## ഉദ്ദേശ്യങ്ങൾ

- കുട്ടിയുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നു
- കുട്ടിയെ ക്ലാസ്സിലെ എല്ലാ പ്രവർത്തനത്തിലും ഉൾപ്പെടുത്തുക

- കുട്ടികളുടെ ബൗദ്ധിക സംഘ പ്രവർത്തനങ്ങൾക്ക് സാഹചര്യം ഒരുക്കി കൊടുക്കുക
- കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക

# വിവിധതരം അധ്യാപക സങ്കേതങ്ങൾ

- പാത്രനാട്യം(role play)
- നാടകീകരണം(dramatization)
- ബ്രെയിൻ സ്റ്റോമിങ്
- സിമുലേഷൻ

# <u>പാത്രനാട്യം (Role Play)</u>

അഭിനയത്തിലൂടെ ഒരു പ്രശ്നം പരിഹരിക്കുന്നതിനോ ഒരു സാഹചര്യം വ്യക്തമാക്കുന്നതിനോ ഉള്ള ഒരു ശ്രമമായി പാത്രനാട്യത്തെ നിർവചിക്കാവുന്നതാണ്. ഒരു പ്രക്രിയയുടേയോ, സാഹചര്യത്തിന്റെയോ, സംഭവത്തിന്റെയോ നാടകീകരണമാണ് റോൾ പ്ലേ. അഭിനയത്തിലൂടെ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നതാണ് പാത്രനാട്യം. ഒരു പ്രസംഗം കേൾക്കുന്നതിൽ നിന്നോ, ഒരു പുസ്തകം വായിക്കുന്നതിൽ നിന്നോ കാര്യങ്ങൾ ആഴത്തിൽ മനസ്സിലാക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഈ രീതി വളരെയേറെ സഹായകമാണ്.

# മേന്മകൾ

- സംഭവങ്ങളെ കുറിച്ചും പ്രക്രിയകളെക്കുറിച്ചും ആഴത്തിലുള്ള ഗ്രഹണം സാധ്യമാക്കുന്നു.
- പ്രശ്ന പരിഹരണ ശേഷിയും മനോഭാവവും വികസിപ്പിക്കുന്നു.
- വ്യത്യസ്തമായ രീതികളിൽ വിഷയത്തിലേക്ക് ഇറങ്ങിചെല്ലുന്നതിന് സഹായിക്കുന്നു.
- വ്യക്തികൾക്കിടയിൽ ആശയവിനിമയം നടത്തുന്നതിനുള്ള നൈപുണി വികസിക്കുന്നു.

# പരിമിതികൾ

പാത്രനാട്യത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന പരിമിതികളാണ് ഉള്ളത്

- എല്ലാവർക്കും താൽപര്യമുണ്ടാവില്ല.
- ക്ലാസിലെ സാഹചര്യം സഹായകമല്ലെങ്കിൽ ഇത് സാധ്യമല്ല.
- വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവം, പലപ്പോഴും തങ്ങൾക്ക് നൽകിയ ഭാഗങ്ങൾ അഭിനയിച്ചു ഫലിപ്പിക്കുന്നതിൽ വിദ്യാർത്ഥികൾക്ക് തടസ്സമാവുന്നു.
- പാത്രനാട്യം കൂടുതൽ സമയം ആവശ്യപ്പെടുന്നു.

# അധ്യാപകരുടെ പങ്ക്

- പ്രധാന വിഷയങ്ങൾ അധ്യാപകൻ തിരഞ്ഞെടുക്കുകയും അതിന്റെ ലഘുലേഖ വിതരണം നൽകുകയും ചെയ്യണം.
- റോളുകൾ ഏറെക്കുറെ യോജിച്ച അഭിനേതാക്കളെയാണ തിരഞ്ഞെടുക്കേണ്ടത്.
- സദസ്യർക്ക് ആർക്കുംതന്നെ വിഷയം അറിയില്ല എന്ന് ഉറപ്പുവരുത്തുകയും എങ്ങിനെ പെരുമാറണമെന്ന് നിർദ്ദേശിക്കുകയും ചെയ്യണം.
- തയ്യാറാവുന്നതിന് കുട്ടികൾക്ക് ധാരാളം സമയം നൽകുകയും സ്റ്റേജ് തയ്യാറാക്കുകയും ചെയ്യണം.

# നാടകീകരണം(Dramatisation)

അഭിനയത്തെ കേന്ദ്രമാക്കിയുള്ള പഠനരീതിയാണിത്. അഭിനയപരമായ കഴിവുകൾ ഭാഷാധ്യാപനത്തിൽ പ്രയോജനപ്പെടുത്തുകയാണിവിടെ ചെയ്യുന്നത്.മാതൃഭാഷാ ബോധനത്തിൽ അതുല്യമായ സ്ഥാനമുണ്ട് നാടകരീതിക്ക്. കുട്ടികളുടെ താത്പര്യത്തെ ഉദ്ദീപിപ്പിക്കുകയും അതുവഴി അധ്യയനം രസദായകമാക്കുവാനും കഴിയുന്ന പ്രകടനപരമായ ഒരഭ്യാസമാണ് നാടകം. കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിക്കുകയും ചെയ്യുന്നു. കളിക്കുകയും കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുന്നതിന് ഈ രീതി സഹായകമാവുന്നു.

# മേന്മകൾ

- ആശയപ്രകടനപരമായ കഴിവുകളുടെ വികസനം
- വ്യക്തിത്വവികാസം
- സ്വഭാവ രൂപീകരണം
- ഭാഷ അന്യൂനമായി പ്രകടിപ്പിക്കാനുള്ള കഴിവ്

# ദോഷങ്ങൾ

- പഠനപ്രവർത്തനങ്ങൾക്ക് സമയക്കൂടുതൽ എടുക്കുന്നു
- സംഭാഷണങ്ങൾ കാണാതെ പഠിക്കുന്നതുകൊണ്ട് ആശയഗ്രഹണം നടക്കാതെ പോകാം
- അഭിനയവാസനയില്ലാത്ത കുട്ടികൾക്കും അധ്യാപകർക്കും വിരസതയനുഭവപ്പെടും
- ക്ലാസ്സിലെ കുട്ടികളുടെ എണ്ണം കൂടുമ്പോൾ പ്രാവർത്തികമാക്കാൻ പ്രയാസം

# അധ്യാപകരുടെ പങ്ക്

- കുറച്ചു കഥാപാത്രങ്ങളുള്ള, ജീവിതവുമായി ബന്ധമുള്ള, മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന തരത്തിലുള്ള കഥകൾ കുട്ടികൾക്ക് വേണ്ടി അധ്യാപകർ തിരഞ്ഞെടുക്കണം.
- കുട്ടികളുടെ ആശയഗതിക്കനുസരണമായി കഥ സംവിധാനം ചെയ്യുന്നതിൽ അധ്യാപകർ വേണ്ട നിർദേശങ്ങളും സഹായസഹകരണങ്ങളും നൽകണം.
- ഭാഷാപരമായ ഉച്ചാരണത്തിലോ, വചനത്തിലോ, മുഖഭാവത്തിലോ വരുത്തുന്ന തെറ്റുകൾ അധ്യാപകർ സസൂക്ഷ്മം നിരീക്ഷിച്ച് തിരുത്തിക്കൊടുക്കേണ്ടതാണ്.
- കുട്ടികൾക്ക് അനുയോജ്യമായ വേഷങ്ങൾ തിരഞ്ഞെടുക്കാനും അധ്യാപകരുടെ സഹായം ആവശ്യമാണ്.

# ബ്രെയിൻ സ്റ്റോമിംഗ്

ഇവിടെ ഒരു പ്രശ്നവുമായി ബന്ധപ്പെട്ട ചർച്ചയിലേർപ്പെടുന്നവരുടെ തലച്ചോറുകൾ ഉദ്ദീപിപ്പിക്കുകയും അതുവഴി ആശയങ്ങളുടെ ഒരു കൊടുങ്കാറ്റ് സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ലഭിക്കുന്ന ആശയങ്ങൾ ഉദ്ദേശ്യാധിഷ്ഠിതമോ അർത്ഥപൂർണ്ണമോ ആയിരിക്കണമെന്ന് നിർബന്ധമില്ല. സാമൂഹികമായ തടസ്സങ്ങളൊന്നുമില്ലാതെ അലയാൻ മസ്തിഷ്കത്തിന് അവസരം നൽകിയാൽ വളരെ പ്രായോഗികവും ഉപയോഗപ്രദവുമായ നിർദ്ദേശങ്ങൾ പ്രകടിപ്പിക്കാൻ അതിന് കഴിയും എന്നതാണ് ഈ രീതിയുടെ പിന്നിലുള്ള തത്വം.

# ഗുണങ്ങൾ

- ആശയങ്ങളുടെ വ്യക്തതയ്ക്ക് ഈ രീതി സഹായകമാണ്.
- തങ്ങളുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതിനും ആശയങ്ങൾ കണ്ടെത്തുന്നതിനും ഇത് വിദ്യാർഥികളെ സഹായിക്കുന്നു.
- ഇത് സഹിഷ്ണുതയും സംഘബോധവും വളർത്തുന്നു.
- ബൗദ്ധികമായ ഒരു സംഘപ്രവർത്തനമെന്ന രീതിയിൽ ഇത് മൂല്യവത്തണ്.

# ദോഷങ്ങൾ

- വിഷയത്തിൽനിന്നും വിട്ടുമാറി സംസാരിക്കുന്നതിലേക്ക് ചർച്ച വളർന്നേക്കാം.
- ഈ രീതി വളരെ നന്നായി ഉപയോഗിക്കാൻ ബുദ്ധിമുട്ടാണ്.
- ഈ രീതിയിൽ, ഒരു ന്യൂനപക്ഷത്തിന്റെ മേൽക്കോയ്മയ്ക്ക് സാധ്യതയുണ്ട്.
- ഇത് വൈകാരികമായ ടെൻഷൻ ഉണ്ടാക്കിയേക്കും.

# അധ്യാപകരുടെ പങ്ക്

- അധ്യാപകനും വിദ്യാർത്ഥിപ്രതിനിധികളും ചേർന്നുകൊണ്ട് വ്യക്തമായ ആസൂത്രണം നടത്തേണ്ടതുണ്ട്.
- അധ്യാപകരുടെ ഭാഗത്തുനിന്നും ലക്ഷ്യപൂർണ്ണവും വിമർശനാത്മകവുമായ വായനാ രീതിയും ചർച്ചയ്ക്കാവശ്യമായ വസ്തുക്കളുടെ തയ്യാറാക്കലും ഈ രീതി ആവശ്യപ്പെടുന്നുണ്ട്.
- എല്ലാ  ഗ്രൂപ്പംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തേണ്ടത് അധ്യാപകന്റെ കടമയാണ്.
- അച്ചടക്കപൂർണ്ണമായ ഒരു അന്തരീക്ഷം സൃഷ്ടിക്കണം.

# സിമുലേഷൻ

പരീക്ഷണാത്മക പഠനത്തിന്റെ ഒരു രൂപമാണ് സിമുലേഷൻ. വിദ്യാർത്ഥി കേന്ദ്രീകൃതവും സൃഷ്ടിപരവുമായ പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും തത്വങ്ങളുമായി നന്നായി യോജിക്കുന്ന ഒരു തന്ത്രമാണിത്.

അധ്യാപകൻ നിർവചിച്ചിരിക്കുന്ന ഒരു "ലോകത്തിൽ" പഠിതാവിനെ പ്രതിഷ്ഠിക്കുന്ന പ്രബോധന സാഹചര്യങ്ങളാണ് സിമുലേഷനുകൾ. വിദ്യാർത്ഥികൾ സംവദിക്കുന്ന ഒരു യാഥാർത്ഥ്യത്തെ അവ പ്രതിനിധീകരിക്കുന്നു. ടീച്ചർ ഈ "ലോകത്തിന്റെ" പാരാമീറ്ററുകൾ നിയന്ത്രിക്കുകയും ആവശ്യമുള്ള നിർദ്ദേശ ഫലങ്ങൾ നേടുന്നതിന് അത് ഉപയോഗിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ ഈ രംഗത്തിന്റെ യാഥാർത്ഥ്യം അനുഭവിക്കുകയും അതിൽ നിന്ന് അർത്ഥം ശേഖരിക്കുകയും ചെയ്യുന്നു.

# ഗുണങ്ങൾ

- വിമർശനാത്മകവും വിലയിരുത്തുന്നതുമായ ചിന്തയുടെ ഉപയോഗം സിമുലേഷനുകൾ പ്രോത്സാഹിപ്പിക്കുന്നു
- പരീക്ഷണാത്മക പരിശീലനത്തിലൂടെ സിമുലേഷനുകൾ ആശയം കൈവരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. ഒരു ആശയത്തിന്റെ സൂക്ഷ്മത മനസ്സിലാക്കാൻ അവ വിദ്യാർത്ഥികളെ സഹായിക്കുന്നു
- പരിസ്ഥിതി, രാഷ്ട്രീയം, കമ്മ്യൂണിറ്റി, സംസ്കാരം എന്നിവയുടെ നടത്തിപ്പിനെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ സിമുലേഷനുകൾ വിദ്യാർത്ഥികളെ സഹായിക്കുന്നു.
- സാഹചര്യം യഥാർത്ഥമാണെന്ന് തോന്നുന്നതിനാൽ ഇത് പഠിതാക്കളെ കൂടുതൽ ഇടപഴകുന്നതിലേക്ക് നയിക്കുന്നു.

# ദോഷങ്ങൾ

- സിമുലേഷനുകൾക്കൊപ്പം ഗുണനിലവാരമുള്ള പഠന അനുഭവം വികസിപ്പിക്കുന്നതിന് വിഭവങ്ങളും സമയവും ആവശ്യമാണ്.
- സിമുലേഷനിലൂടെ വിദ്യാർത്ഥികളുടെ പഠനത്തിന്റെ വിലയിരുത്തൽ മറ്റ് രീതികളേക്കാൾ സങ്കീർണ്ണമാണ്.

# അധ്യാപകരുടെ പങ്ക്

സിമുലേഷന് മത്സരത്തിന്റെ ഒരു ഘടകമുണ്ടെങ്കിൽ, ലക്ഷ്യം ജയിക്കുകയല്ല, മറിച്ച് അറിവും വിവേകവും നേടിയെടുക്കുകയാണെന്ന് വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തേണ്ടത് പ്രധാനമാണ്.

## • ബോധനതന്ത്രങ്ങൾ

പഠിതാവിന്റെ പെരുമാറ്റവ്യതിയാനത്തിനായി അധ്യാപകൻ ഓരോ പ്രവർത്തനങ്ങളും തന്ത്രപരമായി പ്രയോഗിക്കുന്നതിനെയാണ് ബോധനതന്ത്രങ്ങൾ എന്ന് പറയുന്നത്.ബോധനരീതികൾ പൊതുവായ ഒരു ആസൂത്രണത്തിനുപയോഗി-ക്കുമ്പോൾ തന്ത്രങ്ങൾ വളരെ കൃത്യമായ വിശദമായ ആസൂത്രണത്തിന്റെയും പ്രയോഗത്തിന്റെയും പാതയിലൂടെ പഠിതാവിലേക്ക് പാഠ്യവസ്തുക്കൾ എത്തിക്കുന്നു.

- **സഹകരണപഠനം( co operative learning)**

ഒരേ ലക്ഷ്യത്തിനു വേണ്ടി നടത്തുന്ന സംഘ പഠനമാണിത്. സഹകരണം, വിട്ടുവീഴ്ച, ധാരണകൾ എല്ലാം ഇതിലൂടെ നടക്കുന്നു. ഒരേസമയം അക്കാദമികവും സാമൂഹികവുമായ പ്രക്രിയയാണ് സഹകരണ പഠനം. കുട്ടികളെ സംഘങ്ങളാക്കി പഠിപ്പിക്കുന്നതിലുപരി

## മികവുകൾ

- കുട്ടികളിലെ ധാരണകളും ശേഷികളും വികസിക്കുന്നു.
- പഠന സംഘത്തെ വികസിപ്പിക്കുന്നതിനും ബഹുസ്വരത വളർത്തുന്നതിനും സഹായിക്കുന്നു.
- പഠനവിഷയങ്ങളിലുള്ള നൈപുണിയും പരസ്പരം പങ്കുവയ്ക്കലിന്റെ മൂല്യവും മനസ്സിലാക്കാൻ കഴിയുന്നു.

## സഹവർത്തിത പഠനം(Collaborative learnig)

രണ്ടോ അതിലധികമോ അംഗങ്ങളുള്ള സംഘം ഒരു പ്രശ്നം പരിഹരിക്കുന്ന-തിനോ, ഒരു പ്രവർത്തനം പൂർത്തിയാക്കുന്നതിനോ, ഒരു ഉൽപ്പന്നം സൃഷ്ടിക്കുന്നതിനോ ഉള്ള ശ്രമത്തിൽ ഉൾച്ചേർന്നു പ്രവർത്തിക്കുന്നതാണ് സഹവർത്തിതപഠനം. ഭിന്ന നിലവാരക്കാരായ പഠിതാക്കൾ സംഘംചേർന്നു പ്രവർത്തിക്കുന്നതുകൊണ്ടുതന്നെ ഓരോ അംഗത്തിനും സ്വന്തം പഠനത്തിലും മറ്റ് അംഗങ്ങളുടെ പഠനത്തിലും ഉത്തരവാദിത്വമുണ്ടായിരിക്കും.

# മികവുകൾ

- ചിന്താശേഷി, ഓർമ്മശക്തി, ആത്മവിശ്വാസം, ഭാഷണ ശേഷി, സാമൂഹ്യ ഇടപെടൽ ശേഷി, വ്യക്ത്യാന്തര ബന്ധം എന്നിവ വികസിക്കുന്നു.
- വിമർശനാത്മക ചിന്ത ഉദ്ദീപിപ്പിക്കുകയും, ചർച്ചകളിലൂടെയും സംവാദത്തിലൂടെയും ആശയവ്യക്തത ഉറപ്പുവരുത്തുകയും ചെയ്യുന്നു.
- പ്രശ്നപരിഹാരത്തിന് നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നു.
- പഠിതാക്കൾക്ക് പരസ്പരം സഹായിക്കുവാനും വികസിക്കുവാനും ഉത്തരവാദിത്വം ഉണ്ടാകുന്നു.
- പഠന ശൈലിയിലുള്ള വ്യത്യാസം അഭിസംബോധന ചെയ്യുകയും നൂതന പഠന രീതികളും തന്ത്രങ്ങളും വികസിപ്പിക്കുകയും ചെയ്യുന്നു.

- **അനുഭവപൂർണമായ പഠനം(Expermental learning )**

പ്രക്രിയാധിഷ്ഠിത പഠനരീതികളിലുൾപ്പെട്ട ഏറ്റവും പ്രധാനവും അറിയപ്പെടുന്നതുമായ പഠനശൈലിയാണ് കോൾബ്(kolb) അവതരിപ്പിച്ച അനുഭവ പൂർണ്ണമായ പഠനശൈലി. സംവേദനം( perception ), സംസ്കരണം (processing) എന്നിങ്ങനെ ഇതിന് രണ്ടു മുഖങ്ങളുണ്ട്. സംവേദനം പഠിതാവിന്റെ രൂപാത്മകവും (concrete) അല്ലാത്തതുമായ(co-abstract) ചിന്തയെക്കുറിച്ച് വിശദീകരിക്കുമ്പോൾ പഠനസമയത്തുള്ള പഠിതാവിന്റെ ചിന്താപരമായ വിവര സംസ്കരണ പ്രവർത്തനങ്ങളെയാണ് സംസ്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവയുടെ ഉദ്ഗ്രഥന ത്തിലൂടെ നാല് പഠനശൈലികൾ ഉൾക്കൊള്ളുന്ന ഒരു പഠനമാതൃക(mode of learning) രൂപീകരിക്കപ്പെട്ടിരിക്കുന്നത്.

**1 ബഹുതല ശൈലിയിലുള്ളവർ(Divergers):** വിവരങ്ങൾ രൂപാത്മകമായി സ്വാംശീകരിക്കാൻ കഴിവുള്ളവരാണിവർ. ചിന്തയിലൂടെയാണ് ഇവർ വിവര സംസ്ക്കരണം നടത്തുന്നത്.

**2. ഏകതല ശൈലിയുള്ളവർ(Convergers):** രൂപാത്മകമല്ലാത്ത രീതിയിൽ വിവരങ്ങൾ സ്വാംശീകരിക്കുന്നവരാണിവർ. ഒരു പഠന സാഹചര്യത്തിൽ വിശദവും ക്രമീകൃതമായ ഘട്ടങ്ങൾ ഇവയ്ക്ക് ആവശ്യമായിരിക്കും.

**3. സ്വാംശീകരണ ശൈലിയുള്ളവർ(Assimilators):** രൂപാത്മകമല്ലാത്ത രീതിയിൽ വിവരങ്ങൾ ശേഖരിക്കുകയും ക്രിയാത്മകമായി സംസ്കരിക്കുകയും ഒരു പ്രശ്നപരമായ പഠനപ്രവർത്തനത്തിൽ പ്രായോഗികമായി ഇടപെടുകയും ചെയ്യുന്നവരാണിവർ.

**4 സംസ്ഥാപന ശൈലിയുള്ളവർ(Accomodators):** വിവരങ്ങൾ രൂപാത്മകമായ രീതിയിൽ സ്വാംശീകരിക്കുകയും മറ്റാവശ്യമുള്ളതും

കുട്ടി നേരിട്ടുകണ്ട് അനുഭവിച്ചറിഞ്ഞ് ഒരു ആശയത്തിലേക്ക് എത്തിച്ചേരുവാൻ അനുഭവപൂർണ്ണമായ പഠനത്തിലൂടെ സാധ്യമാവുന്നു.താല്പര്യം,അനുഭവങ്ങളെ പ്രതിഫലിപ്പിക്കുവാൻ ഉള്ള കഴിവ്, തീരുമാനങ്ങളെടുക്കുന്നതിനും പ്രശ്നപരിഹരണത്തിനും അനുഭവങ്ങളിൽനിന്ന് ആശയങ്ങൾ രൂപവത്ക്കരിക്കുവാ നുമുള്ള കഴിവ് ഇവയെല്ലാം നടക്കുമ്പോൾ മാത്രമാണ് ഈ പഠനം നടക്കുന്നത്.

## മികവുകൾ

- മനസ്സിൽ എപ്പോഴും ഉറച്ചുനിൽക്കുന്നു.
- വ്യക്തിഗത വളർച്ച സാധ്യമാകുന്നു.
- കുട്ടിയുടെ കഴിവുകളെക്കുറിച്ച് ബോധമുണ്ടാവുന്നു.
- വിമർശനാത്മകചിന്ത വികസിക്കുന്നു.

- # പ്രതിഫലനാത്മക പഠനം(Reflective learning)

പ്രതിഫലന പഠനത്തിൽ വിദ്യാർത്ഥികൾ വായിച്ചതോ ചെയ്തതോ പഠിച്ചതോ ആയ കാര്യങ്ങളെക്കുറിച്ച് സ്വന്തം ജീവിതവുമായി ബന്ധപ്പെട്ട് ചിന്തിക്കുകയും മെറ്റീരിയലിൽ നിന്ന് അർത്ഥം ഉണ്ടാക്കുകയും ചെയ്യുന്നു.

**മികവുകൾ**

- പഠനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും വ്യക്തിഗത വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു.
- മെറ്റാകോഗ്നിറ്റീവ് അല്ലെങ്കിൽ ആന്തരിക ചിന്താ പ്രക്രിയയെക്കുറിച്ച് ബോധവാന്മാരാക്കുന്നു.
- പ്രവർത്തനങ്ങളിലൂടെ ഉദ്ദേശ്യങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നു.
- പഠനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾക്കും അതുവഴി ലഭിക്കുന്ന ഫലവും തമ്മിൽ ഒരു ബന്ധം ഉണ്ടായിരിക്കും

# സമപ്രായാധ്യാപനം(Peer Tutoring)

നൂതനമായ ഒരു പഠന-ബോധന സങ്കേതം എന്ന രീതിയിൽ സമപ്രായാധ്യാപനം വളരെ പ്രസക്തമാണ്. ഒരു പ്രത്യേക പാഠ്യവസ്തുവിനെക്കുറിച്ച് പ്രാഗത്ഭ്യമുള്ള കുട്ടി അതിനെ കുറിച്ച് അറിയാത്ത കുട്ടിക്ക് ബോധനമോ പരിശീലനമോ നൽകുന്ന രീതി യാണ് സമസമൂഹബോധനം. വിഷയങ്ങൾ പഠിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്വായത്തമാക്കുന്നതിന് ഒരു വിദ്യാർത്ഥിയെ സഹായിക്കുന്ന രീതിയാണിത്.

സമപ്രായാധ്യയനരീതിയിൽ പരിശീലകൻ(Tutor), പരിശീലിക്കപ്പെടുന്നവൻ (Tutee)എന്നിങ്ങനെ രണ്ടുപേർക്കിടയിലുള്ള സമയോജനപര മായ പ്രവർത്തനമാണ് നടക്കുന്നത്. പരിശീലനം നൽകുന്ന വിദ്യാർത്ഥിയാണ് ഇവിടെ പരിശീലകനെങ്കിൽ, പരിശീലനം സ്വീകരിക്കുന്ന വിദ്യാർത്ഥിയാണ് പരിശീലിക്കപ്പെടു ന്നവൻ.

**സമപ്രായാധ്യാപനത്തിന്റെ വ്യത്യസ്തരീതികൾ**

ടോപ്പിംഗ് (Topping-1988)സമസമൂഹപരിശീലനത്തിന്റെ മൂന്ന് രീതികൾ വിവരിക്കുന്നുണ്ട്.

1. വിരുദ്ധ പ്രായ പരിശീലനം(cross age tutoring)
2. അന്യോന്യ പരിശീലനം (reciprocal tutoring)
3. തുല്യപ്രായ പരിശീലനം (same age tutoring)

വിറ്റ്മാൻ(Whitman) സമപ്രായ അധ്യാപനം(near peer tutoring), പരസ്പരമായ സമപ്രായാധ്യാപനം എന്നിങ്ങനെ രണ്ട് രീതികളെക്കുറിച്ച് പറയുന്നുണ്ട്.ആദ്യത്തേതിൽ പരിശീലകൻ പഠനത്തിൽ മറ്റുള്ളവരേക്കാൾ ഉന്നതനിലവാരം പുലർത്തുന്നവർ ആകും. പരസ്പര പരിശീലനത്തിൽ നൈപുണികളുടെ കാര്യത്തിൽ രണ്ടുപേരും ഏറെക്കുറെ തുല്യനിലവാരം പുലർത്തുന്നവർ ആയിരിക്കും.

## അധ്യാപകന്റെ പങ്ക്

സമപ്രായാധ്യാപനത്തിലെ സംഘാടനത്തിൽ അധ്യാപകൻ പ്രധാന പങ്കു വഹിക്കേണ്ടതുണ്ട്. അധ്യാപകന്റെ ആത്മാർത്ഥതയും സഹകരണാത്മകവുമായ പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളും ബോധനത്തിന്റെ തത്വശാസ്ത്രവുമാണ് ഇതിന്റെ വിജയത്തെ നിർണ്ണയിക്കുന്നത്. അധ്യാപകന്റെ ആസൂത്രണവും ഉൾക്കാഴ്ചയും നിരീക്ഷണവും ചർച്ചയും ഈ പഠന രീതിയുടെ വിജയത്തിന് ആവശ്യമാണ്. പരിശീലന സമയത്ത് അധ്യാപകൻ മേൽനോട്ടം വഹിക്കുകയും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുകയും വേണം.

## സമപ്രായാധ്യയനത്തിന്റെ ഗുണങ്ങൾ

- പരിശീലകരായ വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്തുന്നു.
- പഠിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുവാനും പഠിച്ചവ പ്രാവർത്തികമാക്കുവാനും വിദ്യാർത്ഥികൾക്ക്

- ആരോഗ്യകരമായ സാമൂഹിക മനോഭാവങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ ക്ലാസ് റൂം അവസരങ്ങൾ ലഭിക്കുന്നു.
- താങ്ങൾക്ക് അവ്യക്തമായ കാര്യങ്ങൾ ഭയമോ മടിയോ കൂടാതെ ചോദിക്കുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നു.
- തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും വിജയപ്രദമായി ഇടപെടുന്നതിനും മറ്റുള്ളവരുമായി സഹകരണാത്മകമായി പ്രവർത്തിക്കുന്നതിനും വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു.

## പരിമിതികൾ

- അപൂർണ്ണമായ നടത്തിപ്പ്.
- ഒരേ സമയത്ത് ധാരാളം വിദ്യാർത്ഥികൾക്കാവശ്യമായ പഠനവസ്തുക്കളുടെ തയ്യാറാക്കൽ വിഷമകരമാകുന്നു.
- പരമ്പരാഗത രീതികൾക്ക് സ്കൂളുകളിൽ ലഭിക്കുന്ന സ്വീകാര്യത അധ്യാപകന്റെ ജോലിഭാരം വർദ്ധിപ്പിക്കുന്നു.

# വ്യവഹാര രൂപങ്ങൾ

ഉദ്ദേശ്യത്തിന് അനുയോജ്യമായ പ്രവർത്തനമാണ് വ്യവഹാരം.

ഭാഷയിലെ അവതരണ വൈവിധ്യമാണ് വ്യവഹാരങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരേ കാര്യം തന്നെ വിവിധ രൂപങ്ങളിൽ അവതരിപ്പിക്കാൻ കഴിയുമെന്നത് ഭാഷയുടെ ഒരു സവിശേഷതയാണ്. എന്നാൽ അവ ഓരോന്നും വ്യത്യസ്തവുമാണ്. " ഗൗരവാവഹമായ വിഷയങ്ങളെ അടിസ്ഥാനമാക്കി ആശയവിനിമയത്തിനു വേണ്ടി ഉപയോഗിക്കുന്ന ലിഖിതമോ വാചികമോ ആയ ഭാഷാ രൂപങ്ങളാണ് ഭാഷാവ്യവഹാര രൂപങ്ങൾ."

വ്യവഹാരങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ബോധനം, അഥവാ ബോധനത്തിൽ വിവിധ വ്യവഹാര രൂപങ്ങൾ പ്രയോഗിക്കുക എന്നതിനെ വ്യവഹാരാധിഷ്ഠിത ബോധനശാസ്ത്രം എന്നു വിളിക്കുന്നു.

## വ്യത്യസ്ത വ്യവഹാര രൂപങ്ങൾ

- **സാഹിത്യ സംബന്ധിയായ വ്യവഹാര രൂപങ്ങൾ - ഉദാ:** കഥ, കവിത, ആസ്വാദനം, കഥാപാത്ര നിരൂപണം, രചനകളുടെ താരതമ്യം, ...
- **ഭാഷാപരമായ വ്യവഹാര രൂപങ്ങൾ - ഉദാ:** ഭാഷാഘടകങ്ങളുടെ അപഗ്രഥനം, ഭാഷാ മാതൃകകൾ കണ്ടെത്തൽ , …
- **ആശയവിനിമയവുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങൾ - ഉദാ:** നിവേദനം, മുഖപ്രസംഗം, കത്ത്, അഭിമുഖം, …
- **വിജ്ഞാനപരമായ വ്യവഹാര രൂപങ്ങൾ - ഉദാ:** ഉപന്യാസം, ചർച്ച, സിംപോസിയം, …

❖ **പോസ്റ്റർ**

ഗൗരവാവഹമായ ആശയ വിനിമയത്തിനും പ്രചാരണത്തിനും വേണ്ടി പോസ്റ്റർ ഉപയോഗിക്കുന്നു. ചിത്രങ്ങൾ, ശീർഷകം, മുദ്രാവാക്യങ്ങൾ, അടിക്കുറിപ്പുകൾ എന്നിവ ഇതിൽ ഉൾക്കൊള്ളിക്കാം. പെട്ടെന്ന് വിഷയം ഗ്രഹിക്കാൻ കഴിയുമെന്നത് ഇതിന്റെ മേന്മയാണ്.

**സൂചകങ്ങൾ**

ആകർഷകത്വം

വ്യക്തമായ ശീർഷകം

അടിക്കുറിപ്പ് (സന്ദേശം വ്യക്തമാവുന്ന തരത്തിൽ)

കൃത്യമായ ക്രമീകരണം

❖ **എഡിറ്റോറിയൽ (മുഖപ്രസംഗം)**

പത്രത്തിന്റെ അഭിപ്രായവും വീക്ഷണവും വ്യക്തമാക്കാൻ പത്രത്തിൽത്തന്നെയുള്ള ഇടമാണ് എഡിറ്റോറിയൽ. മുഖപ്രസംഗത്തിൽ ആനുകാലിക പ്രാധാനമുള്ള വിഷയത്തെക്കുറിച്ച് പത്രത്തിന്റെ അഭിപ്രായ ലേഖകൻ രേഖപ്പെടുത്തുന്നു.

**സൂചകങ്ങൾ**

അനുയോജ്യമായ ശീർഷകം

ലളിതവും ആധികാരികവുമായ ഭാഷ

സ്വാഭിപ്രായം അവതരിപ്പിക്കണം

ശൈലി പ്രയോഗങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകണം

പരിഹാസ നിർദ്ദേശങ്ങൾ ഉൾപ്പെടുത്താം

❖ **തിരക്കഥ**

എന്താണ് തിരശ്ശീലയിൽ കാണേണ്ടത് എന്നതിനെപ്പറ്റി കൃത്യമായും വ്യക്തമായും എഴുതുന്ന വാങ്മയ രൂപം. വിവിധ ഘടകങ്ങൾക്ക് പ്രാധാന്യം ഉണ്ടെങ്കിലും ദൃശ്യപരതയ്ക്കാണ് പ്രാധാന്യം കൂടുതൽ. ഓരോ കഥാപാത്രത്തിന്റെയും മനോവ്യാപാരം കൃത്യമായി മനസിലാക്കാൻ സാധിക്കണം

**സൂചകങ്ങൾ**

കഥയുണ്ടായിരിക്കണം.

കഥാപാത്രങ്ങളുണ്ടായിരിക്കണം (അവരുടെ മനോവ്യാപാരം വ്യക്തമാവണം).

പശ്ചാത്തല വിവരണം കൃത്യമായിരിക്കണം.

ദൃശ്യവൽക്കരണത്തിന് സാധ്യതയുണ്ടായിരിക്കണം.

ഗാനങ്ങൾ എവിടെ എന്ന് രേഖപ്പെടുത്തണം.

കാര്യങ്ങൾ വ്യക്തമായി സൂചിപ്പിക്കണം

ഷോട്ട്, സീൻ എന്നിവയെക്കുറിച്ച് ധാരണ വേണം.

സംഭാഷണം ചുരുങ്ങിയതായിരിക്കണം.

വിനോദാത്മകവും സന്ദേശങ്ങൾ ഉൾക്കൊള്ളുന്നവയുമാവണം

## ❖ പത്രക്കുറിപ്പ്

പത്രത്തിൽ നൽകുന്നതിനു വേണ്ടി ഒരു സംഭവത്തെക്കുറിച്ചുള്ള രൂപരേഖ തയ്യാറാക്കുന്നതാണ് പത്രക്കുറിപ്പ് അഥവാ പ്രസ്സ് നോട്ട്.

**സൂചകങ്ങൾ**

അനുയോജ്യമായ ശീർഷകം.

വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളണം.

കൃത്യമായി വിവരങ്ങൾ ഉണ്ടായിരിക്കണം.

വിവരങ്ങൾ സത്യസന്ധമായിരിക്കണം.

ഹ്രസ്വവും സംക്ഷിപ്തവുമാവണം

വായനക്കാർക്ക് ആശയക്കുഴപ്പമുണ്ടാക്കരുത

സമയബന്ധിതമായിരിക്കണം.

## ❖ **പ്രസംഗം / പ്രഭാഷണം**

- ➢ അഭിസംബോധന
- ➢ ലളിതമായ ഭാഷ
- ➢ ആശയ വ്യക്തത
- ➢ വിഷയാധിഷ്ഠിതം
- ➢ ബോധവൽക്കരണം
- ➢ പ്രചാരണം
- ➢ ആദർശം ശബ്ദവിന്യാസം
- ➢ പ്രചോദനം, സംസാരത്തിന്റെ ഒഴുക്ക്
- ➢ ഉച്ചാരണശുദ്ധി, സ്പുടത. അംഗവിക്ഷേപം

**വ്യത്യസ്ത തരം പ്രസംഗങ്ങൾ -** സ്വാഗത പ്രസംഗം, അദ്ധ്യക്ഷ പ്രസംഗം, ഉദ്ഘാടന പ്രസംഗം, ആമുഖ പ്രസംഗം, അനുസ്മരണ പ്രസംഗം.

## ❖ **സിംപോസിയം**

ഒരു വിഷയത്തെ സംബന്ധിച്ചുള്ള വ്യത്യസ്ത വശങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഒരു സദസിന് മുന്നിൽ അവതരിപ്പിക്കുന്നതാണ് സിംപോസിയം.

**സൂചകങ്ങൾ**

പറയാൻ പോകുന്ന വിഷയത്തെക്കുറിച്ചുള്ള ഗാഢമായ അറിവ് .

സദസ്യർക്ക് പങ്കെടുക്കാനുള്ള അവസരമില്ല.

**പാനൽ ചർച്ച**

തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിനുള്ളിൽ നടക്കുന്ന ചർചയാണ് പാനൽ ചർച്ച . ഒരു വിഷയത്തെപ്പറ്റി വ്യത്യസ്ത കോണുകളിൽ നിന്നുള്ള വസ്തുതകളും അഭിപ്രായങ്ങളും വാദഗതികളും തിരഞ്ഞെടുക്കപ്പെട്ടവർ സദസിന് മുൻപിൽ അവതരിപ്പിക്കുന്നു.

- **നിവേദനം**

സാമൂഹിക ആവശ്യം ഉന്നയിച്ചു കൊണ്ട് പ്രശ്ന പരിഹാരത്തിനായി ബന്ധപ്പെട്ട അധികാരികൾക്ക് നൽകുന്ന അപേക്ഷ.

**സൂചകങ്ങൾ**

ഘടന

മുകളിൽ തീയതി, സ്ഥലം (വലത് വശത്ത് ) -ഇപ്പോൾ താഴെ എഴുതി വരുന്നു.

പ്രേക്ഷിത , സ്വീകർത്താവ് (ഇടത്).

വിഷയം.

അഭിസംബോധന.

പ്രശ്നാവതരണം.

പ്രശ്നങ്ങൾ കൊണ്ടുള്ള ബുദ്ധിമുട്ടുകൾ .

പ്രശ്നപരിഹാരം നിർദ്ദേശിക്കുക / അപേക്ഷിക്കുക.

ഉപസംഹാരം

ഉചിതമായ ഭാഷ

## ❖ കത്ത്

* ഔദ്യോഗിക കത്ത് - ലഘു

* അനൗദ്യോഗിക കത്ത്

* പത്രാധിപർക്കുള്ള കത്ത്

* സൗഹൃദപരമായ കത്ത

കത്തിന്റെ ഉള്ളടക്കത്തിന് പ്രാധാന്യം നൽകുക. സൗഹൃദപരമല്ലാത്ത തരം കത്തിന് നിവേദനം പോലെ ഘടന സ്വീകരിക്കാം. വിഷയാവതരണമാണിവിടെ പ്രധാനം. പ്രേഷിതൻ , സ്വീകർത്താവ് എന്നിവ മുകളിൽ ഇടതു വശത്ത് നൽകുക. സൗഹൃദ പരമായ കത്തിൽ ആത്മബന്ധം നിലനിർത്തുന്ന തരം വ്യക്തിപരമായ ഭാഷയും സ്വാതന്ത്ര്യവുമാവാം.

## ❖ നോട്ടീസ് / ബ്രോഷർ

കാര്യപരിപാടികളുടെ കൃത്യമായ വിവരങ്ങൾ. ഔദ്യോഗിക ആവശ്യങ്ങൾക്കുയോഗിക്കും വിധമാവണം. ബോധവൽക്കരണം, അറിയിപ്പ്

ഉൾക്കൊള്ളിക്കണം. ഘടന, സ്ഥലം, തീയതി, സംബോധന, കാര്യപരിപാടി വിവരണം തുടങ്ങിയവ ഉൾക്കൊള്ളണം.

❖ **ലഘുലേഖ**

➢ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കാൻ ഉപയോഗിക്കുന്നു
➢ ബോധവൽക്കരണത്തിന്
➢ സമൂഹത്തെ ബാധിക്കുന്ന ഏതെങ്കിലും പ്രശ്നത്തെ അടിസ്ഥാനമാക്കിയാവാം
➢ ശീർഷകം
➢ സംബോധന
➢ പ്രശ്നാവതരണം
➢ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തണം

❖ **പരസ്യം**

➢ ബോധവൽക്കരണത്തിനും പ്രശ്നാവതരണത്തിനും

- ലളിതവും ആകർഷകവുമായ ഭാഷ
- അമിതമായി അതിശയോക്തി ഉണ്ടാവരുത്
- ചുരുങ്ങിയ വാക്കുകളിൽ ഭംഗിയായി ആശയാവതരണം

**യാത്രാവിവരണം**

- ആലങ്കാരികമായ ഭാഷ
- യാത്രയിൽ ഉണ്ടായ അനുഭവങ്ങളുടെ കൃത്യമായ വിവരണം
- നിരീക്ഷണ പാടവം
- ഉചിതമായ ശീർഷകം. മികച്ച അവതരണം
- വിനോദത്തോടൊപ്പം വിജ്ഞാന അവതരണത്തിനും സാധ്യത കണ്ടെത്തുക

**വിവരണം**

- വസ്തുനിഷ്ഠമായിരിക്കണം , ഭാവനയ്ക്കല്ല സ്ഥാനം
- പറയുന്നതിൽ ക്രമം പാലിക്കണം
- ഉചിതമായ ഭാഷ തെരഞ്ഞെടുക്കാം . നല്ല ശീർഷകം നൽകാം.

❖ **വർണ്ണന**

➢ ഉചിതമായ ശീർഷകം
➢ ആലങ്കാരികമായ ഭാഷ
➢ ആശയ പൂർണ്ണത
➢ അനുഭവ വേദ്യത
➢

❖ **താരതമ്യക്കുറിപ്പ്**

➢ അനുയോജ്യമായ ഭാഷ
➢ താരതമ്യം തിരിച്ചറിയൽ
➢ സ്വന്തം കാഴ്ചപ്പാട്
➢ ആശയ ക്രമീകരണം

❖ **ഫീച്ചർ**

➢ ലേഖകന്റെ കാഴ്ചപ്പാട്
➢ സാഹിത്യപരമായ വാക്കുകളുടെ ഉപയോഗം

- നല്ല ഭാഷ
- ശൈലികളും പ്രയോഗങ്ങളും ഉൾപ്പെടുത്താം.

- **ഈണം കണ്ടെത്തൽ**
- താളബോധം
- ഈണം ഉണ്ടാവണം
- ഭാവം
- ഊർജസ്വലത
- സംഘബോധം
- പങ്കാളിത്തം
- അക്ഷര ശുദ്ധി
- **അനുഭവക്കുറിപ്പ്**
- അനുഭവം
- ആത്മാംശം

- ഭാവന
- ഉചിതമായ ഭാഷ
- അവതരണ രീതി
- വൈവിധ്യം

**❖ കഥാപാത്ര നിരൂപണം**

- കഥാപാത്ര സവിശേഷത
- കഥാപാത്രം കഥയിൽ നിലനിർത്തുന്ന മൂല്യങ്ങൾ
- കഥാപാത്രത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്
- ഉചിതമായ ഭാഷ
- ഉപസംഹാരം
-

**❖ ചർച്ച**

- ചർച്ചയിലെ ഇടപെടൽ
- മുന്നോട്ടു വയ്ക്കുന്ന മികവുറ്റ ആശയങ്ങൾ

- ➢ വിഷയത്തെക്കുറിച്ചുള്ള ധാരണ
- ➢ ആശയ ക്രോഡീകരണം
- ➢ അവതരണം

❖ **ഉപന്യാസം**

വിഷയം സംഘത്തിൽ ചർച്ച ചെയ്യുന്നു. പാഠഭാഗത്ത് പരാമർശിക്കുന്ന സൂചനകൾ കണ്ടെത്തുന്നു. വ്യക്തിഗതമായി നൽകുന്നു.

- ➢ പരമാവധി ആശയങ്ങളെ ഉൾക്കൊള്ളണം
- ➢ ആശയങ്ങളുടെ കൃത്യമായി ക്രമീകരണം
- ➢ ഉചിതമായ ഭാഷ (പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ)
- ➢ പ്രബന്ധ ഘടന പാലിക്കുക
- ➢ ഖണ്ഡിക
- ➢ നിരീക്ഷണങ്ങളുടെയും നിലപാടുകളുടെയും അവതരണം

- **ആസ്വാദനക്കുറിപ്പ്**
  - പ്രമേയം
  - ഭാഷാശൈലി
  - പ്രയോഗ ഭംഗി
  - ആഖ്യാന ശൈലി

- **നാടകാവതരണം**
  - സ്ക്രിപ്റ്റ്
  - പങ്കാളിത്തം
  - അവതരണം
  - അഭിനയം
  - പിന്നണി
  - രംഗ സജ്ജീകരണം

- ❖ **വിശകലനക്കുറിപ്പ്**
- ➢ ആശയ വ്യക്തത
- ➢ ഉചിതമായ ഭാഷ
- ➢ ആശയങ്ങളുടെ സമഗ്രത

- ❖ **അക്ഷരശ്ലോകം**
- ➢ ഉച്ചാരണ സ്ഫുടത
- ➢ താളബോധം
- ➢ വൈവിധ്യം
- ➢ മനഃപാഠം
- ❖ **പതിപ്പ്**
- ➢ ആകർഷകമായ പേര്
- ➢ എഡിറ്റോറിയൽ
- ➢ വിഷയ വൈവിധ്യം

- ➢ അവതരണത്തിലെ വ്യത്യസ്തത
- ➢ സമഗ്രതയും ആകർഷകത്വവും
- ➢ അടിക്കുറിപ്പുകൾ

❖ **ചുമർ പത്രിക**

- ➢ ശീർഷകം
- ➢ ചിത്രങ്ങൾ
- ➢ ആകർഷകമായ വിന്യാസം
- ➢ ലഘു വിവരണങ്ങൾ
- ➢ കുട്ടികളുടെ വരകൾ
- ➢ അവതരണം

❖ **സെമിനാർ**

- **അവതരണത്തിനു മുൻപ്** : സംഘങ്ങൾക്ക് വിഷയവും മറ്റു വിവരങ്ങളും നൽകുക. ചുമതലകൾ നൽകുക. വിപുല വിവരശേഖരണം, പ്രബന്ധങ്ങൾ

തയ്യാറാക്കൽ, പരസ്യം, നോട്ടീസ് തുടങ്ങിയ ഒരുക്കങ്ങൾ നടത്തണം.

- **അവതരണം :** സ്വാഗതം, ആമുഖം, അവതരണം, അവതരണ ശേഷമുള്ള ചർച്ച, ചർച്ചാക്കുറിപ്പ് രേഖപ്പെടുത്തൽ, മോഡറേറ്ററുടെ ക്രോഡീകരണം.
- **അവതരണ ശേഷം:** സെമിനാർ റിപ്പോർട്ട് തയ്യാറാക്കൽ, ചർച്ചാക്കുറിപ്പ് വികസിപ്പിച്ച് വ്യക്തിഗതമായ പ്രബന്ധങ്ങൾ തയ്യാറാക്കൽ

## ❖ പുറന്താൾ കുറിപ്പ്

കൃതിയുടെ കേന്ദ്ര ആശയം ഉണ്ടാവണം. ആശയാവതരണത്തിന് ലളിതവും ആകർഷകവുമായ ഭാഷ ഉപയോഗിക്കുക. ഉള്ളടക്കം, സൂചന, കൃതിയുടെ പേര്, പ്രസാദകരുടെ പേര് തുടങ്ങിയവ ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കുക.

AJAYLAL



**Prepared By : AJAY LAL M**

# ഉള്ളടക്കം


1 അധ്യാപന മാതൃകകൾ 73-95

2 ആശയ സമ്പാദന 96-107

3 സർഗാത്മക പരിശീലന മാതൃക 108-137

# അധ്യാപന മാതൃകകൾ

1960- കളിൽ ഉടലെടുത്ത ഒരു ബോധന ചിന്താഗതിയാണ് അധ്യാപന മാതൃകകൾ.

## നിർവ്വചനങ്ങൾ

ബോധന ഉപകരണങ്ങളുടെ സഹായത്തോടെ മുഖാമുഖ ബോധനം സാധ്യമാക്കാൻ സഹായിക്കുന്ന ബോധന രേഖയാണ് അധ്യാപന മാതൃകകൾ.

**- ബ്രൂസ് ജോയ്സ്, മാർഷാ വെയ്ൽ**

അദ്ധ്യാപന മാതൃകകൾ പ്രബോധന രൂപകൽപ്പന മാത്രമാണ്. പ്രത്യേക പാരിസ്ഥിതിക സാഹചര്യങ്ങൾ വ്യക്തമാക്കുകയും ഉൽപാദിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയെ അവർ വിവരിക്കുന്നു, അത് വിദ്യാർത്ഥിയുടെ പെരുമാറ്റത്തിൽ പ്രത്യേക മാറ്റം സംഭവിക്കുന്ന തരത്തിൽ ഇടപഴകാൻ കാരണമാകുന്നു.

- **ബ്രൂസ് ജോയ്സ്, മാർഷാ വെയ്ൽ (1972: 2)**

അദ്ധ്യാപന മാതൃക ഒരു പാഠ്യപദ്ധതിയോ കോഴ്സോ രൂപപ്പെടുത്തുന്നതിനും നിർദ്ദേശ സാമഗ്രികൾ തിരഞ്ഞെടുക്കുന്നതിനും അധ്യാപകരുടെ പ്രവർത്തനത്തെ നയിക്കുന്നതിനും ഉപയോഗിക്കുന്ന ഒരു "പാറ്റേൺ അല്ലെങ്കിൽ പ്ലാൻ" ആണ്.

- **ബ്രൂസ് ജോയ്സ്, മാർഷാ വെയ്ൽ (1972: 3)**

വിദ്യാഭ്യാസ പ്രവർത്തനങ്ങളും പരിസ്ഥിതികളും രൂപകൽപ്പന ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു അദ്ധ്യാപന മാതൃക. ചിലതരം ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിച്ചുള്ള അധ്യാപനത്തിന്റെയും പഠനത്തിന്റെയും വഴികൾ ഇത് വ്യക്തമാക്കുന്നു

- **ബ്രൂസ് ജോയ്സ്, മാർഷാ വെയ്ൽ** (1978: 2)

പ്രത്യേക പ്രബോധന ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള നിർദ്ദേശിത അധ്യാപന തന്ത്രങ്ങളാണ് മോഡലുകൾ.

- **പോൾ ഡി. ഈഗൻ, ഇ.ടി. അൽ** (1979: 12)

നിർദ്ദിഷ്ട ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ഒരു ശ്രേണിയിൽ ക്രമീകരിച്ചിരിക്കുന്ന പരസ്പരബന്ധിതമായ ഘടകങ്ങളുടെ ഒരു കൂട്ടമാണ് അധ്യാപന മാതൃക. പ്രബോധന പ്രവർത്തനങ്ങളും പരിസ്ഥിതി സൗകര്യങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നിശ്ചിത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഇത് സഹായിക്കുന്നു.

**- ജംഗിറയും മറ്റുള്ളവരും (1983: 10)**

- വിവിധ പഠന സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി, വിവിധ ബോധന തന്ത്രങ്ങളിലൂടെ പാഠന വസ്തുക്കൾ എങ്ങനെ പഠിപ്പിക്കണമെന്ന് വിവരിക്കുന്നവയാണ്  ബോധന മാതൃകകൾ.
- പാഠ്യപദ്ധതി, പാഠ്യവസ്തു എന്നിവയ്ക്ക് അനുയോജ്യമായ പഠനോപകരണങ്ങളാണ് തയ്യാറാക്കേണ്ടത്.
- അധ്യാപകനും കുട്ടിയും തമ്മിലുള്ള പരസ്പരബന്ധം സാധ്യമാകുന്ന പഠനാന്തരീക്ഷം, ബോധനതന്ത്രങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്ന മുൻകൂർ ധാരണ എന്നിവയ്ക്ക് അനുസൃതമായാണ് ബോധന മാതൃകകളുടെ നിർമ്മിതി.

ബോധന മാതൃകകൾ അടിസ്ഥാനപരമായ ചില ഘട്ടങ്ങളിലൂടെ കടന്നു പോകുന്നവയാണ്.

- ➢ വിന്യാസക്രമം
- ➢ സാമൂഹികവ്യവസ്ഥ
- ➢ പ്രക്രിയാതത്വം
- ➢ പിന്തുണാവ്യവസ്ഥ
- ➢ ഫലങ്ങൾ

**വിന്യാസക്രമം (Syntax)**

❖ ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതാണ് വിന്യാസക്രമം.

- ഓരോ പഠനമാതൃകയും വ്യത്യസ്ത തരത്തിലാണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്.
- അധ്യാപകനും വിദ്യാർത്ഥിയും അടങ്ങുന്ന പഠനപ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലൂടെയാണ് നടക്കുന്നത്.

**സാമൂഹികവ്യവസ്ഥ (Social System)**

- ക്ലാസ് മുറിയിലെ അധ്യാപകനും വിദ്യാർത്ഥിയും തമ്മിലുള്ള പ്രവർത്തനം ഏതുരീതിയിൽ ഉള്ളതാണെന്ന് വിലയിരുത്തുന്ന സവിശേഷതയാണ് സാമൂഹിക വ്യവസ്ഥ.
- വ്യത്യസ്ത മാതൃകകളിൽ ഈ പ്രവർത്തനം വ്യത്യസ്ത രീതിയിലായിരിക്കും.
- ചില മാതൃകകളിൽ അദ്ധ്യാപകനും വിദ്യാർത്ഥിക്കും തുല്യപ്രാധാന്യമായിരിക്കും ഉണ്ടായിരിക്കുക.

## പ്രക്രിയാതത്വം (Principle of Reaction)

- ❖ പഠനസമയത്ത് വിദ്യാർത്ഥികളോടുള്ള അധ്യാപകന്റെ പെരുമാറ്റ മനോഭാവം എങ്ങനെയായിരിക്കണം എന്നു വിശദമാക്കുന്ന തത്വമാണിത്.
- ❖ ചില പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായാണ് അധ്യാപകൻ കുട്ടികളോട് പ്രതികരിക്കേണ്ടത്.
- ❖ കുട്ടികളിൽ അനുയോജ്യമായ പ്രതികരണങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ സഹായിക്കുന്ന തരത്തിലുള്ള പെരുമാറ്റമാവണം അധ്യാപകന്റേത്.

## പിന്തുണാവ്യവസ്ഥ (Support System)

- ബോധന മാതൃകയിലൂടെയുള്ള പഠനപ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന് അധ്യാപകൻ ഉപയോഗിക്കുന്ന എല്ലാതരം വസ്തുക്കളും ഉൾപ്പെടുന്നതാണ് ബോധത്തിലെ പിന്തുണ വ്യവസ്ഥ.

  ഉദാഹരണം : ചിത്രങ്ങൾ,  ചാർട്ടുകൾ, പുസ്തകങ്ങൾ, മറ്റ് ഉപകരണങ്ങൾ.

  **ഫലങ്ങൾ (Effect )**

  ബോധന മാതൃകകളിലൂടെയുള്ള പഠനത്തിന്റെ ഫലമായി രണ്ടുതരത്തിലുള്ള ഫലങ്ങൾ കുട്ടികളിൽ ഉണ്ടാവും.

**1. പ്രത്യക്ഷ ഫലങ്ങൾ :** നിശ്ചിതമായ അവസ്ഥകളിലൂടെ ഒരു പാഠ്യവസ്തു പഠിക്കുന്നത്തിന്റെ ഫലമായി പഠിതാവ് നേടുന്ന ഫലങ്ങളാണ് പ്രത്യക്ഷ ബോധന ഫലങ്ങൾ.

**2. പരോക്ഷ ഫലങ്ങൾ :** പ്രത്യേകമായ പഠനാന്തരീക്ഷത്തിലൂടെ കുട്ടി നേടുന്ന ഫലങ്ങളാണ് പരോക്ഷ ബോധന ഫലങ്ങൾ.

## വിവിധതരം ബോധന മാതൃകകൾ

❖ ദാർശനിക മാതൃകകൾ (Philosophical Models)
❖ മനശ്ശാസ്ത്രപരമായ മാതൃകകൾ (Psychological Methods)
❖ ആധുനിക ബോധന മാതൃകകൾ (Modern Teaching Models)

**ദാർശനിക മാതൃകകൾ**

ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മാതൃകകളാണിവ. ഇവയെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

**1. മനോമുദ്രണ മാതൃക :** ജ്ഞാനേന്ദ്രിയങ്ങളും ഭാഷയും ഉപയോഗിച്ച് ശുദ്ധമായ സ്ലേറ്റ് പോലെയുള്ള കുട്ടികളുടെ മനസ്സിൽ അനുഭവങ്ങൾ കൊണ്ട് ചാർത്തുന്ന ബൗദ്ധിമുദ്രണമാണ് പഠനം എന്നാണ് ഈ മാതൃകയിൽ പഠനത്തെക്കുറിച്ച് പറയുന്നത്.

**2. അന്തർദൃഷ്ടി മാതൃക** : അന്തർ ദൃഷ്ടിയിലൂടെയും അറിവ് നേടാമെന്ന തത്വാധിഷ്ഠിതമാണ് ഈ മാതൃക.

പഠനപ്രവർത്തനങ്ങൾ നടക്കുന്നതിനിടയിൽ ഇത്തരം കഴിവുകൾ വികസിപ്പിക്കുന്നതിന് സഹായകമാകേണ്ടതും അധ്യാപകനാണ്.

**3. വ്യവസ്ഥാപിത മാതൃക** : ചില വ്യവസ്ഥകൾക്ക് അനുസൃതമായാണ് കുട്ടികളിൽ യുക്തിചിന്ത വളരുന്നത്. കാര്യങ്ങളെ യുക്തിപൂർവ്വം വിശകലനം ചെയ്യുന്നതിന് സഹായിക്കുന്ന തരം മാതൃകകളാണ് വ്യവസ്ഥാപിത മാതൃകകൾ.

## മനശാസ്ത്രപരമായ ബോധന മാതൃകകൾ

മനശാസ്ത്ര തത്വങ്ങളിലധിഷ്ഠിതമായ പഠന തത്വങ്ങളെ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്ത മാതൃകകളാണിവ.

രണ്ടുതരം മാതൃകകളാണ് ഇതിൽ ഉൾപ്പെടുന്നത്.

**1. അടിസ്ഥാന ബോധന മാതൃക :** ക്രമത്തിലുള്ള ചില പ്രവർത്തനങ്ങളിലൂടെ പഠനം പുരോഗമിക്കുന്ന തരത്തിലുള്ള മാതൃകയാണിത്.

ഗ്ലേസർ 1902- ലാണ് ഈ മാതൃക വികസിപ്പിച്ചെടുത്തത്. ബോധന ലക്ഷ്യങ്ങൾ, അത്  നേടുന്നതിനുള്ള ബോധന പ്രക്രിയ,

ഇത് വിലയിരുത്തുന്ന പ്രകടന നിർണയം, ഇതിനൊക്കെയുള്ള പ്രാരംഭ വർത്തനം ഇവയെല്ലാം കൂടിച്ചേരുന്നതാണ് അടിസ്ഥാന ബോധന മാതൃക.

**2. കമ്പ്യൂട്ടർ ബോധന മാതൃക** : പഠനപ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്ന ഇത്തരം മാതൃകകലാണിത്.

ലോറൻസ് സ്റ്റലോറൊ, ഡാനിയൽ ഡേവിസ് എന്നിവർ 1965 - ലാണ് ഈ മാതൃക വികസിപ്പിച്ചെടുത്തത്.

**ആധുനിക ബോധന മാതൃകകൾ**

അടുത്തകാലത്തായി വികസിപ്പിച്ചെടുത്തതാണ് ആധുനിക ബോധന മാതൃകകൾ. ബ്രൂസ് ജോയ്സും മാർഷാ വേയിലും ഈ മാതൃകകളെ വ്യത്യസ്തമായ നാല് കുടുംബങ്ങളിൽ ഉൾപ്പെടുത്തിയാണ് വിശദീകരിക്കുന്നത്.

1.സാമൂഹികം

2. വിജ്ഞാന പ്രക്രിയാ പരം

3. വ്യക്തിപരം

4. വർത്തന പരിണാമം

ഈ 4 കുടുംബങ്ങളിലായി ആകെ 21 മാതൃകകളാണുള്ളത്.

**സാമൂഹിക കുടുംബം (Social Family)**

സംഘമായി പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഗുണങ്ങളെ പഠനത്തിൽ പ്രയോജനപ്പെടുത്തുന്ന മാതൃകയാണിത്.

ഈ പ്രക്രിയയിൽ സംഘമായി പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഊർജത്തെ സഞ്ചിതോർജ്ജം എന്ന് വിളിക്കുന്നു.

നാല് ബോധന മാതൃകകളാണ് ഈ കുടുംബത്തിൽ ഉൾപ്പെടുന്നത്

- ❖ **പങ്കാളിത്ത പഠനം** - ഡേവിഡ് ജോൺസൺ & റോജർ ജോൺസൺ
- ❖ **സംഘടിത അന്വേഷണം** - ജോൺ ഡ്യൂയി & ഹെർബർട്ട് തെലൻ
- ❖ **പാത്രനാട്യം** - ഫാനീ ഷാഫ്ടെൽ
- ❖ **നൈയാമികാന്വേഷണം** - ഡൊണാൾഡ് ഒലിവർ & ജെയിംസ് ഷാവേർ

**വിജ്ഞാന പ്രക്രിയ മാതൃകകൾ** : ദത്തങ്ങൾ ശേഖരിക്കുകയും അവയെ ക്രമപ്പെടുത്തി അപഗ്രഥിച്ചശേഷം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള മനുഷ്യന്റെ ആന്തരിക ചോദനയെ ഉപയോഗപ്പെടുത്തി സൃഷ്ടിച്ച ബോധന മാതൃകയാണിത്.

ഈ കുടുംബത്തിൽ ഏഴ് മാതൃകകളാണുള്ളത്.

- **ആഗമന ചിന്തനം** - ഹിൽഡാ റ്റാബാ
- **ആശയ സമ്പാദനം** - ജെ. എസ്. ബ്രൂണർ
- **മുൻകൂർ സംഘാടനം** - ഡി.പി. ഒസ്ബെൽ
- **ശാസ്ത്രീയാന്വേഷണം** - ജോസഫ് ഷോബ്

- **സിനെറ്റിക്സ്** - ബിൽ ഗോർഡൻ
- **സ്മരണ വിദ്യ** - പ്രെസ്‌ലി,  ലെവിൻ,  ആൻഡേർസൺ
- **അന്വേഷണ പരിശീലനം** - റിച്ചാർഡ് സച്ച്മാൻ

ഈ 7 മാതൃകകൾക്കും പുറമേ പഠിതാവിന്റെ വൈജ്ഞാനിക വികസനത്തിനെ അടിസ്ഥാനമാക്കിയുള്ള ചില മാതൃകകളും ഈ കുടുംബത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെ പൊതുവെ ബോധനരൂപരേഖ മാതൃകകൾ എന്നു പറയുന്നു. വ്യക്തി വ്യത്യാസങ്ങൾക്ക് അനുസൃതമായ ബോധന രീതികളാണിവ.

- ❖ ധാരണാ വ്യവസ്ഥിതി സിദ്ധാന്തം - ഡേവിഡ് ഹണ്ട്, ഒ.എസ്. ഹാർനി, ഹാരി ഷ്രോഡർ
- ❖ വൈജ്ഞാനിക വികസനം - ജീൻ പിയാഷെ
- ❖ പഠന നിബന്ധനകൾ - റോബർട്ട് ഗാഗ്നെ

**വൈയക്തിക കുടുംബം** : വ്യക്തിപരമായ പ്രവർത്തനങ്ങൾക്കും കാഴ്ചപ്പാടിനും പ്രാധാന്യം നൽകുന്ന മാതൃകയാണിത്.

സ്വയം പ്രവർത്തനം നടത്തുന്നതു കൊണ്ടു തന്നെ ഉത്തരവാദിത്വബോധം, വ്യക്തിത്വവികസനം, സ്വതന്ത്ര ചിന്താഗതി എന്നീ ഗുണങ്ങൾ പഠിതാവിലുണ്ടാക്കാൻ സഹായിക്കുന്നു.

രണ്ട്  മാതൃകകളാണ് ഇതിനുള്ളത്

1. പരോക്ഷ ബോധനം - കാൾ റോജേഴ്സ്
2. ആത്മാദരവർദ്ധനം - എബ്രഹാം മാസ്ലോ

**വർത്തന സ്ഥിതി മാതൃകകൾ**

പഠന പ്രവർത്തനങ്ങൾക്കനുസൃതമായി കുട്ടികളിൽ നിരീക്ഷിക്കാവുന്നതും അളക്കാവുന്നതുമായ വർത്തന വ്യതിയാനങ്ങൾ ഉണ്ടാവണമെന്ന തത്വത്തിൽ അധിഷ്ഠിതമാണ് ഈ മാതൃകകൾ.

അഞ്ച് മാതൃകയാണ് ഈ വിഭാഗത്തിൽപ്പെടുന്നത്

- ❖ **അതിപ്രാവീണ്യ പഠനം** - ബെഞ്ചമിൻ എസ് ബ്ലും
- ❖ **വിഡംബനം** - കാൾ സ്മിത്ത്, മേരി സ്മിത്ത്
- ❖ **സാമൂഹികപഠനം** - ആൽബർട്ട് ബന്ധുര
- ❖ **ആഗന്ധിക നിർവ്വഹണം** - ബി. എഫ്. സ്കിന്നർ
- ❖ **പ്രത്യക്ഷ ബോധനം** - ജെറി ബ്രോഫി, കാൾ ഗെരീറ്റർ, സിഗ്ഗി എയ്ഞ്ചൽമാൻ, വെസ് ബെക്കർ



# ആശയ സമ്പാദന മാതൃക

## ആശയ സമ്പാദന മാതൃക

- ❖ പഠിച്ചതും പഠിക്കേണ്ടതും ഒരു കൂട്ടം ആശയങ്ങൾ ആണെന്ന ബ്രൂണറുടെ സിദ്ധാന്തത്തിൽ നിന്ന് ഉൽഭവിച്ച് മാതൃകയാണ് ആശയ സമ്പാദന മാതൃക.
- ❖ ക്ലാസ് മുറികളിൽ ആശയ സമ്പാദന പ്രക്രിയയാണ് മുൻതൂക്കം കൊടുക്കേണ്ടത്.
- ❖ ആശയങ്ങൾ സംക്ഷിപ്തമാണ്. അതുകൊണ്ട് തന്നെ അവയുടെ ക്രമീകരണം എളുപ്പമാണ്. ആശയങ്ങളുടെ ഉപയോഗം വിശാലവും അത് പഠനത്തിന്റെ സത്തയുമാകുന്നു.

## 1. വിന്യാസക്രമം

മൂന്നു ഘട്ടങ്ങളാണ് ഈ മാതൃകയിൽ ഉള്ളത്.

- ❑ **ഘട്ടം ഒന്ന്**

**ദത്തങ്ങളുടെ അവതരണവും ധാരണകളുടെ തിരിച്ചറിവും**.

- ❖ ഈ ഘട്ടത്തിൽ ധാരണയുടെ തിരിച്ചറിവിനും ദത്തങ്ങൾ മാതൃകയിലൂടെ അവതരിപ്പിക്കുന്നു.
- ❖ അദ്ധ്യാപിക തരംതിരിച്ച ഉദാഹരണങ്ങൾ നൽകുന്നു.
- ❖ കുട്ടികൾ വിശേഷണങ്ങളുടെ സഹായത്താൽ ഉദാഹരണങ്ങളെ താരതമ്യം ചെയ്യുന്നു.

വിശേഷണങ്ങൾക്കനുസൃതമായി കണ്ടെത്തിയ കാര്യങ്ങൾ കുട്ടികൾ നിർവ്വചിക്കുന്നു.

- ❑ **ഘട്ടം രണ്ട്**

  **നേടിയ ധാരണകളെ പരിശോധിക്കൽ.**

  - ❖ കുട്ടികൾ സ്വായത്തമാക്കിയ ധാരണകളെ അധ്യാപിക പരിശോധിക്കുന്ന ഘട്ടമാണിത്.
  - ❖ കുട്ടികൾ തരംതിരിക്കാത്ത ഉദാഹരണങ്ങൾ പരിശോധിച്ച് കാര്യങ്ങൾ വെളിപ്പെടുത്തുന്നു.
  - ❖ കുട്ടികൾ രൂപപ്പെടുത്തിയ പരികല്പനകൾ അധ്യാപിക സ്വീകരിക്കുകയും അതിനെ ആവശ്യസവിശേഷതകളുടെ അടിസ്ഥാനത്തിൽ നിർവ്വചിക്കുകയും ചെയ്യുന്നു.

- കുട്ടികൾ പുതിയ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.

- **ഘട്ടം മൂന്ന്**

**ചിന്താതന്ത്രങ്ങളുടെ അപഗ്രഥനം.**

- കുട്ടികൾ അവരുടെ ചിന്തകളെ വിശദീകരിക്കുന്നു.
- പഠന പ്രവർത്തനങ്ങളെക്കുറിച്ച് അധ്യാപികയും കുട്ടികളും തമ്മിൽ നടത്തുന്ന ചർച്ച.

**2. സാമൂഹിക വ്യവസ്ഥിതി**

- പഠന മുറിയിലെ പഠന സമയത്തുള്ള അന്തരീക്ഷമാണ് സാമൂഹിക വ്യവസ്ഥിതി.

- അധ്യാപിക ധാരണകളെയും ഉദാഹരണങ്ങളും തെരഞ്ഞെടുക്കുന്നു.
- കുട്ടികളെ പഠനത്തിലേക്ക് നയിക്കുന്നതിനായി അധ്യാപിക 3 പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടത്തുന്നു.

1. ചെയ്യേണ്ട കാര്യങ്ങളെ രേഖപ്പെടുത്തുന്നു.
2. കുട്ടികൾക്ക് പ്രചോദനം നൽകുന്നു.
3. ആശയവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ നൽകുന്നു.

**3. പ്രക്രിയാ തത്വം**

- ❖ പഠനത്തിന്റെ വിവിധഘട്ടങ്ങളിൽ കുട്ടികളോടുള്ള അധ്യാപികയുടെ പെരുമാറ്റം എന്തെന്ന് വിവക്ഷിക്കുന്നതാണ് പ്രക്രിയാ തത്വം.
- ❖ പരികൽപ്പന ങ്ങൾ രൂപപ്പെടുത്തുന്നതിനും അതിന്റെ സാധുത പരിശോധിക്കുന്നതിനും അധ്യാപിക സഹായിക്കുന്നു.

**4. പിന്തുണാ വ്യവസ്ഥ**

പഠന പ്രവർത്തനത്തിന് സഹായിക്കുന്ന എല്ലാ വസ്തുതകളും അടങ്ങുന്നതാണ് ആ മാതൃകയുടെ പിന്തുണ വ്യവസ്ഥ.

## 5. ഫലങ്ങൾ

### പ്രത്യക്ഷ ബോധന ഫലങ്ങൾ

- ❖ പാഠ്യ വസ്തുവുമായി ബന്ധപ്പെട്ട ഫലങ്ങളാണിവ.
- ❖ ധാരണ രൂപപ്പെടുത്തുന്നതിനുള്ള വിവിധ തന്ത്രങ്ങൾ സ്വീകരിക്കുന്നു.
- ❖ പ്രത്യേക ധാരണ രൂപപ്പെടുത്തുന്നു.
- ❖ ആഗമന ചിന്തനത്തിൽ പരിശീലനം നേടുന്നു.

### പരോക്ഷ ഫലങ്ങൾ

- ❖ ഒരു പ്രത്യേക മാതൃകയുടെ സഹായത്തോടെ ബോധനം നടത്തുന്നതിന് ഫലമായി കുട്ടി നേടുന്ന ഫലങ്ങളാണിത്.

- യുക്തിപൂർവ്വമായ ചിന്ത.
- ഉഭായാർത്ഥ സഹിഷ്ണുത.
- വിവിധ കാഴ്ചപ്പാടുകൾ തിരിച്ചറിയാനുള്ള കഴിവ്.



# ആശയസമ്പാദന മാതൃകയുടെ ബോധനരൂപരേഖ

## (Concept Attainment Model)

അധ്യാപികയുടെ പേര്

വിദ്യാലയത്തിന്റെ പേര്

വിഷയം : വ്യാകരണം

ആശയം : സമാസം

ക്ലാസ്

ഡിവിഷൻ

സമയം

തിയ്യതി

ഉള്ളടക്കത്തിന്റ ലക്ഷ്യങ്ങൾ (content objectives) :

1. സമാസം എന്താണെന്ന് തിരിച്ചറിയുക
2. മറ്റു വ്യാകരണ കാര്യങ്ങളിൽ നിന്ന് സമാസത്തെ വേർതിരിക്കുക
3. ആവശ്യമായ സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ പ്രാപ്തരാക്കുക

പ്രക്രിയാ ലക്ഷ്യങ്ങൾ (process objectives) :

1. സവിശേഷതകൾ ഉൾക്കൊള്ളുന്ന ഉദാഹര

ണങ്ങളിലൂടെ പൊതു നിയമത്തിൽ എത്തുക.

2. സവിശേഷതകൾ ഇല്ലാത്ത ഉദാഹരണങ്ങളിലൂടെ പൊതുനിയമങ്ങളെ വേർതിരിച്ചറിയുക.

| | | |
|---|---|---|
| ആശയത്തിന്റെ പേര് | : | സമാസം |
| ആശയത്തിന്റെ നിർവചനം | : | വിഭക്തി പ്രത്യയമില്ലാതെയുള്ള പദങ്ങളുടെ യോജിപ്പിനെയാണ് സമാസം എന്നു പറയുന്നത്. |
| അവശ്യ സവിശേഷതകൾ | : | 1. രണ്ടുപദങ്ങൾ വേണം<br>2. അവ ഒന്നിച്ചു ചേരണം<br>3. പ്രത്യയങ്ങൾ പാടില്ല |
| അത്യാവശ്യമില്ലാത്ത സവിശേഷതകൾ | : | 1. രണ്ടിൽ കൂടുതൽ പദങ്ങൾ വേണം<br>2. പ്രത്യയങ്ങൾ ആവാം<br>3. വാക്യമായിരിക്കും |
| ശരിയായ ഉദാഹരണങ്ങൾ | : | പാക്കുവെട്ടി<br>മാങ്ങാക്കറി<br>നീലാകാശം<br>രാമരാജ്യം<br>പൂജപ്പുര |
| തെറ്റായ ഉദാഹരണങ്ങൾ | : | തലയിലെ വേദന<br>പൂവിനോടൊക്കും<br>പച്ചയായ പുല്ല്<br>നവ്യമായ ശോഭ<br>ഹോമത്തിനുള്ള ദ്രവ്യം |

## 1. വിന്യാസക്രമം (Syntax)

### ഘട്ടം ഒന്ന് (Phase I)

ദത്തങ്ങളുടെ അവതരണവും ആശയങ്ങളുടെ തിരിച്ചറിയലും.

അധ്യാപിക തരംതിരിച്ച ഉദാഹരണങ്ങളുമായി ക്ലാസ്സിൽ വരികയും ആദ്യഘട്ടത്തിലെ പഠനപ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുകയും ചെയ്യുന്നു.

അധ്യാപിക തരംതിരിച്ചുള്ള ഉദാഹരണങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.

| ശരിയായ ഉദാഹരണങ്ങൾ | തെറ്റായ ഉദാഹരണങ്ങൾ |
|---|---|
| പാക്കുവെട്ടി | തലയിലെ വേദന |
| മാങ്ങാക്കറി | പൂവിനോടൊക്കും |
| നീലാകാശം | പച്ചയായ പുല്ല് |
| രാമരാജ്യം | നവ്യമായ ശോഭ |
| പൂജപ്പുര | ഹോമത്തിനുള്ള ദ്രവ്യം |

കുട്ടികൾ ഈ രണ്ടുതരത്തിലുള്ള ഉദാഹരണങ്ങളുടേയും സവിശേഷതകൾ താരതമ്യം ചെയ്യുന്നു.

**ശരിയായ ഉദാഹരണങ്ങളുടെ സവിശേഷതകൾ**

1. രണ്ടു പദങ്ങൾ ഒന്നിച്ചുചേർന്നിട്ടുള്ളതാണ്.
2. പ്രത്യയങ്ങളില്ലാതെ പദങ്ങൾ മാത്രമേ യോജിച്ചിട്ടുള്ളൂ.

**തെറ്റായ ഉദാരണങ്ങളുടെ സവിശേഷതകൾ**

1. രണ്ടു പദങ്ങൾ ഒന്നിച്ചു ചേർന്നിട്ടുണ്ട്.
2. പ്രത്യയങ്ങൾ മുഖേനയാണ് പദങ്ങളുടെ യോജിപ്പ്.

കുട്ടികൾ പരികൽപ്പന രൂപീകരിക്കുകയും പരിശോധിക്കുകയും ചെയ്യുന്നു.

പ്രത്യയങ്ങൾ ചേർത്തും ചേർക്കാതെയും രണ്ടുപദങ്ങളെ തമ്മിൽ യോജിപ്പിക്കാം.

അവശ്യലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ ഒരു ധാരണയിലെത്തുന്നു.

"പ്രത്യയങ്ങൾ ഇല്ലാതെയും പദങ്ങളെ യോജിപ്പിക്കാം".

(ഈ ഘട്ടത്തിൽ ആശയത്തിന്റെ ശരിയായ നിർവ്വചനം കുട്ടികളിൽ നിന്ന് ലഭിക്കണമെന്നില്ല)

### ഘട്ടം രണ്ട് (Phase II)

ലഭിച്ച ധാരണയുടെ പരിശോധന.

ഇതിനായി അധ്യാപിക തരംതിരിക്കാത്ത ഉദാഹരണങ്ങൾ കുട്ടികൾക്ക് നൽകുന്നു. കൊടുത്ത ഉദാഹരണങ്ങളെ കുട്ടികൾ അതെ, അല്ല എന്നിങ്ങനെ തരംതിരിക്കുന്നു.

| | | |
|---|---|---|
| കൊന്നത്തെങ്ങ് | – | അതെ |
| കൃഷ്ണലീല | – | അതെ |
| മതിപോലുള്ള മുഖം | – | അല്ല |
| കൈവള | – | അതെ |
| വെണ്ണപ്രിയനായ കൃഷ്ണൻ | – | അല്ല |
| ഹോമപ്പുര | – | അതെ |

സംസാരമാകുന്ന സാഗരം - അല്ല

നാട്ടിൽ നിന്നുള്ള നീക്കൽ - അല്ല

മണ്ണുമാന്തി - അതെ

കാലിലെ തള - അല്ല

അധ്യാപിക പരികൽപ്പന സ്വീകരിക്കുന്നു. കുട്ടികൾ എത്തിച്ചേർന്ന ആശയത്തിനെ, അവശ്യ സവിശേഷതകളുടെ അടിസ്ഥാനത്തിൽ നിർവചിക്കുന്നു.

| | | |
|---|---|---|
| അധ്യാപിക | : | പദങ്ങൾ തമ്മിൽ ചേർന്നപ്പോഴുള്ള പ്രത്യേകത എന്താണ്. |
| കുട്ടി | : | പ്രത്യയങ്ങൾ ഒഴിവാക്കി. |
| അധ്യാപിക | : | അതിൽനിന്നും നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്? |
| കുട്ടി | : | പ്രത്യയങ്ങൾ ഇല്ലാതെയും പദങ്ങളെ യോജിപ്പിക്കാം. |
| അധ്യാപിക | : | അതാണ് സമാസം. |
| | | പ്രത്യയങ്ങൾ ഇല്ലാതെയുള്ള പദങ്ങളുടെ യോജിപ്പിനെ സമാസം എന്നുപറയുന്നു |

കുട്ടികൾ നിർവചനം ആവർത്തിക്കുന്നു.

കുട്ടികൾ അവരുടേതായ ഉദാഹരണങ്ങൾ കണ്ടെത്തുകയും അവ എങ്ങനെ ഉദാഹരണങ്ങളായി എന്ന് വിശദീകരിക്കുകയും ചെയ്യുന്നു.

**ഘട്ടം മൂന്ന് (Phase - III)**

**ചിന്താതന്ത്രങ്ങളുടെ അപഗ്രഥനം**

കുട്ടികൾ ചിന്തകളെ വിശദീകരിക്കുന്നു. ആശയത്തിലേക്കെത്തിചേരുന്നതിനായി പരികൽപ്പനകളും സവിശേഷതകളും എത്രമാത്രം സഹായിച്ചു എന്നതിനെ പ്പറ്റി അധ്യാപികയും കുട്ടികളും തമ്മിൽ ചർച്ച നടത്തുന്നു.

## 2. സാമൂഹ്യ വ്യവസ്ഥിതി (Social System)

**പഠനസമയത്തുള്ള ക്ലാസ്സന്തരീക്ഷം**

- സമാസം എന്ന ആശയത്തിന്റെ ലക്ഷണങ്ങളെ തിരിച്ചറിയാൻ അധ്യാപിക കുട്ടികളെ സഹായിക്കുന്നു.
- അധ്യാപിക കൂടുതൽ വിവരങ്ങളും ഉദാഹരണങ്ങളും അവതരിപ്പിക്കുന്നു.
- അധ്യാപികയും കുട്ടികളും പഠനപ്രവർത്തനത്തിൽ സഹകരണത്തോടെ തുല്യ പങ്കാളിത്തം വഹിക്കുന്നു.

## 3. പ്രക്രിയാതത്വങ്ങൾ (Principles of Reaction)

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടികളോടുള്ള അധ്യാപികയുടെ സമീപനം.

പരികൽപ്പനാ പരിശോധനയ്ക്ക് അധ്യാപിക കുട്ടികളെ സഹായിക്കുന്നു.

- ഉത്തരങ്ങൾ പറയാൻ സഹായിക്കുന്നു.
- ചർച്ചകളിൽ കുട്ടികളോടൊപ്പം പങ്കുചേരുന്നു.

## 4. പിന്തുണാ വ്യവസ്ഥ (Support Systems)

ആശയത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി അധ്യാപിക ഉപയോഗിക്കുന്ന വസ്തുതകൾ, മാതൃകകൾ മുതലായവ.

- ഉദാഹരണങ്ങളുടെ സമഗ്രമായ പട്ടിക.
- മറ്റ് സഹായക ഗ്രന്ഥങ്ങൾ

## 5. ഫലങ്ങൾ (Effects)

**പ്രത്യക്ഷ പഠനഫലങ്ങൾ (Instructional Effects)**

1. സമാസം എന്ന ആശയം മനസ്സിലാക്കുന്നു.
2. ഉദാഹരണങ്ങളെ വേർതിരിച്ചറിയാൻ കഴിയുന്നു.
3. തത്വങ്ങളെ അനുമാനിച്ചെടുക്കാൻ കഴിയുന്നു.

**പരോക്ഷ പഠനഫലങ്ങൾ (Nurturant Effects)**

1. മറ്റ് കാഴ്ചപ്പാടുകൾ തിരിച്ചറിയൽ
2. ഉഭയാർത്ഥ സഹിഷ്ണുത (യുക്തിയുടെ ആസ്വാദനം)
3. യുക്തിചിന്തയുടെ സംവേദനത്വം



# സർഗാത്മക പരിശീലന മാതൃക

# സർഗാത്മക പരിശീലന മാതൃക

- ബിൽ ഗോർഡൻ വികസിപ്പിച്ചു.
- സർഗാത്മക ചിന്തയുടെ വിപുലീകരണത്തിനാണ് ഈ മാതൃക ഉപയോഗിച്ചത്.
- ബ്രൂസ് ജോയ്സ് ഈ സർഗാത്മക പരിശീലന സമ്പ്രദായത്തെ ക്ലാസ് മുറികളിൽ എത്തിച്ചു.
- സർഗാത്മകത ജന്മസിദ്ധമായ കഴിവാണെന്നും ദൈവത്തിന്റെ വരദാനം ആണെന്നുമുള്ളപരമ്പരാഗത മനശാസ്ത്ര ചിന്തയെ ഈ മാതൃക മാറ്റിമറിച്ചു.
- ബോധന വിഷയങ്ങളിൽ ഉള്ള അറിവ് വികസിപ്പിക്കുന്ന തോടൊപ്പം പഠിതാവിന് സർഗ്ഗാത്മകതയും വികസിപ്പിക്കുന്നു എന്നതാണ് ഈ മാതൃകയുടെ സവിശേഷത

## അടിസ്ഥാന സങ്കൽപങ്ങൾ

ബിൽ ഗോൾഡൻ സർഗാത്മകതയുടെ പരമ്പരാഗത സങ്കൽപങ്ങളെ നാല് അടിസ്ഥാന ആശയങ്ങൾ കൊണ്ടാണ് വെല്ലുവിളിച്ചത്.

1.ദൈനംദിന പ്രവർത്തികളിൽ പ്രധാനപ്പെട്ട ഒന്നാണ് സർഗാത്മകത.

2. സർഗ്ഗാത്മക പ്രക്രിയ അത്ഭുതകരമായ ഒന്നല്ല.

3. ശാസ്ത്രസാങ്കേതിക സാഹിത്യ കലാ മേഖലയിലെ സർഗ്ഗാത്മക കണ്ടെത്തലുകൾ എല്ലാം ഒരു പോലെയാണ്.

4. വ്യക്തിപരവും, സംഘ പരവുമായ സർഗാത്മക ചിന്തകൾ എല്ലാം ഒരുപോലെയാണ്.

**സർഗാത്മക തലം : ഒരു സിനെറ്റിക്സ് പ്രക്രിയ**

- ❖ സർഗാത്മകതയുടെ മനശാസ്ത്രവും ആയി ബന്ധപ്പെട്ടാണ് സിനെറ്റിക്സ് പ്രക്രിയ വികസിപ്പിച്ചെടുത്തിരിക്കുന്നത്. അവ ഇങ്ങനെയാണ്.
- ❖ സർഗ്ഗ പ്രക്രിയയെ ബോധതലത്തിൽ കൊണ്ടുവന്ന അവയെ വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുന്നു.

.

- ❖ . ബുദ്ധിപരമായ അംശത്തെക്കാൾ വൈകാരികാംശത്തിനും, യുക്തിയെക്കാൾ അയുക്തിക്കുമാണ് സർഗ്ഗശക്തിയിൽ പ്രാധാന്യം.
- ❖ . അയുക്തിയെ നിർമ്മാണ പരമായി ഉപയോഗിക്കുന്നതിലൂടെ സർഗശക്തി വികസിപ്പിക്കാനാകും.

**ആലങ്കാരിക പ്രക്രിയ (Metaphoric Activity)**

- ❖ ഒരു വസ്തുവിനെയോ ആശയത്തെയോ, മറ്റൊരു വസ്തുവിനോടും ആശയത്തോടും താരതമ്യം ചെയ്തു ഒന്നിനെ സ്ഥാനത്ത് മറ്റൊന്നിനെ പ്രതിഷ്ഠിക്കുന്ന മാനസികാവസ്ഥയാണ് ആലങ്കാരിക പ്രക്രിയ.

- പരിചിതമായ അംശത്തെ മറ്റൊരു അംശമായി കാണുവാൻ പഠിതാക്കളെ ആലങ്കാരിക പ്രക്രിയ സഹായിക്കും.

ആലങ്കാരിക പ്രക്രിയയിൽ മൂന്നുതരം ഉപമകൾ ഉപയോഗിക്കാറുണ്ട്.

1. വ്യക്തിപരമായ ഉപമകൾ
2. പ്രത്യക്ഷമായ ഉപമകൾ
3. അതീവർണ്ണനാഭ്യാസം

**വ്യക്തിപരമായ ഉപമകൾ**

വ്യക്തിപരമായി പഠിതാക്കൾ മറ്റൊരു വ്യക്തിയോടോ, സസ്യത്തോടോ, മൃഗത്തോടോ, വസ്തുവിനോടോ തങ്ങളെ ഉപമിക്കുന്ന ആലങ്കാരിക പ്രക്രിയയാണിത്.

ഉദാഹരണം: സ്വയം ഒരു മഴത്തുള്ളിയോട് ഉപമിക്കുന്നു.

വ്യക്തിപരമായ ഉപമകളുടെ നാലു തലങ്ങൾ ഗോർഡൻ വിശദീകരിക്കുന്നു.

1. **വ്യക്തിപര വസ്തുതാ വിശദീകരണം**: വ്യക്തി ഒരു കൂട്ടം വസ്തുക്കളെപ്പറ്റി ചിന്തിക്കുന്നു. മറ്റൊരു വസ്തുവും സത്യമോ ജന്തുവും ആശയമോ ആയി താദാത്മ്യം പ്രാപിക്കുന്നില്ല.

**2. വ്യക്തിപര വൈകാരിക തിരിച്ചറിവ്**: സാധാരണയുള്ള വൈകാരിക ഭാവങ്ങൾ കണ്ടെത്തുന്നുണ്ട്. പക്ഷേ വൈകാരികാവസ്ഥ യുടെ പുതിയ കാഴ്ചപ്പാടുകൾ ഒന്നുമില്ല.

**3. ജൈവ വസ്തുവുമായി തന്മയീഭാവം**: ഉപമിക്കുന്ന ജീവനുള്ള വസ്തുവുമായി വൈകാരികവും,  ശാരീരികവുമായ നിലയിൽ താദാത്മ്യം പ്രാപിക്കുന്നു.

**4. ജൈവ വസ്തുവുമായി തന്മയീഭാവം**: വ്യക്തി സ്വരൂപം അജൈവ വസ്തുവുമായി ഉപമിക്കുകയും അതുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു.

## പ്രത്യക്ഷ ഉപമകൾ

- ❖ രണ്ടു വസ്തുക്കളെയോ ആശയങ്ങളെയോ താരതമ്യം ചെയ്യാൻ ആണ് പ്രത്യക്ഷ ഉപമകൾ ഉപയോഗിക്കുന്നത്.
- ❖ ഒരു സാഹചര്യത്തെ മറ്റൊരു സാഹചര്യവുമായി സ്ഥാനചലനം നടത്തുക എന്നതാണ് ഈ ഉപമകളുടെ ധർമ്മം.
- ❖ ഇതുമൂലം മറ്റൊരു വ്യക്തിയോ, സാഹചര്യമോ, ജന്തുവോ, സസ്യമോ ആയി താദാത്മ്യം നേടാനാകും.

ഉദാഹരണം: കിളിയായി മാറി കിളിക്കൂട്ടിൽ ഇരിക്കുക

**സാന്ദ്ര സംഘർഷം**

ഒരു വസ്തുവിന്റെയോ, ആശയത്തിന്റേയോ ദ്വന്ദ്വപദ വിശദീകരണമാണ് സാന്ദ്ര സംഘർഷം. പക്ഷേ ഓരോ പദവും വൈരുദ്ധ്യാത്മകം ആയിരിക്കും.

ഉദാഹരണം : കൊല്ലുന്ന സ്നേഹം, പാവം ക്രൂരൻ, കത്തുന്ന വിശപ്പ്.

**അതീവർണ്ണനാഭ്യാസം**

ആലങ്കാരിക പ്രക്രിയകൾ ഉപയോഗിച്ച് പുതു പുത്തൻ ആശയങ്ങൾ കണ്ടെത്തുന്നതാണ് സിനെറ്റിക്സിലെ അതീവർണ്ണനാഭ്യാസം.

## സർഗാത്മക പരിശീലന മാതൃക

ഈ ബോധന മാതൃകയിൽ രണ്ട് സങ്കേതങ്ങളുണ്ട്.

1. സുപരിചിതമായതിനെ അപരിചിതമാക്കുക.
2. അപരിചിതമായതിനെ പരിചിതമാക്കുക.

## സുപരിചിതമായതിനെ അപരിചിതമാക്കുക

- ❖ സുപരിചിതമായ വസ്തുക്കളെയും ആശയങ്ങളെയും അപരിചിതമായ ഒരു വീക്ഷണകോണിലൂടെ കാണാൻ പഠിതാവിനെ സഹായിക്കുകയാണ് ഈ സങ്കേതത്തിന്റെ പ്രാധാന്യം.

- ആലങ്കാരിക പ്രക്രിയകൾ ഉപയോഗിച്ച് ആശയപരമായ അകലം വർദ്ധിപ്പിക്കുകയാണ് മറ്റൊരു ഉദ്ദേശ്യം.
- പ്രശ്ന സാഹചര്യത്തെക്കുറിച്ച് പുതിയ ഒരു ധാരണ വളർത്തി വ്യക്തിപര- സാമൂഹിക ബന്ധങ്ങളിലെ പ്രശ്നാപഗ്രഥനത്തിനും പരിഹാര നിർദ്ദേശത്തിനു ഈ സങ്കേതം ഉപകരിക്കും.

## പ്രധാന ഘടകങ്ങൾ

### വിന്യാസ ക്രമം

ആറു ഘട്ടങ്ങളിലൂടെയാണ് ഈ മാതൃകയുടെ വിന്യാസ ക്രമം

- **ഘട്ടം ഒന്ന്**

**സാഹചര്യം വിശദീകരണം:** അധ്യാപകനും കുട്ടികളും കൂടി പ്രശ്ന സാഹചര്യത്തെ- പഠന സാഹചര്യത്തെ ഇപ്പോൾ എങ്ങനെ കാണുന്നുവെന്ന് വിശദീകരിക്കുന്നു.

- **ഘട്ടം രണ്ട്**

**പ്രത്യക്ഷോപമകൾ:** വിദ്യാർത്ഥികൾ പഠന വസ്തു മായി ബന്ധപ്പെടുത്തി പ്രത്യക്ഷ ഉപമകൾ കണ്ടെത്തുന്നു അധ്യാപകൻ പ്രോത്സാഹനവും സഹായവും ഈ ഘട്ടങ്ങളിൽ ഉണ്ട് വിശദീകരിക്കുന്നു.

- **ഘട്ടം മൂന്ന്**

**വ്യക്തിപര ഉപമകൾ**: രണ്ടാംഘട്ടത്തിൽ പഠിതാക്കൾ കണ്ടെത്തിയ ഓർമകളായി അവർ മാറാൻ ശ്രമിക്കുന്നു അധ്യാപകനെ വിശദീകരണത്തോടെ ഒപ്പം സഹായവും ഉണ്ട്

- **ഘട്ടം നാല്**

**സാന്ദ്ര സംഘർഷം:** രണ്ടും മൂന്നും ഘട്ടങ്ങളിൽ കുട്ടികൾ പ്രത്യക്ഷോപമകൾക്ക് നൽകിയ വിശദീകരണങ്ങൾ വീണ്ടും കണക്കിലെടുക്കുന്നു. അതുമായി ബന്ധപ്പെടുത്തി നിരവധി സാന്ദ്ര സംഘർഷങ്ങൾ സൃഷ്ടിക്കുന്നു. ഏറ്റവും ഉചിതമായത് സ്വീകരിക്കുന്നു.

- **ഘട്ടം അഞ്ച്**

**പ്രത്യക്ഷ ഉപമകൾ**

അവർ സ്വീകരിച്ച സാന്ദ്ര സംഘർഷത്തെ അടിസ്ഥാനമാക്കി മറ്റു പ്രത്യക്ഷ ഉപമകൾ കണ്ടെത്തുന്നു.

- **ഘട്ടം ആറ്**

**യഥാർത്ഥ പഠന പ്രവർത്തിയുടെ പുനപരിശോധന.**

അദ്ധ്യാപകൻ കുട്ടികളെ യഥാർത്ഥ പഠന പ്രശ്നത്തിലേക്ക് തിരിച്ചു കൊണ്ടു പോകുന്നു. അവസാനം കണ്ടെത്തിയ ഉപമകൾ ഉപയോഗിക്കുന്നു. സർകാത്മക പ്രക്രിയ അനുഭവിക്കുന്നു.

**സാമൂഹ്യവ്യവസ്ഥിതി**

വളരെ ഘടന വല്ക്കരിക്കപ്പെട്ട അധ്യാപക- വിദ്യാർത്ഥി ബന്ധമാണ് ഈ മാതൃകയിൽ ഉള്ളത്. അധ്യാപകൻ ആലങ്കാരിക ചിന്തയ്ക്ക് തുടക്കമിടുകയും സർഗപ്രക്രിയ അനുഭവവേദ്യമാകുവാൻ സഹായിക്കുകയും ചെയ്യുന്നു. ഫുഡ് ആലങ്കാരിക പ്രശ്നപരിഹാരത്തിൽ കുട്ടികൾക്ക് സ്വാതന്ത്ര്യം വേണ്ടുവോളമുണ്ട്.

**പ്രക്രിയാ തത്വങ്ങൾ**

❖ സർഗാത്മക ചിന്തയ്ക്കുള്ള ഉത്തേജകമായിരിക്കണം അധ്യാപകൻ.

- ❖ കുട്ടികളുടെ എല്ലാം സർഗ്ഗ പ്രതികരണങ്ങളെയും ഒരു ബുദ്ധിപരമായ വിലയിരുത്തലില്ലാതെ സ്വീകരിക്കേണ്ടതാണ്.

**പിന്തുണ വ്യവസ്ഥ**

- ❖ സർഗ്ഗ പരിശീലനത്തിൽ നൈപുണി ഉള്ള അധ്യാപകൻ തന്നെയാണ് ഏറ്റവും അത്യന്താപേക്ഷിതമായ വസ്തുത.
- ❖ ശാസ്ത്ര പ്രശ്നങ്ങളാണെങ്കിൽ പരീക്ഷണശാലകളും മാതൃകകളും ചാർട്ടുകളും ഒക്കെ ഉപയോഗിക്കാം.

**ബോധന ഫലങ്ങളും ആർജ്ജിത ഫലങ്ങളും**

സിനെറ്റിക്സ് മാതൃക പ്രത്യക്ഷമായ ബോധന ഫലങ്ങളും പരോക്ഷമായ ആർജ്ജിത ഫലങ്ങളും ശക്തമായി പ്രസരിപ്പിക്കുന്നുണ്ട്.

**പ്രത്യക്ഷ ഫലങ്ങൾ**

- ❖ സർഗാത്മകകഴിവുകൾ വളരുന്നു.
- ❖ പഠന വിഷയവുമായി ബന്ധപ്പെട്ട സർഗ്ഗ ശേഷികളുടെ വളർച്ച.

**പരോക്ഷ ഫലങ്ങൾ**

- ❖ വിഷയത്തിൽ അറിവ് വർദ്ധിക്കുന്നു.
- ❖ നിർമ്മാണപരമായ സംഘ പ്രവർത്തന ശക്തി വർദ്ധിക്കുന്നു.
- ❖ **അപരിചിതമായതിനെ സുപരിചിതമാക്കുക**

- ❖ സിനെറ്റിക്സ് മാതൃകയിലെ രണ്ടാമത്തെ തന്ത്രമാണിത്. പുതിയതും അപരിചിതവുമായ ആശയങ്ങളെ കൂടുതൽ വ്യക്തവും അർത്ഥപൂർണവും ആക്കാനാണ് ഈ സിനെറ്റിക്സ് തന്ത്രം ഉപയോഗിക്കുന്നത്.

**വിന്യാസ ക്രമം**

ഏഴു ഘട്ടങ്ങളിലായാണ് ഈ സിനെറ്റിക്സ് സാങ്കേതം ഒരു ബോധന മാതൃകയായി വിന്യസിക്കപ്പെട്ടിട്ടുള്ളത്.

- ❑ **ഘട്ടം ഒന്ന്**

**മുഖ്യ വിവരങ്ങൾ:** അധ്യാപകൻ പുതിയ വിഷയവുമായി ബന്ധപ്പെട്ട് മുഖ്യ വിവരങ്ങൾ വിദ്യാർഥികൾക്ക് കൈമാറുന്നു.

- ❑ **ഘട്ടം രണ്ട്**

**പ്രത്യക്ഷോപമകൾ:** അധ്യാപകൻ പഠന വസ്തുവുമായി ബന്ധപ്പെട്ട പ്രത്യക്ഷ ഉപമകൾ നൽകി അവ വിശദീകരിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

- ഘട്ടം മൂന്ന്

**വ്യക്തിപര ഉപമകൾ:** പ്രത്യക്ഷ ഉപമകളെ സ്വാംശീകരിച്ച് അവയുമായി വ്യക്തിപരമായി താദാത്മ്യം പ്രാപിക്കുവാൻ അധ്യാപകൻ ആവശ്യപ്പെടുന്നു. എന്താണോ പ്രത്യക്ഷ ഉപമകളായി കണ്ടെത്തിയത് ആ വസ്തുവോ ആശയമോ ആയി വിദ്യാർത്ഥികൾ മാറുന്നു.

- ഘട്ടം നാല്

**ഉപമകളുടെ താരതമ്യം:** പ്രത്യക്ഷോപമകളും പഠന വസ്തുവും തമ്മിലുള്ള സാമ്യങ്ങൾ വിദ്യാർഥികൾ കണ്ടെത്തുകയും വിശദീകരിക്കുകയും ചെയ്യുന്നു.

- **ഘട്ടം അഞ്ച്**

**വ്യത്യാസങ്ങൾ വിശദീകരിക്കുന്നു:** പാഠ്യവസ്തുവും ഉപമകളും തമ്മിലുള്ള താരതമ്യത്തിനിടയിൽ എവിടെയാണ് ഉപമകൾ യോജിക്കാത്തതെന്ന് കുട്ടികൾ വിശദീകരിക്കുന്നു.

- **ഘട്ടം ആറ്**

**അന്വേഷണം:** പാഠ്യ വസ്തു അതിന്റെ യഥാതഥ സ്വഭാവത്തോടെ വിദ്യാർഥികൾ പുനരന്വേഷണം നടത്തുന്നു.

- **ഘട്ടം ഏഴ്**

**ഉപമകൾ നിർമ്മിക്കുന്നു:** കുട്ടികൾ സ്വന്തമായി പ്രത്യക്ഷോപമകൾ നിർമ്മിക്കുന്നു.

- അവയ്ക്ക് പാഠ്യവസ്തുവുമായുള്ള സാമ്യങ്ങളും വൈജാത്യങ്ങളും അന്വേഷിക്കുന്നു.

**സാമൂഹ്യവ്യവസ്ഥിതി**

വളരെ ഘടന വല്ക്കരിക്കപ്പെട്ട അധ്യാപക- വിദ്യാർത്ഥി ബന്ധമാണ് ഈ മാതൃകയിൽ ഉള്ളത്. അധ്യാപകൻ ആലങ്കാരിക ചിന്തയ്ക്ക് തുടക്കമിടുകയും സർഗപ്രക്രിയ അനുഭവവേദ്യമാകുവാൻ സഹായിക്കുകയും ചെയ്യുന്നു. ഫുഡ് ആലങ്കാരിക പ്രശ്നപരിഹാരത്തിൽ കുട്ടികൾക്ക് സ്വാതന്ത്ര്യം വേണ്ടുവോളമുണ്ട്.

**പ്രക്രിയാ തത്വങ്ങൾ**

സർഗാത്മക ചിന്തയ്ക്കുള്ള ഉത്തേജകമായിരിക്കണം അധ്യാപകൻ. കുട്ടികളുടെ എല്ലാം സർഗ്ഗ പ്രതികരണങ്ങളെയും ഒരു ബുദ്ധിപരമായ വിലയിരുത്തലില്ലാതെ സ്വീകരിക്കേണ്ടതാണ്.

**പിന്തുണ വ്യവസ്ഥ**

സർഗ്ഗ പരിശീലനത്തിൽ നൈപുണി ഉള്ള അധ്യാപകൻ തന്നെയാണ് ഏറ്റവും അത്യന്താപേക്ഷിതമായ വസ്തുത.

ശാസ്ത്ര പ്രശ്നങ്ങളാണെങ്കിൽ പരീക്ഷണശാലകളും മാതൃകകളും ചാർട്ടുകളും ഒക്കെ ഉപയോഗിക്കാം.

.

**ബോധന ഫലങ്ങളും ആർജ്ജിത ഫലങ്ങളും**

സിനെറ്റിക്സ് മാതൃക പ്രത്യക്ഷമായ ബോധന ഫലങ്ങളും പരോക്ഷമായ ആർജ്ജിത ഫലങ്ങളും ശക്തമായി പ്രസരിപ്പിക്കുന്നുണ്ട്

**പ്രത്യക്ഷ ഫലങ്ങൾ**

- ❖ സർഗാത്മകകഴിവുകൾ വളരുന്നു.
- ❖ പഠന വിഷയവുമായി ബന്ധപ്പെട്ട സർഗ്ഗ ശേഷികളുടെ വളർച്ച.

**പരോക്ഷ ഫലങ്ങൾ**

❖ വിഷയത്തിൽ അറിവ് വർദ്ധിക്കുന്നു.
❖ നിർമ്മാണപരമായ സംഘ പ്രവർത്തന ശക്തി വർദ്ധിക്കുന്നു.

**പ്രയോഗ സൂചനകൾ**

❖ വ്യക്തിപരവും സംഘപരവുമായ സർഗ്ഗസിദ്ധിയുടെ വിപുലീകരണമാണ് ഈ സങ്കേതത്തിന്റെ ആത്യന്തികമായ ധർമ്മം.

❖ ഏതു പാഠ്യപദ്ധതിയിലും സിനെറ്റിക്സ് മാതൃകയ്ക്ക് പ്രയോഗ സാധ്യതയുണ്ട്.

# സിനെറ്റിക്സ് മാതൃകയുടെ പ്രയോഗതലങ്ങൾ

## സർഗാത്മക രചനകൾ

സാഹിത്യപരമായ രചനകൾ സിനെറ്റിക്സ് മാതൃകയുടെ ഒരു പ്രയോഗതലമാണ്

## സാമൂഹിക പ്രശ്നങ്ങളുടെ അന്വേഷണം

സാമൂഹ്യപ്രശ്നങ്ങളുടെ അന്വേഷണത്തിനും പരിഹാര നിർദ്ദേശത്തിനും ഈ ബോധന മാതൃക ഉപകരിക്കും

## പ്രശ്ന നിർദ്ധാരണം

വിദ്യാർഥികളുടെ പരമ്പരാഗതരീതിയിൽ സ്ഥാപിതമായ മനോനിലയെ മാറ്റിമറിച്ച് പ്രശ്നത്തെ മറ്റൊരു തലത്തിലൂടെ ഉൾക്കൊണ്ടുവരാൻ പ്രാപ്തരാക്കുന്നു.

## ആശയധാരണ വിപുലീകരണം

ദുർഗ്രാഹ്യമായ ആശയങ്ങളെ അപരിചിതം ആക്കുകയും അതുമൂലം മറ്റൊരു കാഴ്ചപ്പാട് ഉണ്ടാക്കുകയും ചെയ്യുന്നു.

## സിനറ്റിക് മാതൃകയുടെ ബോധനരൂപരേഖ

### അപരിചിതമായതിനെ സുപരിചതമാക്കുക (Making Strange Familiar - Strategy II)

| | | | |
|---|---|---|---|
| അധ്യാപികയുടെ പേര് | : | | ക്ലാസ്സ് |
| വിദ്യാലയത്തിന്റെ പേര് | : | | ഡിവിഷൻ |
| വിഷയം | : | മലയാളം | സമയപരിധി |
| ആശയം | : | ഉപനിഷത്ത് | |

**ഉള്ളടക്കത്തിന്റെ ലക്ഷ്യങ്ങൾ**

1. ഉപനിഷത്ത് എന്ന ആശയത്തിന്റെ ആന്തരാർത്ഥം മനസ്സിലാക്കുക.
2. ഉപനിഷത്തുകളുടെ ദാർശനിക പ്രത്യേകത കണ്ടെത്തുക.

**പ്രക്രിയാ ലക്ഷ്യങ്ങൾ**

1. അപരിചിതമായ ആശയത്തെ പരിചിതമാക്കുന്നു.
2. പാഠഭാഗത്തിനെ വ്യക്തിപര ഉപമകളാക്കുന്നു.
3. സിനറ്റിക് പ്രക്രിയയുടെ പരിശീലനം.

### വിന്യാസക്രമം

### ഘട്ടം ഒന്ന് (Phase I)

ഭാരതീയ തത്വശാസ്ത്രത്തിൽ ഉയർന്ന സ്ഥാനമാണ് ഉപനിഷത്തിനുള്ള തത്വചിന്താപരമായി ഹിമാലയത്തോളം ഉയർന്നതാണ് ഉപനിഷത്തുകൾ. നാ

യിരം വർഷങ്ങൾക്കു മുമ്പ് രൂപപ്പെട്ട ഉപനിഷത്തുകൾ ഭാരതീയർക്ക് ഒരു രണ്ടാം ഹിമാലയമാണ്. കാളിദാസന്റെ വിക്രമോർവ്വശീയത്തിൽ ഹിമാലയം പിതൃസ്ഥാനീയനായ ഒരു മനുഷ്യകഥാപാത്രമാണ്. ഹിമാലയത്തിന് ഉപനിഷത് തുല്യമായ മഹത്വമാണ് കാളിദാസൻ കല്പിച്ചു കൊടുത്തിരിക്കുന്നത്. ഹിമാലയവും ഉപനിഷത്തും തമ്മിലുള്ള ആത്മീയ സാമ്യം പലവിദേശിയരും കണ്ടെത്തിയിട്ടുണ്ട്. ഋഷി ചിന്തകളുടെ ഔന്നത്യമാണ് ഉപനിഷത്തുക്കളിൽ കാണുന്നത്. ഈ ഔന്നത്യവും പൗരാണികതയും ഋഷിവാസഭൂമിയായ ഹിമാലയത്തോളം വലുതാണെന്നു സാരം.

**ഘട്ടം രണ്ട് (Phase II)**

(ആത്മാവിന്റെ ഹിമാലയമെന്ന പാഠഭാഗത്തെക്കുറിച്ച് അദ്ധ്യാപിക പ്രത്യക്ഷോപമകൾ അവതരിപ്പിച്ചതിനുശേഷം അവ വിശദീകരിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു).

അദ്ധ്യാപിക : പാഠഭാഗത്തിന്റെ ആശയസംഗ്രഹം നിങ്ങൾക്കു മനസ്സിലായോ?

കുട്ടികൾ : മനസ്സിലായി

അദ്ധ്യാപിക : എന്നാൽ ഞാൻ ഇനി ചിലഉപമകൾ ബോർഡിലെഴുതാം. ശ്രദ്ധിച്ചുവായിക്കണം. മാത്രവുമല്ല ഈ ഉപമകളെല്ലാം നമ്മൾ ഇന്നു പഠിക്കുന്ന പാഠഭാഗവുമായി ബന്ധപ്പെട്ടതുമാണ്. (അദ്ധ്യാപിക പ്രത്യക്ഷോപമകൾ ബോർഡിൽ എഴുതുന്നു).

വിജ്ഞാനഗോപുരം
സാംസ്കാരിക കോട്ട
വൻമതിൽ
മാനസസ്തൂപം
പിതൃഹൃദയം
ജ്ഞാനസൗധം
ദാർശനിക ശൃംഘലം

അദ്ധ്യാപിക : ഈയെഴുതിയിരിക്കുന്ന ഉപമകൾ വായിച്ചോ?

കുട്ടികൾ : വായിച്ചു

അദ്ധ്യാപിക : എന്നാൽ ഓരോ ഉപമകളും നിങ്ങൾക്കറിയാവുന്ന പോലെ ഒന്നു വിശദീകരിക്കാമോ?

കുട്ടികൾ : ശ്രമിക്കാം ടീച്ചർ

(കുട്ടികൾ ബോർഡിലെഴുതിയിരിക്കുന്ന ഉപമകളെക്കുറിച്ചു ചർച്ച ചെയ്യുകയും വിശദീകരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു).

കുട്ടികൾ : വിജ്ഞാനഗോപുരം

ഉയർന്ന തരത്തിലുള്ള അറിവ്, അറിവിന്റെ ഗോപുരം, അറിവിന്റെ ഉന്നതി

കുട്ടികൾ : സാംസ്കാരികകോട്ട

- കോട്ട പോലെ സംരക്ഷിക്കപ്പെട്ട സംസ്കാരം
- ഉപനിഷത്തുകൾ സംസ്കാര പൈതൃകത്തെ സംരക്ഷിക്കുന്ന കോട്ടയാണ്.

കുട്ടികൾ : വൻ മതിൽ

- വലിയ മതിലുപോലെയുള്ള സംരക്ഷണം
- ഹിമാലയം ഒരു വലിയ മതിലാണ്
- ഉപനിഷത്തുകൾ ഒരു വലിയ മതിലുപോലെയാണ്

കുട്ടികൾ : മാനസസ്തൂപം

- സ്തൂപമായ മനസ്സ്
- സ്തൂപം പോലെ ഉയർന്ന മനസ്സ്
- ഉയർന്ന തരത്തിലുള്ള അറിവ്

കുട്ടികൾ : പിതൃഹൃദയം

- പിതാവിന്റെ ഹൃദയം
- പിതാവിന്റെ വാത്സല്യം
- ഹിമവാന്റെ ഹൃദയം

കുട്ടികൾ : ജ്ഞാന സൗധം

- സൗധം പോലത്തെ ജ്ഞാനം
- അറിവിന്റെ സൗധം
- ഉയർന്ന തരത്തിലുള്ള അറിവ്

കുട്ടികൾ : ദാർശനിക ശൃംഘലം

- ശൃംഘലം പോലെയുള്ള ദർശനം
- ഉയർന്ന തത്വചിന്ത
- ദർശനങ്ങളുടെ ഔന്നത്യം

അദ്ധ്യാപിക : ശരി. നിങ്ങൾ വളരെ നല്ല രീതിയിൽ തന്നെ ഞാൻ തന്ന ഉപമകളെ വിശദീകരിച്ചു. അഭിനന്ദനങ്ങൾ.

കുട്ടികൾ : നന്ദി ടീച്ചർ

**ഘട്ടം മൂന്ന് (Phase III)**

അദ്ധ്യാപിക : ഇനി നമുക്ക് കുറച്ചുകൂടി രസകരമായ ഒരു പ്രവർത്തനത്തിലേക്കു കടക്കാം.
നിങ്ങൾ തയ്യാറാണോ?

കുട്ടികൾ : തയ്യാറാണ് ടീച്ചർ

അദ്ധ്യാപിക : എന്നാൽ ശ്രദ്ധിച്ചു കേൾക്കുക. നേരത്തെ നമ്മൾ വിശദീകരിച്ച ഉപമകളോർമ്മയുണ്ടല്ലോ?

കുട്ടികൾ : ഉണ്ട് ടീച്ചർ

അദ്ധ്യാപിക : എങ്കിൽ നിങ്ങൾ സ്വയം ആ ഉപമകളാണെന്നു സങ്ക

ല്പിച്ചു നോക്കൂ. വളരെ രസകരമായിരിക്കും.
(കുട്ടികൾ പറയുന്നു)

കുട്ടി : ഞാനൊരുവലിയ ഗോപുരമാണ് ടീച്ചർ. ഈഫൽ ഗോപുരം പോലെ. വിജ്ഞാനം കൊണ്ടാണ് എനിക്ക് ഉയരം തോന്നുന്നത്. എന്നെ നോക്കൂ... എന്റെ തല നിങ്ങൾക്കു കാണാനേ ആവില്ല ... അതങ്ങുയരത്തിലാണ്.

കുട്ടി : ഞാൻ ഒരു കോട്ടയാണ്. എന്റെ കയ്യും, കാലും ശരീരവുമൊക്കെ ഒരു കോട്ട പോലെ ഭീമാകാരമാണ്. ഞാൻ അതുകൊണ്ടിങ്ങനെ നമ്മുടെ സംസ്കാരത്തെ ചുറ്റിപ്പിടിച്ചിരിക്കുകയാണ്.

കുട്ടി : ഞാൻ ചൈനയിലെ വൻമതിലുപോലെ നീണ്ടു പരന്നു കിടക്കുകയാണ്. പക്ഷെ ആകാശത്തോളം ഉയരവുമുണ്ട്.

കുട്ടി : സാധാരണയായി നമുക്കു മനസ്സു കാണാൻ പറ്റില്ലല്ലോ? പക്ഷെ ഞാൻ മനസ്സാണ്. വലിയ സ്തൂപം പോലെ ഇങ്ങനെ ഉയർന്നു പോകുന്ന മനസ്സാണ് ഞാൻ. അതിന്റെ മുകളറ്റം കാണാനാവില്ല.

കുട്ടി : ഞാൻ എന്റെ പിതാവിന്റെ ഹൃദയം തന്നെയാണ്. ഹൃദയം നിറയെ സ്നേഹവും വാത്സല്യവുമാണ്.

കുട്ടി : ഞാൻ ഒരു വലിയ സൗധമാണ്. അതിന്റെ ചുമരുകളും മുറികളുമെല്ലാം അറിവുകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.

കുട്ടി : ഞാൻ ഒരു പർവ്വത ശൃംഘലമാണ്. കാടും മഞ്ഞും ഒക്കെ നിറഞ്ഞ ഒരു വലിയ ശൃംഘലം. ഈ പർവ്വതശൃഘലത്തിന്റെ ഓരോ ഭാഗവും നമ്മുടെ പൗരാണിക ദർശനങ്ങളെക്കൊണ്ടാണ് തീർത്തിരിക്കുന്നത്.

അദ്ധ്യാപിക : വളരെ രസകരമായിരിക്കുന്നു. നിങ്ങൾ വളരെ പെട്ടന്നുതന്നെ പ്രത്യക്ഷ ഉപമകളായി മാറിയല്ലോ. ആ സങ്കല്പങ്ങൾ വളരെ രസകരമായിരിക്കുന്നു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

## ഘട്ടം നാല് (Phase IV)

അദ്ധ്യാപിക : ഇനി നമുക്ക് അല്പം കൂടി ഗൗരവമായ ചില കാര്യങ്ങൾ ചെയ്യാം. നിങ്ങൾ തയ്യാറാണോ?

കുട്ടികൾ : ശരി ടീച്ചർ

അദ്ധ്യാപിക : നിങ്ങൾ നമ്മൾ പറഞ്ഞ ഉപമകളായിമാറിയിരിക്കുകയല്ലേ? നാം ബോർഡിലെഴുതിയ ഉപമകളും പാഠഭാഗത്തിന്റെ ആശയവുമായി താരതമ്യം ചെയ്യണം. അതാണ് അടുത്ത പ്രവർത്തനം. ശ്രമിച്ചു നോക്കൂ.

കുട്ടികൾ : ശരി ടീച്ചർ. (കുട്ടികൾ പ്രത്യക്ഷ ഉപമകളുടെ സാമ്യവസ്തുക്കൾ പാഠഭാഗത്തിലെ ആശയവുമായി ബന്ധിപ്പിക്കുന്നു).

കുട്ടി : വിജ്ഞാന ഗോപുരം. അറിവിന്റെ ഏറ്റവും ഉയർന്ന രൂപത്തെ കാണിക്കുന്നു. ഉപനിഷത്തുകൾ അറിവിന്റെ ഗോപുരമാണ്. ഉയർന്ന തരത്തിലുള്ള അറിവാണ് ഉപനിഷത്തുകൾ.

അദ്ധ്യാപിക : കൊള്ളാം ഇനി കേൾക്കട്ടെ.

കുട്ടി : സാംസ്കാരിക കോട്ട. കോട്ട പോലെ സംസ്കാരത്തെ സംരക്ഷിക്കുന്നു. ഉപനിഷത്തുക്കൾ ഒരു വലിയ കോട്ട പോലെ ബൃഹത്താണ്. അവ നമ്മുടെ സംസ്കാരത്തെയാണ് സംരക്ഷിക്കുന്നത്.

അദ്ധ്യാപിക : നന്നായിരിക്കും.

കുട്ടി : വൻമതിൽ. നീണ്ടുപരന്നതാണ് വൻമതിൽ. അതുപോലെയാണ് ഉപനിഷത്തുക്കളും. ഹിമാലയപർവ്വതം ഒരു വൻ മതിലുപോലെ രാജ്യത്തെ സംരക്ഷിക്കുന്നു. ഉപനിഷത്തുക്കളായ വലിയ മതിൽ നമ്മുടെ ദാർശനിക സംസ്കാരത്തെ സംരക്ഷിക്കുന്നു.

അദ്ധ്യാപിക : ബാക്കിപറയൂ.

കുട്ടി : പിതൃഹൃദയം. പിതാവിന്റെ ഹൃദയം പോലെ സ്നേഹവും, വാത്സല്യവുമുള്ളതാണ് ഹിമാലയത്തിന്റെ മനസ്സ്. ഹിമാലയത്തിനെ മനുഷ്യനായിട്ട് കാളിദാസൻ കല്പിച്ചിരിക്കുന്നു. ഹിമവാൻ എന്ന സ്നേഹമുള്ള അച്ഛൻ.

അദ്ധ്യാപിക : ശരി. അടുത്തത് പറയൂ.

കുട്ടി : ജ്ഞാന സൗധം. ജ്ഞാനം കൊണ്ടുള്ള ഒരു വലിയ സൗധം. ഉപനിഷത്തുക്കൾ പോലെ ജ്ഞാനത്തിന്റെ സൗധമാണ്. ഇത് ഉപനിഷത്തുക്കളുടെ ജ്ഞാന സമ്പന്നതയെ കാണിക്കുന്നു.

അദ്ധ്യാപിക : നന്നായിരിക്കുന്നു.

കുട്ടി : ദാർശനിക ശൃംഖം. ദർശനങ്ങളുടെ അർത്ഥസംപുഷ്ടി കൊണ്ടുള്ള ഉയരത്തെ സൂചിപ്പിക്കുന്നു. ഉപനിഷത്തുക്കളുടെ ദർശനങ്ങൾ ഇങ്ങനെയാണ്. ഉയർന്ന തലത്തിലുള്ള ദർശനങ്ങളാണ് ഉപനിഷത്തുക്കളിൽ ഉള്ളത്.

## ഘട്ടം അഞ്ച് (Phase V)

അദ്ധ്യാപിക : ഇനി നിങ്ങൾ ചെയ്യേണ്ടത് ഞാൻ പറയുന്നതു ശ്രദ്ധിക്കുക.

കുട്ടികൾ : ശരി ടീച്ചർ. (കുട്ടികൾ ശ്രദ്ധിക്കുന്നു)

അദ്ധ്യാപിക : നിങ്ങൾ ഉപമകൾ തമ്മിൽ ഉള്ള സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടെത്തി അവയെ ഉപനിഷത്തുക്കളുമായി താരതമ്യം ചെയ്യണം. (കുട്ടികൾ ഉപമകൾ തമ്മിൽ താരതമ്യം ചെയ്യുന്നു).

അദ്ധ്യാപിക : എല്ലാ ഉപമകളും ഉപനിഷത്തുക്കളുമായി പൊരുത്തപ്പെടുന്നുണ്ടോ അല്ലയോ എന്നു പറയുക.

കുട്ടികൾ : പൊരുത്തപ്പെടുന്നുണ്ട്. ഒരെണ്ണം മാത്രം – പിതൃഹൃദയം – ഹിമാലയവുമായി സാമ്യപ്പെട്ടിരിക്കുന്നു.

അദ്ധ്യാപിക : ശരി. ഒന്നു കൂടി ഉറപ്പു വരുത്തുക.

കുട്ടികൾ : ചെയ്യാം ടീച്ചർ

(കുട്ടികൾ ഉപമകളും പാഠഭാഗവുമായി പൊരുത്തമുണ്ടോ ഇല്ലയോ എന്ന് ഉറപ്പു വരുത്തുന്നു.)

**ഘട്ടം ആറ് (Phase VI)**

അദ്ധ്യാപിക : പാഠഭാഗത്തിലെ ഉപനിഷത്ത് എന്ന ആശയത്തിന്റെ പ്രത്യേകതകൾ മനസ്സിലായല്ലോ? ഇനി നിങ്ങൾ നിങ്ങളുടേതായ പ്രത്യക്ഷോപമകൾ പറയുക. ആ ഉപമകൾ ഉപനിഷത്ത് എന്ന് ആശയവുമായി പൊരുത്തമുണ്ടായിരിക്കണം.

(കുട്ടികൾ സ്വന്തം ഉപമകൾ കണ്ടെത്തുന്നു)

കുട്ടികൾ : അനന്തജ്ഞാനം

ആകാശഗോപുരം

ആഴക്കടൽ

ലോകാത്ഭുതം

അദ്ധ്യാപിക : കൊള്ളാം. നന്നായിരിക്കുന്നു.

**ഘട്ടം ഏഴ് (Phase VII)**

അദ്ധ്യാപിക : ഇപ്പോൾ നിങ്ങൾ കണ്ടെത്തിയ ഉപമകൾ താരതമ്യം ചെയ്ത് പാഠഭാഗത്തിലെ ആശയവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.

കുട്ടികൾ : ശരി ടീച്ചർ

(കുട്ടികൾ ഉപമകളുടെ പൊരുത്തം പരിശോധിക്കുക)

അനന്തജ്ഞാനം : ഉപനിഷത്തുക്കൾ അനന്തമായ ജ്ഞാനത്തിന്റെ ഉറവിടമാണ്.

ആകാശഗോപുരം : ആകാശഗോപുരംപോലെ ഉയർന്ന നിലയിലാണ് ഉപനിഷത്തുക്കളുടെ ദർശനങ്ങൾ

ആഴക്കടൽ : ഉപനിഷത്തുക്കളിലെ ദർശനങ്ങൾ ആഴക്കടൽ പോലെ അഗാധമാണ്.

ലോകാത്ഭുതം : വിസ്മയജനകമായ ഒരു ലോകാത്ഭുതമാണ് ഉപനിഷത്തുക്കൾ

അദ്ധ്യാപിക : നിങ്ങൾ നന്നായി ചെയ്തു. അഭിനന്ദനങ്ങൾ

## 2. സാമൂഹ്യ വ്യവസ്ഥ

പ്രത്യക്ഷോപമകൾ കണ്ടെത്തി സിനെറ്റിക് പ്രക്രിയക്ക് തുടക്കം കുറിക്കുന്നത് അദ്ധ്യാപികയാണ്. വ്യക്തിപര ഉപമകൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കുകയും ചെയ്യുന്നുണ്ട്. ഉപമകളുടെ സാമ്യങ്ങളും, വൈജാത്യങ്ങളും കണ്ടെത്താൻ കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള ഒരു സഹകരണാന്തരീക്ഷം ടീച്ചർ സൃഷ്ടിക്കുന്നുണ്ട്.

## 3. പ്രക്രിയാ തത്വങ്ങൾ

കുട്ടികളുടെ ചിന്തകൾ സാധാരണരീതിയിൽ നിന്നും വിഭിന്നമായിരിക്കുവാൻ അദ്ധ്യാപിക ശ്രദ്ധിക്കുന്നുണ്ട്. സർഗ്ഗാത്മകമായ പ്രതികരണങ്ങൾക്ക് ഇത് അത്യന്താപേക്ഷിതമാണ്. കുട്ടികളും അദ്ധ്യാപികയും തമ്മിലുള്ള ഇടപെടലുകൾ ഈ സർഗ്ഗാത്മക പ്രതികരണങ്ങളെ ഉന്നം വച്ചു കൊണ്ടുള്ളതാണ്. അദ്ധ്യാപിക അത്തരത്തിലുള്ള ഒരു റോൾ മോഡലാണ് ക്ലാസിൽ. കുട്ടികളുടെ പ്രതികരണങ്ങൾ എല്ലാം സ്വീകരിക്കുകയും, വിലയിരുത്തലുകൾ നടത്താതിരിക്കുകയും ചെയ്യുന്നുണ്ട് അദ്ധ്യാപിക. ഈ പെരുമാറ്റം കുട്ടികളുടെ സർഗ്ഗാത്മകത പുറത്തുവരുവാൻ സഹായിക്കും. ഉപമകളുടെ വിശകലനത്തിന് കുട്ടികൾ ആവശ്യമായ സമയമെടുക്കുന്നുണ്ടെന്ന് അദ്ധ്യാപിക ഉറപ്പുവരുത്തുന്നു.

## 4. പിന്തുണാ വ്യവസ്ഥ

സിനെറ്റിക് മാതൃകയിൽ പരിശീലനം നേടിയ അദ്ധ്യാപികയാണ് ഏറ്റവും പ്രധാന വസ്തു. പ്രത്യക്ഷോപമകൾ എഴുതിയ പട്ടിക, അവയുടെ ചിത്രങ്ങൾ, പഠിതാക്കളുടെ ചെറുസംഘങ്ങളൊക്കെ സിനെറ്റിക് പരിശീലനത്തിന്റെ പിന്തുണാ വസ്തുക്കളാണ്.

## 5. ഫലങ്ങൾ

- **പ്രത്യക്ഷപഠന ഫലങ്ങൾ**
  - പൊതുവായ സർഗ്ഗാത്മക കഴിവിന്റെ വികസനം
  - ഉപനിഷത്തുക്കളെ സർഗ്ഗാത്മക രീതിയിൽ സമീപിക്കാനുള്ള സിദ്ധിയുടെ വികാസം.
- **പരോക്ഷ പഠന ഫലങ്ങൾ**
  - ഉപനിഷത്തുക്കളുടെ പൊതുവായ ദാർശനിക സ്വഭാവങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു.
  - സംഘബോധവും, ക്രിയാത്മകതയും വളരുന്നു.

# Thank you



**- AJAY LAL M**

# 2 Mark Questions & Answer key words

- എന്താണ് ആഗമന രീതി ?
- സൗന്ദര്യാത്മക പ്രോജക്ട് എന്നാൽ എന്താണ് ?
- വ്യവഹാരാധിഷ്ഠിത ബോധനശാസ്ത്രം എന്നാൽ എന്ത് ? രണ്ട് വ്യവഹാരങ്ങൾ ഉദാഹരിക്കുക.
- ഡിസ്കോഴ്സ് അഥവാ വ്യവഹാര രൂപങ്ങൾ എന്നാൽ എന്ത് ? രണ്ട് ഉദാഹരണങ്ങൾ നിർദ്ദേശിക്കുക.
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
- 'മുഖ പ്രസംഗം തയ്യാറാക്കുക' എന്ന പഠന പ്രവർത്തനത്തിന്റെ വിലയിരുത്തൽ സൂചകങ്ങൾ എന്തെല്ലാം ?
- ഭാഷാധ്യാപനത്തിൽ നാടകരീതിക്കുള്ള സ്ഥാനം എന്ത്?

# 4 Mark Short Essays & Value Points

- ചർച്ചാരീതിയുടെ ഗുണദോഷങ്ങൾ ഏതെല്ലാം
- എന്താണ് ഒരു സെമിനാർ ? ഇതെങ്ങനെ വിലയിരുത്തും ?
- ഭാഷയിലെ വിവിധ വ്യവഹാര രൂപങ്ങൾ ഏവ? ഇവ എന്തിനാണ് കുട്ടികൾക്ക് പരിചയപ്പെടുത്തുന്നത് ?
- വായനാക്കുറിപ്പ് തയ്യാറാക്കുന്നതിന് അദ്ധ്യാപകൻ നൽകേണ്ടുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം ? ഉദാഹരണമായി ഒരു വായനാക്കുറിപ്പ് തയ്യാറാക്കുക
- പ്രസിദ്ധ സാഹിത്യകാരനായ എം.ടി.വാസുദേവൻ നായരെ ആദരിക്കുന്ന ചടങ്ങിൽ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നതിനായി ഒരു സ്വാഗത പ്രസംഗം തയ്യാറാക്കുക

- ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

"അർത്ഥമെത്ര വളരെയുണ്ടാകിലും

തൃപ്തിയാകാ മനസ്സിന്നൊരു കാലം

പത്തുകിട്ടുകിൽ നൂറു മതിയെന്നും

ശതമാകിൽ സഹസ്രം മതിയെന്നും "

- കുട്ടികൾക്ക് വേണ്ടുന്ന അഭ്യാസങ്ങൾക്ക് വേണ്ട പ്രത്യേകതകൾ എന്തെല്ലാം
- പ്രോജക്ടിന്റെ അടിസ്ഥാന തത്വങ്ങൾ

# 10 Mark Essays & Value Points

-

# Unit 4

# Planning in teaching

# <u>പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം</u> - <u>ആവശ്യവും പ്രാധാന്യവും</u>

പാഠ്യപദ്ധതിയെയും പാഠ്യക്രമത്തെയും പാഠപുസ്തകത്തെയും അടിസ്ഥാനമാക്കി പഠിപ്പിക്കാനുള്ള

ശാസ്ത്രീയമായ കാര്യങ്ങൾ പഠനപുരോഗതിയ്ക്ക് എങ്ങനെ ഉപയുക്തമാക്കാം എന്ന ലക്ഷ്യമാണ് പാഠാസൂത്രണത്തിനുള്ളത്.അധ്യാപകനും വിദ്യാർഥിയും ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ, പാഠ്യവസ്തുക്കൾ, പഠനാനുഭവങ്ങൾ, പഠനോപകരണങ്ങൾ എന്നിവയെ ക്രമീകരിച്ച് ലക്ഷ്യത്തിലെത്തിക്കാൻ പാഠാസൂത്രണം പ്രയോജനപ്പെടും.അധ്യാപകന്റെ കർമ്മപദ്ധതികളടങ്ങിയ രേഖ,

വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന രേഖ എന്നീ നിലകളിലും പാഠാസൂത്രണം പ്രയോജനപ്പെടുന്നു.

## വിവിധ തരത്തിലുള്ള ആസൂത്രണം

### വാർഷികാസൂത്രണം(Year plan)

പാഠ്യപദ്ധതിയിലൂടെ ലഭിച്ച പാഠങ്ങൾ ഒരു വർഷത്തിനുള്ളിൽ എന്തെല്ലാം ഉദ്ദേശ്യങ്ങളെ സാക്ഷാത്കരിക്കാൻ വേണ്ടി, ഏതെല്ലാം പ്രത്യേക പരിപാഠികളെ ആശ്രയിച്ചാണ് പഠിപ്പിക്കേണ്ടതെന്ന് തീരുമാനിക്കുന്നതാണ് വാർഷികാസൂത്രണം.ഏകകാസൂത്രണത്തിനും

**<u>ഏകകാസൂത്രണം(Unit plan)</u>**

പരസ്പരബന്ധിതങ്ങളായ ആശയങ്ങൾ ചേർന്ന സ്വയം നിലനിൽപ്പുള്ള ഒരു ഭാഗത്തെയാണ് ഏകകം എന്ന് പറയുന്നത്. യൂണിറ്റിനെ സമഗ്രമായി കണ്ട് വേണം പാഠാസൂത്രണങ്ങൾ തയ്യാറാക്കാൻ. ഇങ്ങനെ സമഗ്രമായി തയ്യാറാക്കുന്നവയാണ് ഏകകാസൂത്രണം

**ഏകകം ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പാഠ്യവസതുവിന്റെ അപഗ്രഥനം

ഏകകത്തെ വിശകലനം ചെയ്ത് വിവിധ പാഠ്യവസ്തുക്കളെ കണ്ടു പിടിക്കുകയാണ് ഏകകാസൂത്രണത്തിന്റെ ആദ്യ പടി.

## 2. ബോധനോദ്ദേശ്യങ്ങളുടെ നിർണയം

പാഠ്യവസ്തുക്കൾ,കുട്ടികളുടെ നിലവാരം എന്നിവ പരിഗണിച്ച് തിരഞ്ഞെടുത്ത ഉദ്ദേശ്യങ്ങളും അവയുടെ സ്പഷ്ടീകരണങ്ങളും ഏകകാസൂത്രണത്തിൽ വ്യക്തമായി പ്രതിപാദിക്കണം.

## 3. പഠനാനുഭവങ്ങൾ

ബോധനോദ്ദേശ്യങ്ങൾക്കും സ്പഷ്ടീകരണങ്ങൾക്കുംകുട്ടികളുടെ നിലവാരത്തിനും അനുയോജ്യമായ പഠനാനുഭവങ്ങൾ തിരഞ്ഞെടുക്കണം.

4. മൂല്യനിർണയോപാധികൾ

ഏതെല്ലാം രീതികളും ഉപകരണങ്ങളുമാണ് മൂല്യനിർണയത്തിനുപയോഗിക്കുന്നതെന്ന് ആദ്യമേ വ്യക്തമാക്കണം.ഉദ്ദേശ്യങ്ങൾ,പാഠഭാഗം, ചോദ്യമാതൃകകൾ,കാഠിന്യനിലവാരം എന്നിവയ്ക്കെല്ലാം മൂല്യനിർണയത്തിൽ അപേക്ഷികപ്രാധാന്യം കൊടുക്കണം.

# പാഠാസൂത്രണം

* അദ്ധ്യാപിക ക്ലാസിൽ പ്രവർത്തികമാക്കുന്ന ഒരു ക്രിയാത്മക പദ്ധതിയാണ് പാഠാസൂത്രണം

* ക്ലാസിലെ പഠനപ്രവർത്തനങ്ങളെക്കുറിച്ചുള്ള അധ്യാപികയുടെ മാനസികവും വൈകാരികവുമായ കാഴ്ചപ്പാടുകളാണ് പാഠാ സൂത്രണം.

* അധ്യാപികയെ തന്റെ അധ്യാപന പഠന പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ സഹായിക്കുന്നതാണ് പാഠാസൂത്രണം.

* ഫലപ്രദമായ അധ്യാപനത്തിന് കൃത്യമായ പാഠാസൂത്രണം ഉണ്ടായിരിക്കണം.

*പാഠ്യവസ്തുവിനെക്കുറിച്ചും അത് കുട്ടികളിലേക്ക് എത്തിക്കേണ്ടതിനെക്കുറിച്ചും അധ്യാപകർക്ക് മുൻധാരണയുണ്ടായിരിക്കണം.

* എങ്ങനെ ഒരു പാഠഭാഗം തുടങ്ങണം,തുടരണം, അവസാനിപ്പിക്കണം എന്നത് അധ്യാപകർക്ക് മുൻധാരണ നൽകുന്നത് പാഠാസൂത്രണമാണ്.

# പാഠാസൂത്രണത്തിന്റെ പ്രാധാന്യം

1. നിശ്ചിതമായ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും നേടുന്നതിന്
2.തടസ്സങ്ങളെ നീക്കുന്നു.
3. അധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.
4. സമ്പൂർണ്ണവും ഫലപ്രദവും
5. മൂല്യനിർണ്ണയം സാദ്ധ്യമാകുന്നു.

# ജ്ഞാന നിർമ്മിതി വാദത്തിലെ പഠനരൂപരേഖ

- ജ്ഞാന നിർമ്മിതിവാദപരമായ പഠനത്തിന് അടിത്തറ പാകിയത് സ്യൂയി,കെഴി, മോണ്ടിസോറി, പിയാഷെ, ബ്രൂണർ, വിഗോട്സ്കി തുടങ്ങിയവരുടെ പഠനങ്ങളായിരുന്നു.

- ചേഷ്ടാവാദത്തിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസത്തിൽ നിന്നും ജ്ഞാന സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയ വിദ്യാഭ്യാസത്തിലേക്കുള്ള ഒരു ചുവടുമാറ്റമാണ് ജ്ഞാനനിർമ്മിതിവാദം.

- ചേഷ്ടാവാദം, ബുദ്ധി,ഉദ്ദേശ്യങ്ങളുടെ വ്യത്യസ്ത തലങ്ങൾ, അറിവിന്റെ തലങ്ങൾ, പ്രബലനം എന്നിവക്ക് പ്രാധാന്യം നൽകുമ്പോൾ ചുറ്റുപാടുമുള്ള ഇടപഴകലിലൂടെ പഠിതാക്കൾ സ്വയം അറിവ് നിർമ്മിക്കുകയാണെന്ന അഭിപ്രായമാണ് ജ്ഞാന നിർമ്മിതി വാദത്തിനുള്ളത്.

**4 പ്രധാന സങ്കൽപങ്ങളാണ് ജ്ഞാന നിർമ്മിതി വാദത്തിന്റെ അടിസ്ഥാനം**

- പഠിതാക്കൾ സജീവമായ പഠനപ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടാണ് ഭൗതികമായ അറിവ് നിർമ്മിക്കുന്നത്.

- പഠിതാക്കൾ പ്രവർത്തിയെക്കുറിച്ചുള്ള അവരവരുടേതായ ചിത്രീകരണങ്ങൾ നടത്തുക വഴിയാണ് ബിംബാത്മകമായ അറിവ് നിർമ്മിക്കുന്നത്.

- പഠിതാക്കൾ തങ്ങളുടെ അർത്ഥതലം മറ്റുള്ളവരിലേക്ക് പകരുമ്പോഴാണ് അറിവിന്റെ സാമൂഹികമായ നിർമ്മാണം നടക്കുന്നത്.

- പഠിതാക്കൾ അവർക്ക് പൂർണമായി അറിയാത്ത കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിക്കുമ്പോഴാണ് അറിവ്

- .പ്രവർത്തനങ്ങൾ രൂപീകരിക്കുമ്പോൾ ജ്ഞാന പദാവലികളായ വർഗ്ഗീകരണം അപഗ്രഥനം പ്രവചനം നിർമ്മാണം എന്നിവ ഉപയോഗിക്കുന്നു.

- .ഉള്ളടക്കം ബോധനതത്വം എന്നിവയിൽ മാറ്റം വരുത്താൻ അനുവദിക്കുന്നു.

- .ആശയങ്ങളെ കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ വിശദീകരിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളുടെ കാഴ്ചപ്പാട് അന്വേഷിക്കുന്നു.

- .വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും വിദ്യാർത്ഥികൾ തമ്മിലും സംഭാഷണത്തിലേർപ്പെടുന്നത് പ്രോൽസാഹിപ്പിക്കുന്നു.

- . അഭിപ്രായ വ്യത്യാസങ്ങൾ ലഭ്യമാവുന്ന അനുഭവങ്ങളിൽ കുട്ടികളെ ഇടപ്പെടുത്തുകയും ചർച്ചകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

- . ചോദ്യം ചോദിച്ച ശേഷം ഉത്തരം നൽകാൻ അവസരം നൽകുന്നു.

- . പുതിയ ബന്ധങ്ങൾ സ്ഥാപിക്കുന്നതിന് അവസരം നൽകുന്നു

# ജ്ഞാന നിർമ്മിതിവാദമാതൃകയിലുള്ള പാഠം സൂത്രണ രൂപരേഖ

അധ്യാപികയുടെ പേര്
സ്കൂളിന്റെ പേര്
വിഷയം
ഏകകം
പ്രായം
ക്ലാസ്സ്
ഡിവിഷൻ
സമയം
തിയ്യതി

പാഠ്യ പദ്ധതി ഉദ്ദേശ്യ പ്രസ്താവന

മുന്നറിവ്
സാമഗ്രികൾ
പഠനോൽപന്നങ്ങൾ

പ്രക്രിയ       പ്രതികരണം

## 2 Mark Questions & Answer key words

1. വിവിധ പഠനാസൂത്രണങ്ങൾ ഏതെല്ലാം?
2. വാർഷികാസൂത്രണം എന്നാൽ എന്ത്?

## 4 Mark Short Essays & Value Points

1. പഠനപ്രവർത്തനങ്ങളിൽ  ആസൂത്രണത്തിന്റെ പ്രാധാന്യം വിവരിക്കുക.
2. ഏകകാസൂത്രണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

# 10 Mark Essays & Value Points

1. പഠനപ്രവർത്തനങ്ങളിൽ ആസൂത്രണത്തിന് പ്രാധാന്യം ഉണ്ടോ? വിവിധ തരത്തിലുള്ള പഠനാസൂത്രണങ്ങൾ വിവരിക്കുക.

# Unit 5

# Teaching learning resources in Malayalam teaching

# ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ (Audio Visual Aids)

മാതൃഭാഷ ബോധനത്തിനുപയോഗിക്കുന്ന പ്രധാന ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ താഴെ ചേർക്കുന്നു

## ടെലിവിഷൻ

**ലോകത്തെ ക്ലാസ്സ്മുറികളിലെത്തിക്കുന്നുവെന്നതാണ് ടെലിവിഷൻ വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ വിപ്ലവം .ആധുനിക വിദ്യാഭ്യാസത്തിന്റെ പുരോഗതിയിൽ ടെലിവിഷനുകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട് .**

- **ക്ലാസ്സ്മുറിക്ക് പുറത്തുള്ള മുഴുവൻ വിഭവങ്ങളെയും ക്ലാസ്സുറിക്കുള്ളിലെത്തിക്കുന്നു .**
- **അഭിപ്രേരണ ഉണർത്തുന്നു**
- **ഒരു വലിയ സമൂഹത്തിനു വിവര വിനിമയത്തിനായി**

- <u>ടെലിവിഷൻ അധ്യാപനത്തിനു സ്ഥിരത പ്രദാനം ചെയ്യുന്നു.</u>

<u>വ്യ്ത്യസ്ത തരം ടെലിവിഷൻ പരിപാടികൾ ----</u>വാണിജ്യപരമായ പരിപാടികൾ , പ്രധാന സംഭവങ്ങളുടെ സംപ്രേഷണം , പൊതുപരിപാടികൾ , വിദ്യാഭ്യാസ പരിപാടികൾ .

## വീഡിയോ ടേപ്പുകൾ

ടെലിവിഷൻ പരിപാടികളും മറ്റ് വിദ്യാഭ്യാസ പരിപാടികളും പ്രത്യേക സമയത്തു ഉപയോഗിക്കുന്നതിനായി സൂക്ഷിക്കാനാണ് വീഡിയോ ടേപ്പുകൾ ഭാഷാപാഠത്തിലുപയോഗിക്കുന്നത് .വീഡിയോ ടേപ്പുകൾ ആവർത്തിച്ചുകാണുവാനും ഇടക്ക് നിർത്തി പിന്നീട് തുടരുവാനുമെല്ലാം സഹായിക്കുന്നു .

## റേഡിയോ

ടെലിവിഷന്റെ വരവോടുകൂടി റേഡിയോയുടെ പ്രാധാന്യം ആധുനിക സമൂഹത്തിൽ കുറഞ്ഞിട്ടുണ്ടെങ്കിലും മാതൃഭാഷ പഠനത്തിൽ

റേഡിയോയുടെ ഉപയോഗം

- റേഡിയോ പലപ്പോഴും ക്ലാസ്സ്മുറിയിലെ പഠനത്തിനു പകരം നിൽക്കുന്നതാണ്
- പാഠ്യവിഷയത്തെ സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തുന്നതിനു റേഡിയോ സഹായിക്കുന്നു .
- വിഷയ വിദഗ്ദർ ,ഭാഷ ശാസ്ത്രജ്ഞർ ,എഴുത്തുകാർ തുടങ്ങിയവരുടെ വാക്കുകൾ ശ്രവിക്കാൻ റേഡിയോ സഹായിക്കുന്നു .
- വിവിധ വിവാദ വിഷയങ്ങളെ സംബന്ധിച്ചു വ്യക്തമായ ഒരു കാഴ്ചപ്പാട് വിദ്യാർത്ഥികളിൽ ഉണ്ടാക്കാൻ സഹായിക്കുന്നു .
- ഗ്രൂപ്പ് പഠനത്തിനു റേഡിയോ അനുയോജ്യമാണ്

വ്യത്യസ്ത തരം റേഡിയോ പരിപാടികൾ ----സ്കൂൾ സംപ്രേഷണങ്ങൾ , തത്സമയ സംപ്രേഷണങ്ങൾ ,പൊതു സംപ്രേഷണങ്ങൾ

പരിമിതികൾ

- റേഡിയോ ഒരു വഴിയിലൂടെയുള്ള ആശയവിനിമയം മാത്രമാണ് .വിദ്യർത്ഥികൾ കേൾവിക്കാർ മാത്രമാണ്

## ഇന്റർനെറ്റ്

പരസ്പരം ആശയവിനിമയം നടത്താവുന്ന ഒരു വിശാലമായ കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്റർനെറ്റ് .വിവര വിനിമയ സാങ്കേതികരംഗത്തെ ഈ കുതിച്ചു ചാ വിദ്യാഭ്യാസ രംഗത്തെ ഒരുപാട് സ്വാധീനിച്ചു .ഒരു വെബ് ഡോക്യുമെന്റിൽ വിശദീകരണങ്ങൾ ,ചിത്രങ്ങൾ ,ശബ്ദം ,ചലനചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്താം ഭാഷാബോധനത്തിൽ ഇന്റെർനെറ്റിന് താഴെ പറയുന്ന ഉപയോഗങ്ങളാണുള്ളത് :

- ഇ -മെയിൽ -- വിദ്യാർത്ഥികളിൽ ഒരാഗോള വീക്ഷണം ഉണ്ടാകുന്നതിനു സഹായിക്കുന്നു
- റിമോട്ട് ലോഗിൻ --- ഒരു ഇന്റർനെറ്റ് അക്കൗണ്ട് ഉള്ളയാൾക്ക് ലോകത്തിന്റെ ഏത് കോണിൽനിന്ന് തുറക്കാവുന്നതാണ് .
- ഫയൽ കൈമാറ്റം --- ഇന്റർനെറ്റുകളിൽ നിന്നും നമുക്കാവശ്യമായ വിവരങ്ങൾ ഓരോരുത്തരുടെ സ്വകാര്യ കംപ്യൂട്ടറിലേക് പകർത്താവുന്നതാണ്

## ടേപ്പ് റിക്കോർഡുകൾ

_ടെലിവിഷൻ റേഡിയോ പ്രോഗ്രാമുകൾ അത്യപൂർവമായി മാത്രമേ ക്ലാസ് സമയത്തുപയോഗിക്കാൻ കഴിയാറുള്ളു .എന്നാൽ റിക്കോർഡ് ചെയ്തുവെച്ച  പരിപാടികൾ ക്ലാസ്സ്റൂം പഠനത്തിനനുയോജ്യമായി ക്രമീകരിക്കാവുന്നതാണ് .ടേപ്പ് റിക്കാർഡുകളുടെ പ്രധാനപ്പെട്ട നേട്ടമിതാണ് .വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ ,പ്രശസ്തരുടെ പ്രസംഗങ്ങൾ , റേഡിയോ പരിപാടികൾ എന്നിവയെല്ലാം ടേപ്പ് റിക്കാർഡുകളിലൂടെ കേൾക്കാം .

## ഭാഷാപരീക്ഷണശാല (Language laboratory )

സാങ്കേതിക വിദ്യകളുടെ ഉപയോഗം ഭാഷാദ്ധ്യാപനത്തിൽ ചെലുത്തിയതിന്റെ ഉത്തമോദാഹരണമാണ് ഭാഷാപരീക്ഷണശാല .കുട്ടികളുടെ വ്യക്തിവ്യത്യാസങ്ങളെ പരിഗണിച്ചുകൊണ്ട് ഭാഷാപഠനം ,ഉച്ചാരണ ശിക്ഷണം ,വചന ശിക്ഷണം ,എന്നിവയ്ക്ക് ഫലപ്രദമായി

ഭാഷാപരീക്ഷണശാലയിലെ പ്രധാന ഭാഗങ്ങളാണ് ഹിയറിങ് ബൂത്ത് ,അഡൈ്വസർ ബൂത്ത് ,കൺട്രോൾ റൂം എന്നിവ . ഓരോ ഹിയറിങ് ബൂത്തിലും ഇയർഫോൺ , മൈക്രോഫോൺ ,tepp റിക്കോർഡർ എന്നിവയുണ്ടാകും . അധ്യാപിക അഡൈ്വസർ ബൂത്തിൽ ഇരിക്കുന്നു . അവിടെത്തെ ടേപ്പുകളെല്ലാം കുട്ടികളിരിക്കുന്ന ഹിയറിങ് ബൂത്തുമായി ബന്ധിപ്പിച്ചിട്ടുണ്ടാകും .കുട്ടി ബട്ടൺ അമർത്തുമ്പോൾ മാസ്റ്റർ ടേപ്പിലെ മാതൃകകൾകേൾക്കുന്നു . കുട്ടി അവ കേട്ട് ഉച്ചരിക്കുകയും എഴുതുകയും ചെയ്യുന്നു . സംശയങ്ങൾ അധ്യാപികയുമായി ഫോണിൽ ബന്ധപ്പെട്ടുചോദിക്കുന്നു .

അനുയോജ്യമായ പഠനവസ്തുക്കളുടെ ലഭ്യതക്കുറവുമൂലം മാതൃഭാഷാപഠനത്തിൽ ഭാഷാപരീക്ഷണശാലയുടെ ഉപയോഗം അത്ര സാർവത്രികമായിട്ടില്ല .

# ഗ്രന്ഥശാല (Laibrary)

ഏതുതരം പഠനങ്ങൾക്കും വിശാലമായ വായന ആവശ്യമായിവരുന്നു .നല്ല പഠനബോധനപ്രവർത്തനങ്ങൾക്കും ഗ്രന്ഥശാലകൾ ആവശ്യമാണ് .ഒരു സ്കൂൾ തലത്തിൽ മൂന്ന് തരത്തിലുള്ള ഗ്രന്ഥശാലകൾ വേണം .പൊതുഗ്രന്ഥശാല , ക്ലാസ് ഗ്രന്ഥശാല ,പ്രത്യേക വിഷയങ്ങളുടെ പുസ്തകങ്ങൾ ഉൾകൊള്ളുന്ന ഗ്രന്ഥശാല .

ഗ്രന്ഥാലയത്തിന്റെ ഉദ്ദേശ്യങ്ങൾ

- കുട്ടികളിൽ വായനാശീലം വളർത്തുക
- സാഹിത്യാസ്വാദനശേഷിയും സര്ഗാത്മകശേഷിയും വികസിപ്പിക്കുക
- കുട്ടികളുടെ ചിന്തയെ ഉദ്ധീപിപ്പിക്കുന്നതിനു

പ്രധാനപ്പെട്ട ഗ്രന്ഥാലയ വിഭവങ്ങൾ ----പുസ്തക വിഭവങ്ങൾ

# മാതൃഭാഷാബോധനത്തിലെ സാമൂഹ്യവിഭവങ്ങൾ (Community Resources)

സമൂഹവും സ്കൂളുമായി അഭേദ്യമായ ബന്ധമാണുള്ളത് . സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട് സ്കൂളിന് നിലനിൽപ്പില്ല . പുറ്റുപാടിൽ നിന്നും നമുക്കാവശ്യമായ ഒരുപാട് വിവരങ്ങൾ ലഭിക്കുന്നുണ്ട് .പഠനത്തെ സഹായിക്കുന്നതിനും താല്പര്യം വളർത്തുന്നതിനും സാമൂഹിക വിഭവങ്ങളുടെ ഉപയോഗം ആവശ്യമാണ് .

വിവിധതരം സാമൂഹ്യ വിഭവങ്ങൾ

- പഠനയാത്രകൾ
- സാഹിത്യകാരന്മാർ
- പ്രാദേശിക സമകാലീന സംഭവങ്ങൾ

# Unit 6

# Assessing the Learner

# ശോധകം

ഒരു വ്യവഹാരത്തെ അളക്കുന്നതിനുള്ള ശാസ്ത്രീയമായ ഒരുപകരണം അല്ലെങ്കിൽ ഉത്തരം കാണേണ്ട ഒരു കൂട്ടം ചോദ്യങ്ങൾ ആകുന്നു ശോധകം. സ്കൂളിനെ സംബന്ധിച്ച് പരീക്ഷയാണ് അത്.കുട്ടികളുടെ നിലവാരം അളക്കുന്നത്തിനുള്ള സൂചകം.

രണ്ട് പ്രധാന ശോധക വിഭാഗങ്ങളാണ് സിദ്ധിശോധകവും  നിദാന ശോധകവും.

സിദ്ധിശോധകം(Acheivement test)

സിദ്ധിശോധകങ്ങൾ സർവസാധാരണമായി ക്ലാസ്സ് മുറികളിൽ ഉപയോഗിച്ച് വരുന്ന ഒന്നാണ്. പഠിതാവിന്

ഒരു വിഷയത്തിൽ ഉള്ള കഴിവിനെ അളക്കുവാൻ ഉപയോഗിക്കുന്നത് കൊണ്ട് ഇത്തരം ശോധകത്തെ സിദ്ധിശോധകം എന്ന് വിളിക്കുന്നു. വിദ്യാഭ്യാസ മൂല്യനിർണയ പ്രക്രിയയിൽ സിദ്ധിശോധകങ്ങൾക്ക് ഒഴിച്ച് കൂടാനാവാത്ത പങ്കാണുള്ളത്. ഓരോ വിഷയത്തിൽ ഉള്ള സിദ്ധിശോധകത്തിനും പല ഘട്ടങ്ങളും ഉണ്ട്. അതിനെ മാനകീകരണം അഥവാ Standardisation എന്നു പറയും.

+ സിദ്ധിശോധക നിർമാണഘട്ടങ്ങൾ

1.ആസൂത്രണം

2.ഉദ്ദേശ്യങ്ങൾ, ഉള്ളടക്കം എന്നിവയുടെ തെരഞ്ഞെടുപ്പ്

3.ഉദ്ദേശ്യത്തിന്റെ ആപേക്ഷിക മൂല്യം

4.ഉള്ളടക്കത്തിന്റെ ആപേക്ഷിക മൂല്യം

5.ചോദ്യ മാതൃകകളുടെ ആപേക്ഷിക മൂല്യം

6.കാഠിന്യ നിലവാരത്തിന്റെ ആപേക്ഷിക മൂല്യം

7.ഓപ്ഷൻ വിവരങ്ങൾ

8.ചോദ്യ പേപ്പറിലെ വിവിധ വിഭാഗത്തിനെ കുറിച്ചുള്ള വിവരം

9.ബ്ലൂ പ്രിന്റ്

# നിദാന ശോധകം

കുട്ടികളുടെ പഠനത്തിലും ബോധനത്തിലുമുള്ള തകരാറുകൾ, പ്രശ്നങ്ങളും കണ്ടുപിടിച്ചു പരിഹരിക്കുന്നതിന് സഹായിക്കുന്ന ശോധകങ്ങളെ നിദാന ശോധകങ്ങൾ എന്ന് പറയുന്നു. പഠനതിനാവശ്യമായ മുന്നറിവുകളിലുള്ള തകരാറുകൾ കണ്ടു പിടിക്കാനും ഇതു പ്രയോഗിക്കുന്നു.

നിദാന ശോധകം --ഘട്ടങ്ങൾ

1.പ്രശ്നം ഉള്ള കുട്ടികൾ ആരെല്ലാമാണ്?

2.എവിടെയാണ് തെറ്റ് പറ്റിയത്?

3.എന്തുകൊണ്ട് ആണ് തെറ്റ് പറ്റിയത്?

4.എന്തെല്ലാം പരിഹാരങ്ങളാണ് നിർദ്ദേശിച്ചത്?

# പ്രവചന ശോധകങ്ങൾ

ഒരു പ്രത്യേക മേഖലയിൽ ഉള്ള കുട്ടിയുടെ ഭാവി പ്രകടനം പ്രവചിക്കുന്ന ശോധകങ്ങളാണ് പ്രവചന ശോധകങ്ങൾ. അവരവരുടെ അനുയോജ്യമായ വഴി തെരഞ്ഞെടുപ്പ് ഇത് സഹായിക്കുന്നു. ഇതിന്റെ മറ്റൊരു പേരാണ് അഭിരുചി പരീക്ഷ എന്നത്.

# ഭാഷാ നൈപണികളുടെ മൂല്യ നിർണയം

ഭാഷാ പാഠത്തിൽ ഏറ്റവും പ്രാധാന്യം ഭാഷാനൈപുണികളുടെ പഠനമാണ്. ഭാഷ ശുദ്ധമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുക എന്നതാണ് ഭാഷാപഠനത്തിന്റെ മുഖ്യ ഉദ്ദേശ എല്ലാ പഠനത്തിലും എന്നപോലെ ഭാഷാപഠനത്തിലും മൂല്യനിർണയം ആവശ്യമാണ്. ഭാഷയിലെ മൂല്യനിർണയം ഭാഷാനൈപുണികളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓരോ കുട്ടിയും നൈപുണികൾ വശത്താക്കുന്നതിൽ എത്രമാത്രം പ്രാപ്തരായെന്നാണ് നാം മനസിലാക്കേണ്ടത്. അവിടെയാണ ഭാഷാനൈപുണികളുടെ മൂല്യനിർണയത്തിന്റെ പ്രസക്തി.

# ശ്രദ്ധാനൈപുണിയുടെ മൂല്യനിർണയം

ആദ്യത്തേതും പ്രധാനമായതുമായ ഭാഷാനൈപുണി
യാണ് ശ്രദ്ധ. സ്വീകാരണ നൈപുണി ആയതു
കൊണ്ട്  അതിന്റെ മൂല്യനിർണയം
പ്രധാനമാണെന്ന് പറയാം. അവയുടെ മാർഗങ്ങൾ
താഴെ കൊടുക്കുന്നു.

1. കഥാ ശ്രവണം
2. ഖണ്ഡികകളുടെ അവതരണം
3. മിശ്രരീതി
4. സംവാദം ചർച്ച

ഭാഷാനൈപുണിയുടെ വിലയിരുത്തൽ

1.ഉത്തരം പറയിക്കൽ.
2.തൽക്ഷണ പ്രസംഗം

വായന നൈപുണി പരിശോധിക്കുന്നതിനുള്ള മാർഗങ്ങൾ

1.വാചക ചോദകം (കുട്ടികളെ കൊണ്ട് വാക്യങ്ങൾ ഉണ്ടാക്കി പറയിപ്പിക്കുന്നു )

2.ചിത്രചോദകം (ചിത്രം കാണിച്ചു കുട്ടികളെ വാചാലരാക്കുന്നു.

3.പൂരിപ്പിക്കൽ മാതൃക

4.വാക്യങ്ങൾ ഉണ്ടാക്കൽ.

ലേഖന നൈപുണി വിലയിരുത്തൽ മാതൃക

1.രചന നിർമാണം.

2.വിവർത്തനം

# പഠനപ്രവർത്തനങ്ങൾ വിലയിരുത്താനുള്ള മാനദണ്ഡങ്ങൾ

1.പ്രൊജക്റ്റ്

**. ആസൂത്രണം, ദത്തശേഖരണം**

. ഉചിതമായ പഠനരീതി നിശ്ചയിക്കുന്നതിനുള്ള കഴിവ്

. പ്രസക്തമായ വിവരശേഖരണം

.പര്യപ്തമായ  വിവരശേഖരണം
.അനുയോജ്യമായ ഉപകരണങ്ങൾ
വികസിപ്പിക്കൽ
*ശേഖരിച്ച  വിവരങ്ങൾ വേണ്ടവിധം
അപഗ്രഥിക്കാനുള്ള കഴിവ്.
*ഉചിതമായ  ഘടനയോടെയുള്ള റിപ്പോർട്ട്.
*ഉള്ളടക്കത്തെക്കുറിച്ചുള്ള ധാരണ.

## 2.**അസൈൻമെന്റ്**

- സമയബന്ധിതമായ  പ്രവർത്തനം
- ഉള്ളടക്കത്തിന്റെ സമഗ്രത /ധാരണ
- രചനാരീതി
- യോജിച്ചഘടന

## 3.**സെമിനാർ /സംവാദം**

- മതിയായ വിവരങ്ങൾ ശേഖരിക്കൽ

- ആശയക്രമീകരണവും, ഭാഷാപരമായ മികവും
- ആശയവിനിമയശേഷി
- അവതരണത്തിലെമികവ്
- വിഷയത്തെക്കുറിച്ചുള്ള ധാരണ

## വായനകുറിപ്പ് /രചനാ പുസ്തകം

- ഭാഷാപരമായ മേന്മ
- ശീർഷകത്തിന്റെ ഔചിത്യം /ഘടന

- **ഭാവന /സ്വന്തം നിരീക്ഷണങ്ങൾ**
- അവതരണശൈലി /ഉള്ളടക്കത്തിന്റെ സമഗ്രത
- തനിമയും സ്വാഭാവികതയും

## 2Mark Questions&Answer keywords

1.സിദ്ധിശോധകം , നിദാനശോധകം  ഇവ തമ്മിലുള്ള വ്യത്യാസം എന്തെല്ലാം ?

2.ശോധകം  എന്നാൽ  എന്ത്, നിർവചിക്കുക ?

# 4Mark short essays&value points

1.സിദ്ധിശോധകം എന്നാലെന്ത്?നിർമ്മാണഘട്ടങ്ങൾ വിവരിക്കുക.

2.താരതമ്യം ചെയ്യുക-സിദ്ധിശോധകം,നിദാനശോധ കം.

3. പഠനപ്രവർത്തനങ്ങൾ വിലയിരുത്താനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ?